www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 45 | 2017 NOV 18 | ₹10



# ഗോവധനിരോധനമെന്ന പ്രതീകം!

ഗോവധ നിരോധനവും അക്രമോത്സുക ഗോ സംരക്ഷണവും ഇന്ത്യൻ സമ്പദ് ഘടനയെയും ക്ഷീര കർഷകരെയും എത്രമാത്രം പ്രതികൂലമായി ബാധിക്കുന്നു എന്ന് തെളിവുകളുടെ വെളിച്ചത്തിൽ ഒരന്വേഷണം.

---

## ശാസ്ത്രം കുതിക്കുമ്പോൾ മനുഷ്യത്വം കിതയ്ക്കുന്നുവോ?

## മനുഷ്യമസ്തിഷ്കം എന്ന സൂപ്പർ കമ്പ്യൂട്ടർ! || രോഗിയെയല്ല, രോഗാണുക്കളെയാണ് നശിപ്പിക്കേണ്ടത്

## ക്വബ്റുകളുമായി ബന്ധപ്പെട്ട ഉറൂസുകൾ ശിർക്ക് തന്നെ

(മദീനയിലെ ഡോ. അഹ്മദ് റാശിദ് റുഹൈലിയുമായുള്ള അഭിമുഖം)

JNU New Delhi

جامعة الهند الإسلامية
JAMIA AL HIND AL ISLAMIYA

الإبداعات العربية في كيرلا: الماضي والحاضر

# ARABIC WRITINGS IN KERALA
## PAST AND PRESENT

# TWO DAY INTERNATIONAL SEMINAR

**Jamia Al Hind Al Islamiya**

IN COLLABORATION WITH
CENTRE OF ARABIC AND AFRICAN STUDIES, JNU, NEW DELHI

---

**9th & 10th December, 2017**

**Jamia Al Hind Al Islamia Campus, Mini Ootty, Malappuram, Kerala**

supported by

**MSM Kerala**

Call: 9562735295 | WhatsApp: 8129038430 | Email: jaiarabicseminar@gmail.com

**നേർപഥം**
വാരിക

0045 / 2017 നവംബർ 18 / 1439 സഫർ 29 / പുസ്തകം 01 / ലക്കം 45



# ഗോവധനിരോധനമെന്ന പ്രതീകം!

**അലി ചെമ്മാട് / 10**

**മുഖമൊഴി**
ശാസ്ത്രം കുതിക്കുമ്പോൾ... / 05
എഡിറ്റർ

**ലേഖനങ്ങൾ**
ആരാണ് ശിയാക്കൾ? / 06
അബ്ദുൽ ജബ്ബാർ മദീനി

മനുഷ്യമസ്തിഷ്കം എന്ന സൂപ്പർ കമ്പ്യൂട്ടർ! / 16
മുഹമ്മദ് അജ്മൽ. സി

**പാരന്റിംഗ്**
കുട്ടികളുടെ മാനസിക വളർച്ച / 15
അശ്റഫ് എകരൂൽ

**ബാലപഥം**
വഞ്ചന കാണിക്കുന്നവൻ യഥാർഥ മുസ്‌ലിമല്ല / 18
റാഷിദ ബിൻത് ഉസ്മാൻ

**കവിത**
പാഥേയം / 19
ലുബിന ഹനീഫ്, തിരൂരങ്ങാടി

**ചരിത്രപഥം**
അഗ്നിപരീക്ഷണത്തിൽ അടിപതറാതെ / 20
ഹുസൈൻ സലഫി, ഷാർജ

**ശാന്തിഗേഹം**
മദ്യപാനിയോടുള്ള സമീപനം / 25
പ്രൊഫ: ഹാരിസ്ബിൻ സലീം

**വിവർത്തനം**
അഹ്‌ലുസ്സുന്നയുടെ ഒറ്റപ്പെടൽ/ 26
പി.എൻ. അബ്ദുല്ലത്വീഫ് മദനി

**വിമർശനം**
മക്ബ്വറ വ്യവസായം സംരക്ഷിക്കപ്പെടണമെന്നോ? / 27
മൂസ സ്വലാഹി, കാര

**അഭിമുഖം**
ക്വബ്റുകളുമായി ബന്ധപ്പെട്ട ഉറൂസുകൾ ശിർക്ക് തന്നെ / 30
ഡോ. അഹ്മദ് റാശിദ് റുഹൈലി / താജുദ്ദീൻ സ്വലാഹി, നൗഫൽ മദീനി

**സമകാലികം**
രോഗിയെയല്ല, രോഗാണുക്കളെയാണ് നശിപ്പിക്കേണ്ടത് / 34
ടി.കെ.അശ്റഫ്

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Managing Editor: Nasir Balusseri | Editor: Usman Palakkazhi
Chief Editor: Anil Primrose | Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
mail@nerpatham.com | www.nerpatham.com | 0495 4019437

## വായനക്കാർ എഴുതുന്നു




### ബാലപഥം

ഞാൻ 'നേർപഥ'ത്തിന്റെ സ്ഥിരം വായനക്കാരിയാണ്. അന്ധ്രാപ്രദേശിലെ കാർണൂലിലാണ് ഇപ്പോൾ താമസം. 'നേർപഥം' ഒന്നിനൊന്ന് ഉഷാറാകുന്നുണ്ട്. പേര് പോലെ തന്നെ വിഭവങ്ങളും വളരെ ഉപകരപ്രദമാകുന്നുണ്ട്. ഇസ്‌ലാമിക വിഷയങ്ങളിലുള്ള ചർച്ചകൾക്കും ലേഖനങ്ങൾക്കുമൊപ്പം സമകാലിക വിഷയങ്ങൾ കൂടി ഉൾക്കൊള്ളിച്ച്, അവയിലുള്ള ഇസ്‌ലാമിന്റെ നിലപാട് വ്യക്തമാക്കുന്ന പഠനാർഹമായുള്ള ലേഖനങ്ങൾ കൂടിയുള്ളത് വളരെ ആശ്വാസം നൽകുന്നു. എന്റെ മക്കൾ മലയാളം വായിക്കാൻ പഠിച്ചത് ഇതിലെ 'ബാലപഥം' പംക്തിയിലൂടെയാണ് എന്നത് പറയാതിരിക്കാൻ വയ്യ. വളരെ നന്ദി. ഇനിയും കൂടുതൽ വിഭവങ്ങളുമായി മുന്നേറുവാൻ കഴിയട്ടെ എന്ന് പ്രാർഥിക്കുന്നു.

**-ലുബിന ഹനീഫ്, വലിയാട്ട്, ആന്ധ്രപ്രദേശ്**

### മലബാർ സമരത്തിന്റെ അകവും പുറവും

മലബാർ സമരത്തിന്റെ ചരിത്ര യാഥാർഥ്യങ്ങളിലേക്ക് വെളിച്ചം വീശുന്ന '1921ലെ മലബാർ സമരവും ചരിത്ര ദുർവ്യാഖ്യാനങ്ങളും' എന്ന സുഫ്‌യാൻ അബ്ദുസ്സലാമിന്റെ ലേഖനം ഏറെ ആകാംക്ഷയോടെയാണ് വായിച്ചു തീർത്തത്. തികച്ചും പഠനാർഹമായ ലേഖനം. മലബാറിൽ മാപ്പിളമാർ നൂറ്റാണ്ടുകളായി നടത്തി വന്നിരുന്ന പ്രതിഷേധങ്ങളും സമരങ്ങളും ജന്മിത്വത്തിനെതിരെയും ബ്രിട്ടീഷ് ആധിപത്യത്തിനെതിരെയുമായിരുന്നുവെന്ന വസ്തുത ചരിത്രത്തിന്റെ വെളിച്ചത്തിൽ ബോധ്യപ്പെടുത്തുന്നതിൽ ലേഖകൻ വിജയിച്ചിട്ടുണ്ട്.

'മലബാർ സമരത്തിൽ മാപ്പിളമാരോടൊപ്പം പോരാടി മരിച്ചവരിൽ ധാരാളം ഹിന്ദുക്കളുമുണ്ടായിരുന്നു. ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടും എം.പി നാരായണമേനോനും സമരത്തിന്റെ പേരിൽ ദീർഘകാലം ജയിൽശിക്ഷ അനുഭവിച്ചവരാണ്. സമരത്തിന് ശേഷം പിടിക്കപ്പെട്ടവരെ കോയമ്പത്തൂർ ജയിലിലേക്ക് കൊണ്ടുപോയത് ഗുഡ്സ് വാഗണിലായിരുന്നു. വണ്ടി പോത്തന്നൂർ എത്തിയപ്പോഴേക്കും 64 പേർ ശ്വാസം മുട്ടി പരസ്പരം മാന്തിയും മുറിവേൽപിച്ചും മരണപ്പെട്ടിരുന്നു. മരണപ്പെട്ടവരിലും ഹിന്ദുക്കളുണ്ടായിരുന്നു. ഹൈന്ദവ മുസ്‌ലിം മൈത്രിയിലൂടെ ബ്രിട്ടീഷുകാർക്കെതിരെയും ജന്മിത്വത്തിനെതിരെയും നടന്ന പോരാട്ടമായിട്ടാണ് മലബാർ സമരത്തെ കാണാൻ ശ്രമിക്കേണ്ടത്. സമരം കലാപത്തിന്റെ മാർഗത്തിലേക്ക് വഴിമാറിയിരുന്നെങ്കിൽ അതിനുള്ള കാരണം സമരത്തിൽ പങ്കെടുത്ത നേതാക്കളോ മാപ്പിളമാരോ ഹിന്ദുക്കളോ ആയിരുന്നില്ല. സമരത്തിന്റെ പേരിൽ നടന്ന അരുതായ്മകളെ മതജാതി ചിന്തകൾക്കതീതമായി സർവരും അപലപിച്ചിട്ടുണ്ട്.' ഈ വരികളിലെ വസ്തുതകൾക്കു നേരെ കണ്ണടച്ചുകൊണ്ടല്ലാതെ ആർക്കും മലബാർ സമരത്തെ വർഗീയ കലാപമായി ചിത്രീകരിക്കുവാൻ കഴിയില്ലെന്ന് ഉറപ്പ്.

ചരിത്ര സത്യങ്ങളെ തിരുത്തിയെഴുതിയും വക്രീകരിച്ചും കോട്ടിമാട്ടിയും വികലമാക്കി അവതരിപ്പിക്കുന്നതിൽ ഗവേഷണം നടക്കുന്ന കാലഘട്ടമാണിത്. ചരിത്ര സ്മാരകങ്ങളും ചരിത്ര പുരുഷന്മാരും ആരാധനാലയങ്ങളുമടക്കം പലതിനെയും 'ചരിത്രപോലീസ്' ചമഞ്ഞ് സംശയത്തോടെ വീക്ഷിക്കുകയും പറ്റുമെങ്കിൽ മൂർധാവിൽ തല്ലാൻ തക്കം പാർത്തിരിക്കുകയും ചെയ്യുന്ന കോമാളി വേഷക്കാർ എമ്പാടും വിഹരിക്കുന്നുണ്ട് നാട്ടിൽ. ഈ സന്ദർഭത്തിൽ ഏറെ വികലമാക്കപ്പെട്ട മലബാർ സമരത്തെ സത്യസന്ധമായി അവതരിപ്പിക്കുവാൻ തുനിഞ്ഞ ലേഖകനെയും 'നേർപഥ'ത്തെയും അഭിനന്ദിക്കാതിരിക്കാൻ വയ്യ.

**-അജ്മൽ മുബാറക്, പുതിയങ്ങാടി**

### നേർപഥം വ്യത്യസ്തമാകുന്നത്...

ഒട്ടേറെ ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളുള്ള ഒരു സംസ്ഥാനമാണ് നമ്മുടെ കേരളം. അവയിൽ 'നേർപഥ'ത്തെ വ്യതിരിക്തമാക്കുന്ന പല ഘടകങ്ങളുമുണ്ട്. എടുത്തു പറയത്തക്ക ഒന്നാണ് പണ്ഡിതന്മാരുടെയും നേതാക്കന്മാരുടെയും മറ്റും ഫോട്ടോകൾ കൊടുക്കാതിരിക്കുന്നു എന്നത്. ഒരേ പണ്ഡിതന്റെ, അല്ലെങ്കിൽ നേതാവിന്റെ തന്നെ ഒന്നിലധികം പടങ്ങൾ നൽകി പല പ്രസിദ്ധീകരണങ്ങളും അരോചകമുളവാക്കുമ്പോൾ 'നേർപഥം' വ്യക്തികൾക്ക് പ്രാമുഖ്യം നൽകാതെ ആദർശത്തിന് പ്രാധാന്യം നൽകുന്നു. അഭിനന്ദനങ്ങൾ.

**-അബൂഅൽതാഫ്, പാലക്കാട്**

മുഖമൊഴി

# ശാസ്ത്രം കുതിക്കുമ്പോൾ മനുഷ്യത്വം കിതയ്ക്കുന്നുവോ?

**കാ**ലം മുന്നോട്ട് പോകുന്തോറും മനുഷ്യൻ ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ വൻ കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ കുതിപ്പിനിടയിൽ മാനവികതയുടെ കാര്യത്തിൽ മനുഷ്യർ കിതയ്ക്കുകയാണെന്നത് അനുഭവ യാഥാർഥ്യമാണ്. പല രാഷ്ട്രങ്ങൾ തമ്മിലും നിരന്തരം അതിർത്തി തർക്കങ്ങളിലാണ്. പലതും പരസ്പരം ആണവായുധം കാട്ടി ഭീഷണിപ്പെടുത്തുന്നു. അധിനിവേശത്തിന് പഴുതുകൾ തേടിക്കൊണ്ടിരിക്കുന്നു. ഉപരോധങ്ങൾ ഏർപെടുത്തുന്നു...

ഇന്ത്യയിലേക്ക് വരിക. ഇന്ത്യക്ക് മത സഹിഷ്ണുതയുടെ ഉജ്വലമായ പാരമ്പര്യം പറയുവാനുണ്ട്. എന്നാൽ ആ പാരമ്പര്യത്തിന്റെ പിന്തുടർച്ച അനുദിനം ദുർബലമായിക്കൊണ്ടിരിക്കുകയാണ്. ഇവിടെ സ്വന്തം മതത്തിൽ അടിയുറച്ച് നിന്നിരുന്ന വ്യത്യസ്ത മതവിശ്വാസികൾ കഴിഞ്ഞിരുന്നത് പരസ്പര സ്നേഹത്തോടെയും ബഹുമാനത്തോടെയുമായിരുന്നു. എന്നാൽ ആ അവസ്ഥയിൽ ഭീമമായ മാറ്റം സംഭവിച്ചിട്ടുണ്ട്. മാറ്റം ഉണ്ടാക്കുവാൻ ചില ശക്തികൾ ആത്മാർഥമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നത് കാണാതിരിക്കുവാനാവില്ല.

1893 സെപ്റ്റംബർ 13ന് ചിക്കാഗോയിൽ വെച്ചു നടന്ന ലോകമത മഹാസമ്മേളനത്തിൽ വെച്ച് സ്വാമി വിവേകാനന്ദൻ നടത്തിയ പ്രസംഗത്തിൽ അക്കാലത്ത് ലോകത്ത് നിലനിൽക്കുന്ന മതസ്പർധയുടെ ആഴം വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു:

"വിഭാഗീയ സ്പർധയും അതിന്റെ ഭീകര സന്തതിയായ മതഭ്രാന്തും ഏറെക്കാലമായി ഈ മനോഹരമായ ഭൂമിയെ ദുർഭൂതമായി ആവേശിച്ചിരിക്കുന്നു. അത് അക്രമം അഴിച്ചുവിടുകയും മനുഷ്യരക്തം കൊണ്ട് ഈ മണ്ണിനെ മലിനമാക്കുകയും സംസ്കാരകേദാരങ്ങളെ നശിപ്പിക്കുകയും ഏല്ലാ രാഷ്ട്രങ്ങളെയും നൈരാശ്യത്തിലാഴ്ത്തുകയും ചെയ്തിരിക്കുന്നു. പക്ഷേ, അതിന്റെ അന്ത്യം അടുത്തിരിക്കുന്നു. വിവിധ മതപ്രതിനിധികളുടെ ബഹുമാനാർഥം ഇവിടെ ഈ പാർലമെന്റിൽ ഇന്ന് പ്രഭാതത്തിൽ മുഴക്കിയ മണിനാദം മതഭ്രാന്തിന്റെ മരണമണിയുടെ മുഴക്കമാണ് (കരഘോഷം). എതിരഭിപ്രായങ്ങളുടെ നേരെ വാളോങ്ങുന്ന സമ്പ്രദായത്തിന്റെ മരണമണിയാണത്" (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2000 ഡിസംബർ 10).

അദ്ദേഹം പ്രതീക്ഷിച്ചതുപോലെ മതഭ്രാന്തിന്റെ മരണമണിയായി മാറിയില്ല അത്. മതങ്ങൾ വാസ്തവത്തിൽ മതഭ്രാന്തരാകുവാൻ പ്രേരിപ്പിക്കുന്നില്ല. എന്നാൽ മതങ്ങളെ അധികാരത്തിലേക്കുള്ള ചവിട്ടുപടിയായി കാണുന്നവരാണ് മതത്തെ വിദ്വേഷം പടർത്തുവാനുള്ള ആയുധമാക്കുന്നതും വിവേകശൂന്യരെ സൃഷ്ടിച്ച് തെരുവിലിറക്കി ചോരക്കളി കളിക്കുന്നതും.

ഇതര മതസ്ഥരെ സംശയത്തോടെയും ഭയപ്പാടോടെയും കാണുന്ന സ്ഥിതിവിശേഷം ഒരു ബഹുമത സമൂഹത്തിൽ സൃഷ്ടിക്കുന്ന അപകടത്തിന്റെ ആഴം ചെറുതല്ല. ഭയപ്പാട് വളർത്തി സാമുദായിക ധ്രുവീകരണത്തിന് ആക്കംകൂട്ടുന്ന പ്രവണതയാണ് നാമിന്ന് കാണ്ടുകൊണ്ടിരിക്കുന്നത്. ഈ ഇരുട്ടിന്റെ ശക്തികളെ ചങ്ങലയ്ക്കിടുവാൻ സാധിച്ചില്ലെങ്കിൽ നമ്മുടെ നാട് അതിവേഗം നാശത്തിലേക്ക് കൂപ്പ്കുത്തുമെന്നതിൽ സംശയമില്ല.

ഓരോ മതത്തിനും അത് പഠിപ്പിക്കുന്ന ജീവിത രീതികളും നിയമങ്ങളുമുണ്ട്. അതാത് മതത്തിന്റെയാളുകൾ ആ നിയമങ്ങളുനുസരിച്ച് ജീവിക്കുവാൻ തയ്യാറാവുകയാണെങ്കിൽ പരസ്പരം വിദ്വേഷം വെച്ചുപുലർത്തുവാനാകില്ല. അങ്ങനെ ജീവിക്കുന്ന വ്യക്തികളിൽ വിട്ടുവീഴ്ചാ മനോഭാവം കാണുമെന്നതിൽ സംശമില്ല. വിട്ടുവീഴ്ചാ മനോഭാവമുള്ള ചുറ്റുപാടിലേ സമാധാനം നിലനിൽക്കുകയുള്ളൂ.

നന്മയും തിന്മയും ഒരിക്കലും സമമാവുകയില്ല. നന്മ നിറഞ്ഞ മനസ്സിനേ എല്ലാവരെയും സ്നേഹിക്കുവാനും ആരെയും സഹായിക്കുവാനും കഴിയുകയുള്ളൂ.

ക്വുർആൻ പറയുന്നു: "ഏറ്റവും നല്ലതേതോ അതുകൊണ്ട് നീ തിന്മയെ തടുത്തു കൊള്ളുക..."(23:96). "നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു" (41:34).

നാം നന്മയുടെ ഫലം കായ്ക്കുന്ന മരങ്ങളാവുക. തിന്മകൾ ലോകത്തിനെന്നല്ല സ്വന്തത്തിന് പോലും നഷ്ടമേ വരുത്തിവെക്കൂ എന്ന് തിരിച്ചറിയുക.

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം



# ആരാണ് ശിയാക്കൾ?

**വി**വിധ പേരുകളുള്ള ഒരു കക്ഷിയാണ് ശിയാക്കൾ. ആ പേരുകളും അങ്ങനെ പേരുവരാനുള്ള കാരണങ്ങളും കാണുക:

**റാഫിദ്വഃ**

അബൂബക്ർ﷜, ഉമർ﷜, ഉഥ്മാൻ﷜ എന്നിവരുടെ ഖിലാഫത്തിനെ (നബിﷺയുടെ വിയോഗാനന്തരുമള്ള മുസ്‌ലിം നേതൃത്വത്തെ) തിരസ്‌കരിക്കുകയും സ്വഹാബികളെ ശകാരിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നതിനാൽ റാഫിദ്വികൾ (തിരസ്‌കരിക്കുന്നവർ) എന്ന് വിളിക്കപ്പെടുന്നു.

**ശീഅത്ത്**

ഇമാമത്തിനു(തിരുവിയോഗാനന്തരുമള്ള നേതൃത്വത്തെ) അർഹത അലിയ്യി﷜ന് മാത്രമാണെന്നും ശേഷം ഇമാമത്ത് അദ്ദേഹത്തിന്റെ സന്താനങ്ങളല്ലാത്ത മറ്റൊരാൾക്കുമില്ലെന്നും വാദിച്ചുകൊണ്ട് അലിയ്യി﷜നോട് കക്ഷിത്വം പുലർത്തുന്നതിനാൽ(ശീഅത്തുഅലി) അഥവാ ശിയാക്കൾ (ശീഇകൾ) എന്ന് അവർ എന്ന് വിളിക്കപ്പെടുന്നു.

**ഇഥ്നാ അശരിയ്യഃ**

പന്ത്രണ്ട് ഇമാമുമാരുടെ ഇമാമത്തിലും പന്ത്രണ്ടാമത്തെ ഇമാം മുഹമ്മദുൽ അസ്‌കരി ഇറാകിലെ സാമുർറായിൽ ഒരു ഗുഹയിൽ പ്രവേശിച്ചിരിക്കുകയാണെന്നതിലും വിശ്വസിക്കുന്നതിനാൽ അവർ ഇഥ്നാഅശരികളെന്ന് വിളിക്കപ്പെടുന്നു.

**ഇമാമിയ്യഃ**

തങ്ങളുടെ മുഖ്യ അജണ്ടയും ഇസ്‌ലാം കാര്യങ്ങളിൽ അഞ്ചാമത്തെ സ്തംഭവും ഇമാമത്താണെന്ന് വാദിച്ചതിനാൽ ഇമാമിയ്യഃ എന്ന് വളിക്കപ്പെടുന്നു.

**ജഅ്ഫരിയ്യഃ**

തങ്ങളുടെ ആറാമത്തെ ഇമാമായ ജഅ്ഫർസ്വാദികിലേക്ക് ചേർത്തുകൊണ്ട് ജഅ്ഫരിയ്യഃ എന്നവർ വിളിക്കപ്പെടുന്നു.

**ക്വത്വീഅഃ**

ഇമാം ജഅ്ഫർ സ്വാദികിന്റെ മകൻ മൂസൽ കാളിം മരണപ്പെട്ടിരിക്കുന്നു എന്നത് ഖണ്ഡിതമായി പ്രഖ്യാപിക്കുന്നതിനാൽ ക്വത്വീഅത് എന്ന് അവർ വിളിക്കപ്പെടുന്നു. മൂസൽകാളിമിന്റെ മരണശേഷം ഇമാമത്ത് മകൻ അലിയ്യുരിദ്വാക്ക് ആണെന്ന് ഈ വിഭാഗം വാദിക്കുന്നു. മൂസൽകാളിമിന്റ മരണവിവരം സ്ഥിരീകരിക്കാത്തവരെ മംത്വൂറഃ എന്നും അദ്ദേഹം അദൃശ്യനായതാണ്, പിന്നീട് പ്രത്യക്ഷപ്പെടുമെന്ന് വിശ്വസിക്കുന്നവരെ വാക്വിഫഃ എന്നും വിളിക്കപ്പെടുന്നു.

**ശിയാ ഇമാമുമാർ**

അലിയ്യ്, ഹസൻ, ഹുസയ്ൻ, ഹുസയ്നിന്റെ സന്താനപരമ്പരയിലെ ഒമ്പതു പേർ, പന്ത്രണ്ടാമത്തെ ഇമാം എന്നിവരുടെ പേരു വിവരങ്ങൾ ചുവടെ നൽകുന്നു. തിരുനബിﷺയുടെ വിയോഗാനന്തരം ഈ പന്ത്രണ്ട് പേരാണ് ഖിലാഫത്തിന്ന് അർഹരെന്നും പന്ത്രണ്ടാമത്തെ ഇമാം മുഹമ്മദുൽഅസ്കരി ഇറാക്വിലുള്ള സാമുർറയിലെ ഗുഹയിൽ പ്രവേശിച്ചിരിക്കുകയാണെന്നും ശിയാക്കൾ വിശ്വസിക്കുന്നു. യഥാർഥത്തിൽ പന്ത്രണ്ടാമതായി എണ്ണപ്പെടുന്ന മുഹമ്മദുൽ അസ്കരി എന്ന ഒരാൾ ജീവിച്ചിരുന്നതിനു തന്നെ യാതൊരു രേഖയുമില്ല. പ്രസ്തുത വ്യക്തിയെ കുറിച്ചുള്ള ശിയാ വിവരണങ്ങളും വസ്തുതകളും വഴിയെ വരുന്നുണ്ട്.

| | പേര് | വിളിപ്പേര് | സ്ഥാനപ്പേര് |
|---|---|---|---|
| 1 | അലിയ്യിബ്നു അബീ ത്വാലിബ് | അബുൽഹസൻ | അൽമുർതളാ |
| 2 | ഹസനുബ്നുഅലിയ്യ് | അബൂമുഹമ്മദ് | മുജ്തബാ/സകിയ്യ് |
| 3 | ഹുസയ്നുബ്നു അലിയ്യ് | അബൂഅബ്ദില്ല | അശ്ശഹീദ് |
| 4 | അലിയ്യിബ്നുൽ ഹുസയ്നുബ്നുഅലിയ്യ് | അബൂമുഹമ്മദ് | സെയ്നുൽ ആബിദീൻ/സജ്ജാദ് |
| 5 | മുഹമ്മദ്ബ്നു അലിയ്യ്ബ്നുഹുസയ്ൻ | അബൂജഅ്ഫർ | അൽബാകിർ |
| 6 | ജഅ്ഫറുബ്നു മുഹമ്മദ്ബ്നുഅലിയ്യ് | അബൂഅബ്ദില്ല | അസ്സ്വാദിക് |
| 7 | മൂസബ്നുജഅ്ഫറ്ബ്നു മുഹമ്മദ് | അബൂഇബ്റാഹീം | അൽകാളിം |
| 8 | അലിയ്യിബ്നു മൂസബ്നു ജഅ്ഫർ | അബുൽഹസൻ | അർരിദ്വാ |
| 9 | മുഹമ്മദ്ബ്നുഅലിയ്യ്ബ്നുമൂസാ | അബൂജഅ്ഫർ | അത്തകിയ്യ്/അൽജവ്വാദ് |
| 10 | അലിയ്യിബ്നു മുഹമ്മദ്ബ്നുഅലിയ്യ് | അബുൽഹസൻ | അന്നക്വിയ്യ്/അൽഹാദി |
| 11 | അൽഹസൻ ബ്നുഅലിയ്യ്ബ്നു മുഹമ്മദ് | അബൂമുഹമ്മദ് | അസ്സകിയ്യ്/അൽഅസ്കരി |
| 12 | മുഹമ്മദ് ബ്നുഹസൻ അൽഅസ്കരി | അബുൽക്വാസിം | അൽമഹ്ദി/ഹുജ്ജതുൽക്വാഇമുൽ |

ഈ ഇമാമുമാരിലുള്ള ശിയാക്കളുടെ പല വിശ്വാസങ്ങളും തീർത്തും തീവ്രവും ഏറെ വികലവും അനിസ്ലാമികവുമാണ്. പ്രസ്തുത വൈകല്യങ്ങൾ ഒരു അധ്യായമായി പിന്നീട് വിവരിക്കുന്നുണ്ട്.

**ശിയാക്കൾ: അലിയ്യി‍ﷺന്റെ ഖിലാഫത്തിൽ**

ശിയാഇസത്തിന്റെ തുടക്കനാളുകളിൽ അഥവാ അലിയ്യിؓന്റെ ഭരണനാളുകളിൽ ശിയാക്കൾ മൂന്ന് തരക്കാരായിരുന്നു.

ഒന്ന്: അൽമുഫദ്ദിലഃ. അബൂബക്റിؓനെക്കാളും ഉമറിؓനെക്കാളും അലിയ്യിؓന് പ്രാമുഖ്യവും ശ്രേഷ്ഠതയും കൽപിക്കുന്നവർ. അലിയ്യ്ؓ ഇവരെ എതിർത്തിരുന്നു. അല്ലാഹുവിന്റെ റസൂലിﷺനുശേഷം ഈ സമുദായത്തിൽ ഏറ്റവും ശ്രേഷ്ഠർ അബൂബക്റുംؓ ഉമറുംؓ ആണെന്ന് അദ്ദേഹം പ്രഖ്യാപിക്കുമായിരുന്നു. അദ്ദേഹത്തിന്റെ പ്രഖ്യാപനം നോക്കൂ:

"ആരും എന്നെ അബൂബക്ർؓവിനെക്കാളും ഉമർؓവിനെക്കാളും ശ്രേഷ്ഠപ്പെടുത്തരുത്. അങ്ങനെ ചെയ്യുന്നവരുടെ മേൽ ഞാൻ അപവാദം പറയുന്നവരുടെമേൽ നടപ്പാക്കുന്ന ശിക്ഷ (എൺപത് അടി) നടപ്പാക്കുകതന്നെ ചെയ്യും.[1]

രണ്ട്: അസ്സബ്ബാബഃ. അബൂബക്ർؓവിനെക്കാളും ഉമർؓവിനെക്കാളും അലിയ്യിؓന് പ്രാമുഖ്യം കൽപിക്കുന്നതിൽ അതിരുവിടുകയും അബൂബക്ർؓവിനെയും ഉമർؓവിനെയും ചീത്തവിളിക്കുകയും ചെയ്യുന്നവർ.

കേവലം ശ്രേഷ്ഠപ്പെടുത്തി സംസാരിക്കുന്നതിൽ ചീത്തവിളിയോ മോശപ്പെടുത്തലോ ഇല്ലെന്നിരിക്കെ അബൂബക്റിനെക്കാൾ തന്നെ ശ്രേഷ്ഠപ്പെടുത്തുന്ന ആളുകളിൽ അപവാദപ്രചാരണം നടത്തുന്നവർക്കുള്ള ശിക്ഷ നടപ്പിലാക്കുമെന്ന അലിയ്യിؓന്റെ പ്രഖ്യാപനം നാം വായിച്ചുവല്ലോ. അപ്പോൾ അബൂബക്ർؓവിനെയും ഉമർؓവിനെയും ചീത്തവിളിക്കുന്നതിനും ഇകഴ്ത്തി സംസാരിക്കുന്നതിനും ശപിക്കുന്നതിനുമൊക്കെയുള്ള അലിയ്യിؓന്റെ ശിക്ഷ ഇതിനെക്കാൾ കഠിനമാണെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ.

മൂന്ന്: അൽഗുലാത്: അലിയ്യിؓനെ ഇലാഹാക്കുന്നവർ. അഥവാ അലിയ്യ്ؓ ഇലാഹാണെന്ന് വിശ്വസിക്കുകയോ അല്ലെങ്കിൽ ഇലാഹ് അലിയ്യിൽ അവതരിച്ചിട്ടുണ്ടെന്ന് വിശ്വസിക്കുകയോ ചെയ്യുന്നവർ. അവരത്രെ കപടന്മാർ. ഉപരിപ്ലവമായി ഇസ്ലാം കൊണ്ടുനടക്കുകയും കുഫ്ർ ഉള്ളിൽ പേറി നടക്കുകയും ചെയ്യുന്നതിനാലാണ് അവർക്ക് ഈ നാമകരണം.

**ഇമാമത്ത്**

ശിയാക്കളുടെ ഏറ്റവും പ്രധാനമായ സാങ്കേതിക ശബ്ദങ്ങളിലൊന്നാണ് ഇമാമത്ത്. മുൻ ഇമാം (ഭരണാധികാരി) തന്നെ തുടർന്നുവരേണ്ട ഇമാമിനെ വ്യക്തമായി നിർണയിക്കൽ നിർബന്ധമാണെന്നതാണ് അതിന്റെ തേട്ടം. തന്നെ തുടർന്നുവരേണ്ട ഇമാമിന്റെ വിശേഷണങ്ങൾ മാത്രം നബിﷺ നൽകിയാൽ മതിയാകില്ല. ആളുകൾ അഭിപ്രായ വ്യത്യാസത്തിലാകുംവിധം നബിﷺ അവരെ അവഗണിച്ച് വിട്ടേച്ചുപോകലും അനുവദനീയമല്ല. ആളുകൾക്ക് ആശ്രയമാകും വിധം ഒരാളെ നിർണയിക്കൽ നബിﷺയുടെ മേൽ നിർബന്ധമാണ്. ഇത്തരം ആശയങ്ങളാണ് ഇമാമത്തെന്ന ശബ്ദത്തിലൂടെ അവർ ഉന്നയിക്കുന്നത്.

തന്റെ മരണത്തിനുമുമ്പ് അലിയ്യിؓനെ നബിﷺ തന്റെ കാലശേഷമുള്ള ഖലീഫയായി തീരുമാനിച്ച് പ്രഖ്യാപിച്ചിട്ടുണ്ടെന്നും അതിനാൽ തിരുവിയോഗ ശേഷം ഖലീഫമാരായ അബൂബക്ർؓവും ഉമർؓവും ഉഥ്മാൻؓവും ഭരണം നടത്തിയത് നബിﷺയുടെ തീരുമാനത്തെയും നിർണയത്തെയും മറികടന്നും ഖിലാഫത്ത് കവർന്നെടുത്തുമാണെന്നും ശിയാക്കൾ വിശ്വസിക്കുന്നു.

മരണത്തിനുമുമ്പു തന്നെ തിരുനബിﷺ അലിയ്യിؓനെ തന്റെ കാലശേഷമുള്ള ഖലീഫയായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന ശിയാ വാദം തീർത്തും ശരിയല്ല. അവർ പ്രസ്തുത വാദത്തിനു കൂട്ടുപിടിക്കുന്ന നിവേദനങ്ങൾ വ്യാജനിർമിതങ്ങളോ ദുർബലമോ ആണ്. എന്നാൽ ശേഷം വരേണ്ട ഖലീഫ അബൂബക്റാണെന്നതിന്റെ വ്യക്തമായ സൂചനകൾ ധാരാളം ഹദീഥുകളിൽ കാണുവാൻ സാധിക്കും. ചിലത് ഇവിടെ നൽകാം:

ജുബൈയ്ർ ഇബ്നു മുത്ഇംؓ പറയുന്നു: "ഒരു മഹതി നബിﷺയുടെ അടുക്കൽ വന്നു. അപ്പോൾ അവരോട് തന്റെ അടുക്കലേക്കു മടങ്ങി വരുവാൻ അവിടുന്ന് കൽപിച്ചു. അവർ പറഞ്ഞു: 'ഞാൻ വരികയും താങ്കളെ കാണുകയും ചെയ്തില്ല എങ്കിൽ?' തിരുമേനിﷺയുടെ മരണത്തെക്കുറിച്ച് അവർ പറ യുന്നതു പോലുണ്ട്. അവിടുന്ന് പറഞ്ഞു: 'നിങ്ങൾ എന്നെ കണ്ടില്ലായെങ്കിൽ അബൂബക്റിന്റെ അടുക്കൽ ചെല്ലുക.''

ഇമാം ശാഫിഈ പറഞ്ഞു: 'തിരുദൂതരുടെ വിയോഗശേഷം അബൂബക്റാണ് ഖലീഫ എന്നതിന് ഈ ഹദീഥിൽ തെളിവുണ്ട്.'

മറ്റൊരു സംഭവം ഇപ്രകാരമുണ്ട്. അനസ്ؓ പറയുന്നു: "ബനുൽമുസ്ത്വലക് ഗോത്രം തിരുദൂതരുടെ അടുക്കലേക്ക് എന്നെ അയച്ചു. അവർ പറഞ്ഞു: 'തിരുദൂതരുടെ കാലശേഷം ഞങ്ങൾ ആർക്കാണ് സ്വദക്വഃ നൽകേണ്ടതെന്ന് നിങ്ങൾ ഞങ്ങൾക്കു വേണ്ടി അല്ലാഹുവിന്റെ ദൂതരോട് ചോദിക്കണം.' അനസ്ؓ പറയുന്നു: 'ഞാൻ നബിﷺയുടെ അടുക്കലെത്തി അത് ചോദിച്ചു. അവിടുന്ന് പറഞ്ഞു: 'അബൂബക്റിന് നൽകണം.' ഞാൻ അവരുടെ അടുക്കൽ ചെന്ന് അവരോട് വിവരം പറഞ്ഞു.''



ഇതുപോലെ അബൂബക്ർؓവിന്റെ ഖിലാഫത്തിലേക്ക് വ്യക്തമായ സൂചന നൽകുന്ന ഹദീഥുകൾ വേറേയും കാണുവാൻ സാധിക്കും.

അബൂബക്ർؓ തെരഞ്ഞെടുക്കപ്പെട്ടതിന്റെ പേരിൽ ഇസ്‌ലാമിന്റെ ഖലീഫഃയോട് അടങ്ങാത്ത പക കൊണ്ടുനടക്കുന്നവരാണ് ശിയാക്കൾ. എന്നാൽ അലിയ്യ്ؓ ആകട്ടെ അബൂബക്റിؓനോട് അമർഷമോ ഈർഷ്യതയോ കൊണ്ടുനടക്കുന്നവനായിരുന്നില്ല. തിരുവിയോഗശേഷം ഖലീഫയെ തെരഞ്ഞെടുത്ത വിഷയത്തിൽ അലിയ്യിؓനും മറ്റും അൽപം അമർഷമുണ്ടായിരുന്നു. അതിന്റെ കാരണവും വസ്തുതയും സുബൈയ്ർ ഇബ്നുഅവ്വാമുംؓ അലിയ്യുംؓ വിശദീകരിച്ചത് ഇപ്രകാരമാണ്.

അബ്ദുർറഹ്മാൻ ഇബ്നു ഔഫ്ؓ പറയുന്നു: "കൂടിയാലോചനയിൽ ഞങ്ങളെ പരിഗണിച്ചില്ലെന്നതിൽ മാത്രമാണ് ഞങ്ങൾക്ക് അമർഷമുണ്ടായത്. തിരുവിയോഗത്തിനു ശേഷം അബൂബക്റാണ്

ഖിലാഫത്തിന് ഏറ്റവും യോഗ്യൻ എന്നാണ് ഞങ്ങൾ അഭിപ്രായപ്പെടുന്നത്; കാരണം അദ്ദേഹമാണ് സ്വാഹിബുൽഗാർ (ഥൗർ ഗുഹയിലെ നബി സ)യുടെ സഹചാരി). അദ്ദേഹത്തിന്റെ സ്ഥാനവും പ്രായവും മാനിക്കുന്നവരാണ് ഞങ്ങൾ. അല്ലാഹുവിന്റെ ദൂതർﷺ ജീവിച്ചിരിക്കെ ജനങ്ങൾക്ക് നമസ്കാരത്തിനു നേതൃത്വം നൽകുവാൻ അദ്ദേഹത്തോടാണ് അവിടുന്ന് കൽപിച്ചത്.”[2]

ഇവിടെ സുബെയർؓവിനും അലിയ്യിؓനും അമർഷമുണ്ടായത് ഖലീഫയെ തെരഞ്ഞെടുത്തതിലല്ല. പ്രത്യുത ഖലീഫഃയെ തെരഞ്ഞെടുക്കുവാനുള്ള കൂടിയാലോചന നടന്നത് അവരുടെ അസാന്നിധ്യത്തിലായി എന്നതിലാണ്. ഇതേ അമർഷം മുഹാജിറുകൾക്കും ഉണ്ടായിട്ടുണ്ട്. അത് ന്യായമാണു താനും. എന്തു കൊണ്ടെന്നാൽ അവരുടെയെല്ലാം സാന്നിധ്യം അനിവാര്യമായ ഒരു സന്ദർഭമാണെല്ലോ അത്.

എന്നാൽ അബൂബക്ർؓവും ഉമർؓവും അബൂ ഉബയ്ദؓവും ഈ വിഷയത്തിൽ നിരപരാധികളാണ്. കാരണം നബിﷺയുടെ വഫാത്തിനെ തുടർന്ന് ഖലീഫഃയെ തെരഞ്ഞെടുക്കുവാൻ അൻസ്വാരികൾ ബനൂസാഇദഃയിൽ ഒരുമിച്ചുകൂടിയപ്പോൾ അബൂബക്റും ഉമറും തിരുമേനിﷺയുടെ വീട്ടിലായിരുന്നു. അവർ അത് അറിഞ്ഞിരുന്നില്ല. ഒരു വ്യക്തി വന്ന് വിഷയത്തിന്റെ ഗൗരവം ഉണർത്തിയപ്പോൾ അതിൽ ഇടപടേണ്ടതിന്റെ അനിവാര്യത പരിഗണിച്ചാണ് അവർ മൂവരും ബനൂസാഇദയിൽ എത്തിയത്. അൻസ്വാരികളാവട്ടെ തങ്ങളിൽനിന്ന് ഒരു ഖലീഫഃയെ തെരഞ്ഞെടുക്കുവാൻ സജ്ജരായിരുന്നു. ആ സമയം എല്ലാവർക്കും സുസമ്മതനായ അബൂബക്ർؓ തെരഞ്ഞെടുക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ, അല്ലെങ്കിൽ അൻസ്വാരികളിൽ ഒരാളാണ് തെരഞ്ഞെടുക്കപ്പെട്ടിരുന്നതെങ്കിൽ വലിയ കുഴപ്പങ്ങളും പ്രശ്നങ്ങളും വിശിഷ്യാ മദീനഃയിൽ തലപൊക്കുമായിരുന്നു. തീർത്തും അവിചാരിതമായ ഒരു തെരഞ്ഞെടുപ്പാണ് നടന്നത്. എന്നാൽ അവിടെവെച്ച് അബൂബക്ർؓ പെട്ടെന്ന് തെരഞ്ഞെടുക്കപ്പെട്ടത് വലിയ അനുഗ്രഹമായി ഭവിക്കുകയാണുണ്ടായത്.



**ശിയാക്കളുടെ ഏറ്റവും പ്രധാനമായ സാങ്കേതിക ശബ്ദങ്ങളിലൊന്നാണ് ഇമാമത്ത്. മുൻ ഇമാം (ഭരണാധികാരി) തന്നെ തുടർന്നുവരേണ്ട ഇമാമിനെ വ്യക്തമായി നിർണയിക്കൽ നിർബന്ധമാണെന്നതാണ് അതിന്റെ തേട്ടം. തന്നെ തുടർന്നുവരേണ്ട ഇമാമിന്റെ വിശേഷണങ്ങൾ മാത്രം നബിﷺ നൽകിയാൽ മതിയാകില്ല. ആളുകൾ അഭിപ്രായ വ്യത്യാസത്തിലാകുംവിധം നബിﷺ അവരെ അവഗണിച്ച് വിട്ടേച്ചുപോകലും അനുവദനീയമല്ല. ആളുകൾക്ക് ആശ്രയമാകും വിധം ഒരാളെ നിർണയിക്കൽ നബിﷺയുടെ മേൽ നിർബന്ധമാണ്. ഇത്തരം ആശയങ്ങളാണ് ഇമാമത്തെന്ന ശബ്ദത്തിലൂടെ അവർ ഉന്നയിക്കുന്നത്.**

അലിയ്യിؓന് തികഞ്ഞ ഗുണകാംക്ഷയും മതിപ്പുമായിരുന്നു അബൂബക്ർؓവിനോട്. പിൽകാലത്ത് അലിയ്യ്ؓ ആളുകളോട് നടത്തിയ ഒരു പ്രസംഗം നോക്കൂ:

“ജനങ്ങളേ, ആളുകളിൽ ആരാണ് ധീരനെന്ന് നിങ്ങൾ എന്നോട് പറഞ്ഞാലും.’ അവർ പറഞ്ഞു: ‘അമീറുൽമുഅ്മിനീൻ, ഞങ്ങളുടെ ഭാഷ്യത്തിൽ അത് താങ്കളാണ്.’ അദ്ദേഹം പറഞ്ഞു: ‘ഞാൻ ആരോടും ദ്വന്ദയുദ്ധം നടത്തിയിട്ടില്ല; ഞാൻ അവനോട് പ്രതികാരം ചെയ്യാതെ. എന്നാലും ജനങ്ങളിൽ ആരാണ് ധീരൻ എന്ന് നിങ്ങൾ എന്നോട് പറഞ്ഞാലും.’ അവർ പറഞ്ഞു: ‘ഞങ്ങൾക്കറിയില്ല; ആരാണ്?’ അദ്ദേഹം പറഞ്ഞു: ‘അബൂബക്റാണ്. ബദ്ർ യുദ്ധദിനം ഞങ്ങൾ അല്ലാഹുവിന്റെ തിരുദൂതൻﷺന് ഒരു പന്തലുണ്ടാക്കി. ഞങ്ങൾ ചോദിച്ചു: ‘മുശ്രിക്കുകളിൽ ഒരാളും അടുക്കാത്ത വിധം ആരാണ് തിരുനബിﷺയോടൊപ്പം നിലയുറപ്പിക്കുക?’ അല്ലാഹുവാണേ, ഞങ്ങളിൽ ഒരാളും അടുത്തുവന്നില്ല. എന്നാൽ അബൂബക്ർ ഉയർത്തിപ്പിടിച്ച വാളുമായി തിരുദൂതരുടെ തലക്കരികിൽ നിലയുറപ്പിച്ചു. തിരുമേനിﷺയുടെ നേരെ ഒരാളും അടുത്തിട്ടില്ല; അബൂബക്ർؓ അവന്റെമേൽ ചാടി വീഴാതെ. അബൂബക്റാണ് ആളുകളിൽ ഏറ്റവും ധീരൻ...[3]

**റഫറൻസ്:**

1. ഫദ്വാഇലുസ്സ്വഹാബഃ, ഇമാം അഹ്മദ്. ശൈഖ് അൽബാനി ഈ അഥറിന്റെ പരമ്പര ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്.

2. മുസ്തദറകു ഹാകിം, മഗാസീ മൂസ ഇബ്നു ഉക്ബഃ. ഇബ്നുകഥീറും ഹാകിമും സ്വഹീഹെന്ന് വിശേഷിപ്പിച്ചത്.

3. മുസ്നദുൽബസ്സാർ, ഫദ്വാഇലുൽ ഖുലഫാഅ്, അബൂനുഐം. **(തുടരും)**

അലി ചെമ്മാട്
alichemmad@gmail.com





# ഗോവധനിരോധനമെന്ന പ്രതീകം!

**ഗോവധ നിരോധനവും അക്രമോത്സുക ഗോ സംരക്ഷണവും ഇന്ത്യൻ സമ്പദ് ഘടനയെയും ക്ഷീര കർഷകരെയും എത്രമാത്രം പ്രതികൂലമായി ബാധിക്കുന്നു എന്ന് തെളിവുകളുടെ വെളിച്ചത്തിൽ ഒരന്വേഷണം.**

**1958-62** കാലഘട്ടത്തിൽ ചൈനയിൽ മാവോ സെതുങ്ങിന്റെ ഭരണത്തിൻ കീഴിൽ ഉണ്ടായ ദാരിദ്ര്യത്തിലും കൊടും പട്ടിണിയിലും 3 കോടി 60 ലക്ഷം ആളുകൾ മരിക്കുകയും 4 കോടിയിലധികം കുട്ടികൾ ജനിക്കാതിരിക്കുകയും ചെയ്തു. ആ കൊടുംപട്ടിണി 7 കോടി 60 ലക്ഷം മനുഷ്യരുടെ ജീവനെടുത്തു എന്നർഥം. ആ ദാരിദ്ര്യത്തിന്റെയും കൊടും പട്ടിണിമരണങ്ങളുടെയും പ്രധാന കാരണങ്ങളിലൊന്ന് കമ്യൂണിസ്റ്റ് ചൈനയുടെ സ്ഥാപകനും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി ചെയർമാനും ഭരണാധികാരിയുമായിരുന്ന മാവോ സെതുങ്ങിന്റെ 'ശാസ്ത്രാ'ഭിരുചിയും പുരോഗമന വീക്ഷണങ്ങളും നയങ്ങളും പ്രവർത്തനങ്ങളും ആയിരുന്നു.

ഇന്ത്യയിൽ ഇന്ന് നടപ്പിലാക്കികൊണ്ടിരിക്കുന്ന പ്രത്യേക കാമ്പയ്ൻ ആണല്ലോ 'സ്വച്ഛ് ഭാരത്.' നഗരങ്ങളും ഗ്രാമങ്ങളും മാലിന്യമുക്തമാക്കുക, എല്ലാ കുടുംബങ്ങൾക്കും-പ്രത്യേകിച്ച് കക്കൂസ് സൗകര്യമില്ലാത്ത ഗുജറാത്ത്, ഉത്തർപ്രദേശ്, മധ്യപ്രദേശ് തുടങ്ങിയ പിന്നാക്ക സംസ്ഥാനങ്ങളിൽ- വാട്ടർ ക്ലോസറ്റ് ഉള്ള ടോയ്‌ലറ്റുകൾ ലഭ്യമാക്കുക തുടങ്ങി നിരവധി പദ്ധതികൾ സ്വച്ഛ് ഭാരത്' കാമ്പയ്നിന്റെ ഭാഗമാണ്. അതുപോലെ ചൈ

നയിൽ സാംക്രമിക രോഗങ്ങൾ തടയുന്നതിന്റെ ഭാഗമായും കൃഷി നശിപ്പിക്കുന്ന കീടനിയന്ത്രണ ത്തിന്റെ ഭാഗമായും ചതുർകീടനിയന്ത്രണ യ ജ്ഞം നടപ്പിലാക്കിയിരുന്നു. എലി, ഈച്ച, കൊ തുക്, കുരുവി, എന്നിവയായിരുന്നു ആ നാല് ശ ത്രുകീടങ്ങൾ. കുരുവികൾ വിളകൾ തിന്നു നശി പ്പിക്കുന്ന കാരണത്താലാണ് വേട്ടയാടപ്പെട്ടത്. മ റ്റുള്ളവ സാംക്രമിക രോഗങ്ങൾ പരത്തുന്നതു കൊ ണ്ടും. കുരുവികളെ കൊന്നു സർക്കാർ ഏജൻസി യെ ഏൽപിക്കുന്നവർക്ക് വേതനം മാത്രമല്ല എ ണ്ണം കൂടുന്നതിനനുസരിച്ച് സമ്മാനങ്ങളും വേത ന വർധനവും നൽകിയാണ് സർക്കാർ ഈ മഹ ത്തായ 'ശാസ്ത്രീയ' കുരുവി നിർമാർജന യജ്ഞം വിജയിപ്പിച്ചത്.

വയലുകളിൽ നിന്ന് കുരുവികൾ അപ്രത്യക്ഷ മായി. കതിരുകൾ തിന്നുതീർക്കുന്ന കുരുവികൾ ഇല്ലാതായതോടെ സ്വാഭാവികമായും വിളവ് വർ ധിക്കും, വർധിക്കണം. എന്നാൽ സംഭവിച്ചത് തി രിച്ചായിരുന്നു. ധാന്യോദ്പാദനം ഗണ്യമായി കുറ ഞ്ഞു. ഭക്ഷ്യദൗർലഭ്യം ആയിരുന്നു ഫലം. ദാരി ദ്ര്യവും കൊടുംപട്ടിണിയും കാരണം കോടിക്കണ ക്കിനു മനുഷ്യരുടെയും കന്നുകാലികളുടെയും വ ളർത്തു പക്ഷികൾ ഉൾപെടെ പക്ഷി വർഗങ്ങളു ടെയും കൂട്ടമരണം ആയിരുന്നു ഫലം. കൃഷിയെ ആശ്രയിച്ച് നിലനിന്നിരുന്ന ആവാസവ്യവസ്ഥയും ജൈവസന്തുലനവും പാടെ തകർന്നു. എന്തായി രുന്നു ഇതിന് കാരണം? കുരുവികൾ കതിരുകൾ തിന്നുതീർക്കുന്നതിലേറെ കൃഷി നശിപ്പിക്കുന്ന കീ ടങ്ങളെയായിരുന്നു ഭക്ഷിച്ചിരുന്നത്. കുരുവികൾ നശിച്ചതോടെ കീടങ്ങൾ ക്രമാതീതമായി പെരു കുകയും വിളകൾ നശിപ്പിക്കുകയും ചെയ്തു. അ ങ്ങനെ കൃഷിയെ ആശ്രയിച്ചു നിലനിന്നിരുന്ന മ നുഷ്യരുൾപെടെയുള്ള സകല ജീവികളുടെയും ആവാസവ്യവസ്ഥയും ഭക്ഷ്യശൃംഖലയും സന്തു ലനവും തകർന്നു. അതിലൂടെ 7.6 കോടി മനുഷ്യർ ഭൂമിയിൽ നിന്ന് തുടച്ചുമാറ്റപ്പെട്ടു. മനുഷ്യരല്ലാത്ത എത്രകോടി ജന്തുക്കൾ ചത്തൊടുങ്ങിയിട്ടുണ്ടാകും എന്നതിന് കണക്കില്ല.



ഇക്കാര്യം ഇവിടെ ഓർക്കാൻ കാരണം, ഈ അടുത്ത കാലത്ത് ബി.ജെ.പി ഭരിക്കുന്ന ഛത്തീ സ്ഗഡിലെ റായ്പൂരിൽ നിന്നും വന്ന വാർത്തയും അതുപോലെ തന്നെ Global Hunger Index റി പ്പോർട്ടുമാണ്. ഭക്ഷ്യലഭ്യതയുടെ കാര്യത്തിൽ ഇ ന്ത്യ അമ്പതാം സ്ഥാനത്ത് നിന്ന് നൂറാം സ്ഥാന ത്തേക്ക് തള്ളപ്പെട്ട് ശ്രീലങ്കയുടെയും നേപ്പാളിന്റെ യും പുറകിലായ വാർത്തയാണ് ഒന്ന്. ഛത്തീസ് ഗഡിലെ റായ്പൂരിൽ ബി.ജെ.പി നേതാവ് ഹരീഷ് ശർമയുടെ മൂന്ന് പശുഫാമുകളിലായി മുന്നൂറില ധികം 'ഗോമാതാക്കൾ' പട്ടിണി കിടന്ന് 'വീരമൃ ത്യു' വരിച്ച വാർത്തയാണ് മറ്റൊന്ന്! ഗോക്കൾ മ രണപ്പെടുക എന്നത് തന്നെ ഇന്ത്യയെ സംബന്ധിച്ച് വലിയ വാർത്തയാണ്. എന്നാൽ ഈ വാർത്ത അ തിലേറെ ഗൗരവതരമാണ്. ഇങ്ങനെ ദുരന്തമൃത്യു വരിച്ച ഗോക്കളോട് (അവയുടെ മൃതദേഹങ്ങളോ ട്) ഒട്ടും 'ആദരവ്' കാണിക്കാതെ അവയുടെ 'പു ണ്യശവം' കശാപ്പുകാർക്കും എല്ലുകൾ വളം നിർ മിക്കുന്നവർക്കും തോലുകൾ ലെതർ ഫാക്ടറികൾ ക്കും വിറ്റ് കാശുണ്ടാക്കുകയാണത്രെ ചെയ്തത്.

ബി.ജെ.പി ഭരിക്കുന്ന ഛത്തീസ്ഗഡിൽ ഗോ സംരക്ഷണത്തിന് സർക്കാരിൽനിന്ന് ലക്ഷങ്ങൾ ഗ്രാന്റ് നേടിയ ബി.ജെ.പി നേതാവിന്റെ ഫാമുക ളിലെ തന്നെ നൂറുകണക്കിന് പശുക്കൾ പട്ടിണി കിടന്ന് മരിക്കേണ്ട സാഹചര്യമുണ്ടായി എന്ന വ സ്തുത നൽകുന്ന മുന്നറിയിപ്പ് വളരെ വലുതാ ണ്. ഗോസംരക്ഷകർ എന്ന് അവകാശപ്പെട്ട്, മനു ഷ്യരെ അടിച്ചും ചുട്ടും കൊല്ലുന്ന നിരവധി ആർ.എ സ്.എസ് ബി.ജെ.പി പ്രവർത്തകരുള്ള ഇന്ത്യയിൽ, ആടിന്റെ മാംസം ഫ്രിഡ്ജിൽ സൂക്ഷിച്ച വയോധി കനെ (അതിർത്തി കാക്കുന്ന ജവാന്റെ പിതാവാ ണദ്ദേഹം) പശുവിറച്ചിയാണെന്ന് ആരോപിച്ച് ത ല്ലിക്കൊന്ന ഇന്ത്യയിൽ, അയാളുടെ കൊലപാത കം അന്വേഷിക്കുന്നതിനു പകരം ഫ്രിഡ്ജിൽ സൂ ക്ഷിച്ചത് പശുവിറച്ചി തന്നെയെന്നു സ്ഥാപിക്കുവാൻ അന്വേഷണ മേധാവികൾ തല പുകച്ച ഇന്ത്യ യിൽ, ആ മനുഷ്യനെ കൊന്ന കൊലപാതകികൾ ക്ക് അംഗീകാരവും ആനുകൂല്യങ്ങളും ജോലിയും നൽകി ആദരിക്കുന്ന ഇന്ത്യയിൽ, പാവപ്പെട്ടവന്റെ മൃതദേഹം കൊണ്ടുപോകുവാൻ ആംബുലൻസ് ലഭ്യമല്ലാത്ത അവസ്ഥയുള്ള ഇന്ത്യയിൽ, ഗോ സം രക്ഷണത്തിനും പരിപാലനത്തിനും ആംബുലൻ സുകൾ തയ്യാറുള്ള ഇന്ത്യയിൽ, മനുഷ്യ ശവം ആ ശുപത്രിവരാന്തയിൽ തള്ളി പശുവിന്റെ മൃതദേഹം മോർച്ചറിയിൽ സൂക്ഷിക്കുന്ന ഇന്ത്യയിൽ... ഗോ സംരക്ഷകരിൽ ഒരാളുടെ ഉടമസ്ഥതയിൽ ഉള്ള ഫാമുകളിൽ പോലും നൂറുകണക്കിന് 'ഗോ മാ താക്കൾ' പട്ടിണി കിടന്ന് അന്ത്യശ്വാസം വലിച്ചു വെന്ന വസ്തുതയും, ആ ശവങ്ങൾ വെട്ടിനുറുക്കി കച്ചവടം ചെയ്തു എന്ന സത്യവും നൽകുന്ന അ

**ഇന്ത്യയിൽ കറൻസി നിരോധനം നടപ്പിലാക്കിയതും GST നികുതി സംവിധാനം മാറിയതും ബുദ്ധിശൂന്യമായ നടപടികൾ ആയിരുന്നുവെന്നത് ശേഷമുള്ള രാജ്യത്തെ അവസ്ഥകൾ വ്യക്തമാക്കുന്നു. അതിനു ശേഷം ഇന്ത്യയുടെ സാമ്പത്തിക വളർച്ചാനിരക്ക് 7.5 ശതമാനത്തിൽ നിന്ന് 5.7 ശതമാനത്തിലേക്ക് കൂപ്പുകുത്തി. മൂന്നു വർഷം മുമ്പ് അമ്പതാം സ്ഥാനത്തുണ്ടായിരുന്ന ഇന്ത്യ, നൂറാം സ്ഥാനത്തേക്ക് തള്ളപ്പെട്ടു. അയൽ രാജ്യങ്ങളായ ബംഗ്ലാദേശും ശ്രീലങ്കയും നേപ്പാളും ഇന്ത്യയെക്കാൾ മുന്നിലാണ്. ഇത് ഇന്ത്യയുടെ തളർച്ചയുടെ വ്യാപ്തി വ്യക്തമാക്കുന്നു.**

പായ മണി കണ്ടില്ലെന്ന്, കേട്ടില്ലെന്ന് നടിച്ചാൽ ഇന്ത്യക്ക് മാവോ സെതുങ്ങിന്റെ ചൈനയിലെ മേൽ സൂചിപ്പിച്ച അവസ്ഥ നേരിടേണ്ടിവരും.

മാട്ടിറച്ചി ഇന്ത്യയിലെ മാംസ വ്യാപാരികളുടെയും കശാപ്പുകാരുടെയും ഭീമൻ കയറ്റുമതിക്കാരുടെയും വരുമാനമാർഗം മാത്രമല്ല; ഇന്ത്യയിലെ നല്ലൊരു വിഭാഗം ജനങ്ങളുടെ ഭക്ഷണം കൂടിയാണത്. ബീഫ് നിരോധനം സർക്കാർ നോട്ട് നിരോധിച്ചതുപോലുള്ള വലിയ ബുദ്ധിശൂന്യതയാണ്.

ഇന്ത്യയിൽ കറൻസി നിരോധനം നടപ്പിലാക്കിയതും GST നികുതി സംവിധാനം മാറിയതും ബുദ്ധിശൂന്യമായ നടപടികൾ ആയിരുന്നുവെന്നത് ശേഷമുള്ള രാജ്യത്തെ അവസ്ഥകൾ വ്യക്തമാക്കുന്നു. അതിനു ശേഷം ഇന്ത്യയുടെ സാമ്പത്തിക വളർച്ചാനിരക്ക് 7.5 ശതമാനത്തിൽ നിന്ന് 5.7 ശതമാനത്തിലേക്ക് കൂപ്പുകുത്തി. ഇന്ത്യയിലെ വ്യാപാര വ്യവസായ ശൃംഖല ഗുരുതരമായ മാന്ദ്യം അനുഭവിക്കുകയാണ്. കറൻസി നിരോധനവും ജി.എസ്.ടി നടപ്പാക്കലും രാജ്യത്തെ എത്രത്തോളം പിന്നോട്ടടിപ്പിച്ചു എന്ന് ഈയിടെ പുറത്തുവന്ന ഇന്റർനാഷണൽ ഫുഡ് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (IFPRI) പുറത്തുവിട്ട ഗ്ലോബൽ ഹംഗർ ഇൻഡക്സ് റിപ്പോർട്ട് നമ്മെ ബോധ്യപ്പെടുത്തുന്നു. മൂന്നു വർഷം മുമ്പ് അമ്പതാം സ്ഥാനത്തുണ്ടായിരുന്ന ഇന്ത്യ, നൂറാം സ്ഥാനത്തേക്ക് തള്ളപ്പെട്ടു. അയൽ രാജ്യങ്ങളായ ബംഗ്ലാദേശും ശ്രീലങ്കയും നേപ്പാളും ഇന്ത്യയെക്കാൾ മുന്നിലാണ്. ഇത് ഇന്ത്യയുടെ തളർച്ചയുടെ വ്യാപ്തി വ്യക്തമാക്കുന്നു.

കറൻസി നിരോധനത്തിന് കാരണം പറഞ്ഞിരുന്നത് രാജ്യത്തെ കള്ളപ്പണം പിടിച്ചെടുത്ത് സർക്കാരിലേക്ക് മുതൽ കൂട്ടുക എന്നതായിരുന്നു. സംഭവിച്ചതെന്താണ്? ഇന്ത്യയിലെ കള്ളപ്പണക്കാരുടെ കള്ളപ്പണമെല്ലാം അവരുടെ സ്വന്തം ഖജനാവുകളിൽ ഡെഡ്മണിയായി സുഖസുഷുപ്തിയിൽ ആയിരുന്നു. നോട്ട് നിരോധനത്തോടെ ആ കള്ളപ്പണമെല്ലാം വെള്ളപ്പണമായി. നിരോധിച്ച നോട്ടിന്റെ 99 ശതമാനവും ബാങ്കുകളിലെത്തി. കള്ളപ്പണക്കാരുടെ സേഫ്റൂമുകളിൽ കെട്ടിക്കിടന്നിരുന്ന കള്ളപ്പണമെല്ലാം ബാങ്കുകളിൽ പലിശ കിട്ടുന്ന വെള്ളപ്പണമായി മാറി. ഇതിലൂടെ സംഭവിച്ചത് കള്ളപ്പണം സൂക്ഷിച്ചിരുന്ന കള്ളപ്പണക്കാർ വെള്ളപ്പണക്കാരായി മാറി എന്നതാണ്; രാജ്യത്തെ ജനങ്ങളുടെ, വ്യവസായങ്ങളുടെ, വ്യാപാരങ്ങളുടെ, കൃഷിയുടെ തൊഴിൽ മേഖലയുടെ നട്ടെല്ല് തകരുകയും ചെയ്തു. നോട്ടുനിരോധനമെന്ന കൂനുള്ള ജനങ്ങളുടെ നട്ടെല്ലിൽ ജി.എസ്.ടി എന്ന കുരു കൂടിവന്നപ്പോൾ അവരുടെ നടുവൊടിഞ്ഞു എന്നതാണ് വാസ്തവം.

നോട്ട് നിരോധനം കള്ളപ്പണവേട്ടക്കായിരുന്നോ അതോ കള്ളപ്പണം വെള്ളപ്പണമാക്കാൻ കള്ളപ്പണ മുതലാളിമാർക്ക് വേണ്ടി മാത്രം ആയിരുന്നോ എന്ന കാര്യം ചിന്തനീയമാണ്. ഈയടുത്ത് ഒരു ചെറുകിട പരസ്യ കമ്പനി ഉടമയെ കണ്ടു. പ്രതിമാസം മൂന്ന് ലക്ഷം രൂപയുടെ ബിസിനസ് ഉണ്ടായിരുന്ന അദ്ദേഹത്തിന് ഇപ്പോൾ മുപ്പതിനായിരം രൂപയുടെ ബിസിനസ് മാത്രമെ നടക്കുന്നുള്ളൂ. ഹൈവേയിൽ ഇളനീർ കച്ചവടം നടത്തുന്ന സുഹൃത്ത് പറഞ്ഞത് 100 ഇളനീരുകൾ വിറ്റിരുന്ന സ്ഥാനത്ത് പത്തിൽ താഴെ ഇളനീരുകൾ പോലും വിൽക്കാൻ സാധിക്കുന്നില്ല എന്നാണ്. അദ്ദേഹം ആ തൊഴിൽ മേഖല വിട്ട് കൂലിപ്പണിയെ ആശ്രയിക്കാൻ തുടങ്ങി. കൂലിപ്പണിയുടെ കാര്യം പറഞ്ഞാൽ; കേരളത്തിലെ തൊഴിൽ മേഖലയിൽ ഏറ്റവും കൂടുതലുള്ളത് അന്യസംസ്ഥാന തൊഴിലാളികളാണ്. 650, 700 രൂപ കൂലി വാങ്ങിയിരുന്നവർ വീടുകളിലെത്തി പണി ഉണ്ടോ എന്ന് അന്വേഷിക്കുന്ന അവസ്ഥയിലെത്തി. 400, 500 രൂപക്ക് പണിയെടുക്കാൻ തയ്യാറാണിന്നവർ! ഇത്തരം അന്യസംസ്ഥാന തൊഴിലാളികളിൽ നല്ലൊരു വിഭാഗം സ്വന്തം നാടുകളിലേക്ക് തിരിച്ച് പോകുകയും ചെയ്തിരിക്കുന്നു. കേരളത്തിലെ അറിയപ്പെടുന്ന ആട്ട, മൈദ കമ്പനി പ്രതിനിധിയുമായി സംസാരിക്കാൻ സാഹചര്യം കിട്ടി. 35 ടൺ ഗോതമ്പ് ഉപയോഗിച്ചിരുന്ന ഫാക്ടറിയിൽ 24 ടൺ പ്രൊഡക്ഷൻ മാത്രമെ നടക്കുന്നുള്ളു എന്നാണ് അയാളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതാക്കെ GST പ്രഖ്യാപിക്കുന്നതിന് മുമ്പേയുള്ള മാന്ദ്യമാണ്. GST പ്രാബല്യത്തിൽ വന്ന ശേഷം എന്തായിരിക്കും അവസ്ഥ?

നമുക്ക് ഗോ സംരക്ഷണ കലാപകലുഷിത ഭൂമിയിലേക്ക് തന്നെ തിരിച്ചു പോകാം. 2012ലെ കണക്കു പ്രകാരം ഇന്ത്യയിൽ 3.643 മില്യൺ മെട്രിക് ടൺ ബീഫ് ഉൽപാദിപ്പിക്കുന്നുണ്ട്. ഇതിൽ 1.963 മില്യൺ മെട്രിക് ടൺ മാംസവും ആഭ്യന്തരമായി

ഉപയോഗിക്കുകയാണ്. 1.680 മില്യൺ പശുവിറച്ചി കയറ്റുമതിയും ചെയ്യുന്നു. ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്ന പശുവിറച്ചിയുടെ 54 ശതമാനവും ഇന്ത്യക്കാർ ഭക്ഷിക്കുന്നു. ലോകത്ത് ബീഫുദ്പാദനത്തിന്റെ കാര്യത്തിൽ അഞ്ചാം സ്ഥാനവും കയറ്റുമതിയുടെ കാര്യത്തിൽ ഏഴാം സ്ഥാനവും ആണ് ഇന്ത്യക്ക്. 2016ലെ കണക്ക് പ്രകാരം ലോക ബീഫ് കയറ്റുമതിയുടെ 20 ശതമാനവും ഇന്ത്യയിൽ നിന്നാണ്. അങ്ങനെയെങ്കിൽ ഇന്ത്യയുടെ ബീഫ് വ്യവസായം എത്ര വിപുലമാണ്. ഈ മേഖലയിൽ എത്രയാളുകൾ ജോലി ചെയ്യുന്നുണ്ടാകും!

2015-16 കാലയളവിലെ ഇന്ത്യയിലെ പാലുൽപാദനം 155.5 മില്യൺ ടൺ ആണ്. ആളോഹരി പാൽ പാലുൽപന്ന ലഭ്യത (per capita) 337 ഗ്രാമുമാണ്. ഇത് ലോക ശരാശരിയിൽ ഉന്നത സ്ഥാനത്ത് നിൽക്കുന്നു. ഇതിനുമുകളിൽ ഫിൻലാന്റും (361.19 ഗ്രാം) സ്വീഡനും (355.86 ഗ്രാം) മാത്രമാണുള്ളത്. ഇന്ത്യൻ ക്ഷീരകൃഷിയും വ്യാപാരവ്യവസായ മേഖലയും അത്ര നിസ്സാരമല്ല എന്നർഥം.

ഇന്ത്യൻ ലെതർ മാർക്കറ്റ് വിശകലനം ചെയ്യാം. ലോകത്താകമാനമുള്ള ലതർ വ്യവസായത്തിന്റെ 12.93 ശതമാനവും ഇന്ത്യയുടെതാണ്. 2016 ഏപ്രിൽ മുതൽ 2017 ജനുവരി വരെയുള്ള 9 മാസത്തെ ഇന്ത്യയിൽനിന്നുള്ള ലെതർ, ലെതറുൽപന്ന കയറ്റുമതി 4.72 ബില്യൺ അമേരിക്കയിൽ ഡോളറിന്റെതാണ്! ലെതർ പാദരക്ഷകളുടെയും വസ്ത്രങ്ങളുടെയും ആകെ ഉൽപാദനത്തിന്റെ ഒമ്പത് ശതമാനവും ഇന്ത്യയുടെതാണ്. 2011ലെ കണക്കുപ്രകാരം ഇന്ത്യ ഉൽപാദിപ്പിക്കുന്ന തുകലുൽപന്നങ്ങളുടെ 77 ശതമാനവും ഇന്ത്യയുടെ ആഭ്യന്തര ഉപയോഗത്തിനു വേണ്ടിവരുന്നു. എന്നിട്ടുപോലും ഇന്ത്യ 302.102 കോടി രൂപയുടെ കയറ്റുമതി നടത്തിയെന്നത് ഈ ഇൻഡസ്ട്രിയുടെ വ്യാപ്തി വ്യക്തമാക്കുന്നു. ലെതർ വ്യവസായ മേഖലയും ഇന്ത്യയിൽ വളരെ വലിയ തൊഴിൽ മേഖലയും സാമ്പത്തിക ശക്തിയുമാണ്. ഈ ഇൻഡസ്ട്രിയിലും ലക്ഷക്കണക്കിനാളുകൾ അന്നം കണ്ടെത്തുന്നുണ്ട്.

കാലിച്ചാണകം ഇന്ത്യൻ കാർഷിക മേഖലക്കും ഇന്ത്യൻ ഗ്രാമങ്ങളിലെ പാചകത്തിനും ഒഴിച്ചുകൂടാൻ പറ്റാത്ത വസ്തുവാണ്. ചാണകം അടിസ്ഥാനവളമായി ചേർത്താണ് ഇന്ത്യൻ കാർഷിക മേഖലയിലെ പ്രധാന കൃഷികളെല്ലാം ചെയ്യുന്നത്. പ്രത്യേകിച്ച് ഭക്ഷ്യധാന്യക്കൃഷി. അതുപോലെ ഇന്ത്യയിലെ ഗ്രാമീണമേഖലയിലെ വീടുകളിൽ പാചകത്തിന് വിറകായി ഉപയോഗിക്കുന്നത് ചാണക കേക്കാണ്. ഒരു ചാണകകേക്കിൽ നിന്ന് 2100 കിലോ ജൂൾ താപം ലഭിക്കും. ഇന്നും LPG എന്ന് കേൾക്കാത്ത ആളുകൾ ജീവിക്കുന്ന രാജ്യമാണ് ഇന്ത്യ. ചാണക ഇന്ധനം പ്രകൃതി സൗഹൃദ ഇന്ധനമാണ്. ചാണക ഇന്ധനത്തിൽ പാചകം ചെയ്യാൻ മരങ്ങളും മറ്റും നശിപ്പിക്കേണ്ടതില്ല. അതുപോലെ പുക ശല്യവുമില്ല. തികച്ചും പ്രകൃതിദത്തം. മാംസ മാർക്കറ്റിലെ വേസ്റ്റ് ആണ് എല്ല്. ഈ എല്ല് പൊടിച്ചാണ് എല്ല് പൊടിയെന്ന ജൈവവളമുണ്ടാക്കുന്നത്. എല്ലുപൊടിയും കാർഷിക മേഖലയിലെ ഏറ്റവും നല്ല ജൈവവളമാണ്.

ഇത്രയും ബൃഹത്തായ കാലി, ക്ഷീര, കാർഷിക സമ്പത്തുള്ള ഇന്ത്യയുടെ ഭാവിയെക്കുറിച്ച് ഭയത്തോടെയും വേവലാതിയോടെയും അല്ലാതെ വിചാരിക്കാൻ വയ്യ. ഛത്തീസ്ഗഡിലെ റായ്പൂരിൽ നൂറുകണക്കിന് പശുക്കളെ പട്ടിണിക്കിട്ട് കൊല്ലാൻ -ഗോ സംരക്ഷണത്തിന് ലക്ഷങ്ങൾ സർക്കാരിൽ നിന്ന് ഗ്രാന്റ് വാങ്ങിയ ഗോ സംരക്ഷകനും ഭക്തനുമായ ബി.ജെ.പി നേതാവ് ഹരീഷ് വർമയെ പോലും-നിർബന്ധിതമാക്കാൻ മാത്രം 'ഗോമാതാവ്' കർഷകർക്ക് ബാധ്യതയായി മാറിക്കൊണ്ടിരിക്കുകയാണ് വർത്തമാനകാല ഇന്ത്യയിൽ. ഒരു ശരാശരി പശുവിന് നാൽപതിനായിരമോ അമ്പതിനായിരമോ രൂപ വിലവരും. രണ്ടു വയസ്സിനു ശേഷമാണ് അതിന്റെ കടിഞ്ഞൂൽ പ്രസവം നടക്കുക. 6 പ്രസവങ്ങളാണ് കർഷകന് ആദായകരവും പശുവിന് ആരോഗ്യകരവുമായ പ്രസവങ്ങൾ. ആറിൽ കൂടുതൽ പ്രസവിക്കാനും പശുവിനു സാധിക്കും. കർഷകനെ സംബന്ധിച്ച് നഷ്ടമാണത്. ആരോഗ്യമുള്ള പശുവിൽ നിന്ന് ദിനേനെ ശരാശരി 15-20 ലിറ്റർ പാൽ ലഭിക്കും. 10 മാസമാണ് (300 ദിവസം) ആരോഗ്യകരവും ആദായകരവുമായ കറവ. പ്രസവം കഴിഞ്ഞ് 45 ദിവസത്തിനുശേഷം അതിനെ ഇണ ചേർക്കുകയോ കുത്തിവെക്കുകയോ ചെയ്യും. ഗർഭകാലം മനുഷ്യരെ പോലെ നാൽപത് ആഴ്ചയാണ്. ഒരു വർഷത്തിൽ ഒരു പ്രസവം. ക്ഷീരോൽപാദനത്തിനു വേണ്ടി വളർത്തുന്ന പശു 8-9 വർഷത്തിനുള്ളിൽ ക്ഷീരോൽപാദന മേഖലയിൽ നിന്ന് പുറംതള്ളപ്പെടുന്നു. ഇന്നത്തെ മാർക്കറ്റ് വില

**2012ലെ കണക്കു പ്രകാരം ഇന്ത്യയിൽ 3.643 മില്യൺ മെട്രിക് ടൺ ബീഫ് ഉൽപാദിപ്പിക്കുന്നുണ്ട്. ഇതിൽ 1.963 മില്യൺ മെട്രിക് ടൺ മാംസവും ആഭ്യന്തരമായി ഉപയോഗിക്കുകയാണ്. 1.680 മില്യൺ പശുവിറച്ചി കയറ്റുമതിയും ചെയ്യുന്നു. ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്ന പശുവിറച്ചിയുടെ 54 ശതമാനവും ഇന്ത്യക്കാർ ഭക്ഷിക്കുന്നു. ലോകത്ത് ബീഫുദ്പാദനത്തിന്റെ കാര്യത്തിൽ അഞ്ചാം സ്ഥാനവും കയറ്റുമതിയുടെ കാര്യത്തിൽ ഏഴാം സ്ഥാനവും ആണ് ഇന്ത്യക്ക്. 2016ലെ കണക്ക് പ്രകാരം ലോക ബീഫ് കയറ്റുമതിയുടെ 20 ശതമാനവും ഇന്ത്യയിൽ നിന്നാണ്.**

**ഇന്ത്യയിലെ ഗ്രാമീണമേഖലയിലെ വീടുകളിൽ പാചകത്തിന് വിറകായി ഉപയോഗിക്കുന്നത് ചാണക കേക്കാണ്. ഒരു ചാണകകേക്കിൽ നിന്ന് 2100 കിലോ ജൂൾ താപം ലഭിക്കും. ഇന്നും LPG എന്ന് കേൾക്കാത്ത ആളുകൾ ജീവിക്കുന്ന രാജ്യമാണ് ഇന്ത്യ. ചാണക ഇന്ധനം പ്രകൃതി സൗഹൃദ ഇന്ധനമാണ്. ചാണക ഇന്ധനത്തിൽ പാചകം ചെയ്യാൻ മരങ്ങളും മറ്റും നശിപ്പിക്കേണ്ടതില്ല.**

യനുസരിച്ച് കൊഴുപ്പിന് ആനുപാതികമായി ഒരു ലിറ്റർ പാലിന് 40 രൂപ വരെ വില കിട്ടുന്നു. കൊഴുപ്പിന് ആനുപാതികമായി വില കുറഞ്ഞു കൊണ്ടിരിക്കും. 15 ലിറ്റർ പാൽ ചുരത്തുന്ന പശുവിൽ നിന്ന് 600 രൂപയുടെ പാൽ ലഭിക്കും. പശുവിനെ പരിപാലിക്കാൻ 250 രൂപ ചെലവ് വരും. 6 പ്രസവങ്ങളിൽ നിന്ന് പാൽ മുഖേന ആകെ 1080000 രൂപ ലഭിക്കും. 8 വർഷത്തെ പരിപാലന ചെലവ് 750000 രൂപയും. 6 പ്രസവങ്ങളിൽ നിന്ന് 6 കിടാങ്ങളെ ലഭിക്കും. ആൺപെൺ അനുപാതം 1:1 എന്നു കണക്കാക്കിയാൽ (അത് തന്നെയാണ് ആൺപെൺ അനുപാതം) 3 പശുക്കിടാങ്ങളെയും 3 കാളക്കുഞ്ഞുങ്ങളെയും ലഭിക്കും. ഈ പശുക്കുട്ടികളെ വീണ്ടും ക്ഷീരോൽപാദന പ്രക്രിയക്ക് വിധേയമാക്കിയാൽ ഇതേ ചക്രം തിരിഞ്ഞു കൊണ്ടിരിക്കും.

പശുവിന്റെയും കാളയുടെയും ശരാശരി ജീവിത ദൈർഘ്യം (life span) 20/25 വർഷമാണ്. ക്ഷീരോൽപാദന പ്രക്രിയയിൽ നിന്ന് സ്വാഭാവികമായി പുറന്തള്ളപ്പെടുന്ന പശു 8-9 വർഷങ്ങൾക്ക് ശേഷവും പ്രസവത്തിൽ ലഭിക്കുന്ന കാളകൾ 1-2 വർഷങ്ങൾക്കിടയിലും മാംസ മാർക്കറ്റിൽ വിൽക്കപ്പെടുന്നു. പശുവിന് 10,000/15,000 രൂപയും കാളക്ക് 25,000/35,000 രൂപയും വില ലഭിക്കും. നേരത്തെ നാം മനസ്സിലാക്കിയ, പാലിൽ നിന്നുള്ള വരുമാനം 330,000 രൂപക്കു പുറമേ ഒരു ലക്ഷം രൂപ കൂടി അധികമായി ലഭിക്കുന്നു. അതായത് ക്ഷീരോൽപാദനത്തിന് പശുവിനെ വളർത്തുന്ന കർഷകന് എട്ട് ഒമ്പത് വർഷം കൊണ്ട് നാല് ലക്ഷം രൂപ വരുമാനം ലഭിക്കും. ഈ കണക്കുകൾ കേരളീയ സാഹചര്യത്തിൽ ശാസ്ത്രീയ പശുവളർത്തലും ക്ഷീരോൽപാദനവും നടത്തുകയും ചെയ്യുന്ന ക്ഷീര കർഷകരുടെ വരുമാനം വ്യക്തമാക്കുന്നു. എന്നാൽ പരമ്പരാഗതമോ അശാസ്ത്രീയമായോ ആയ ക്ഷീരകൃഷിയിൽ ഏർപെടുന്ന കർഷകർക്ക് ഇതിലും കുറവായിരിക്കും വരുമാനം. കേരളത്തിനു പുറത്തുള്ള ക്ഷീര കർഷകരുടെ വരവുചെലവുകളെ കുറിച്ചുള്ള ശരിയായ കണക്കുകൾ അന്വേഷണത്തിൽ ലഭ്യമല്ല. അവരുടെ വരുമാനം ഒരുപക്ഷേ, ഇതിലും ഒരൽപം കൂടിയോ കുറഞ്ഞോ ആയിരിക്കും. വൻകിട ഫാമുകൾ പോലും ലാഭകരമല്ല എന്നതാണല്ലോ ഛത്തീസ്ഗഡിൽ നിന്നും നാം കേട്ട വാർത്ത വ്യക്തമാക്കുന്നത്.

പശുവിനെ ദൈവവും ആരാധനാ മൂർത്തിയും അച്ഛനും അമ്മയും ഒക്കെ ആക്കുന്നതാണല്ലോ വർത്തമാന ഇന്ത്യൻ സാഹചര്യം. ഗോവധം നിയമപരമായി നിരോധിച്ചുകൊണ്ടിരിക്കുകയാണല്ലോ ഇന്ത്യയിൽ. ഇന്നിന്റെ ഇന്ത്യൻ സാഹചര്യത്തിൽ ക്ഷീരകൃഷിയുടെയും കാലിവളർത്തലിന്റെയും പിന്നാമ്പുറം കൂടി പരിശോധിക്കപ്പെടേണ്ടതുണ്ട്. പശുവിന്റെയും കാളയുടെയും ജീവിത ദൈർഘ്യം (life Span) 20/25 വർഷമാണെന്ന് നാം മനസ്സിലാക്കി. 8/9 വർഷത്തിനുശേഷം ക്ഷീരോൽപാദന പ്രക്രിയയിൽ നിന്ന് പുറംതള്ളപ്പെടുന്ന പശു, തീറ്റ നിറുത്തുകയില്ല. അതുപോലെ പ്രത്യേക ജോലിയൊന്നുമില്ലാത്ത കാളകൾക്കും ആവശ്യാനുസരണം തീറ്റ വേണം. പാൽ ഉൽപാദിപ്പിക്കുന്ന പശുക്കൾക്ക് നൽകുന്ന പ്രത്യേക പരിഗണനയും സമീകൃത പോഷകാഹാരങ്ങളും ഒഴിവാക്കിയാൽ പോലും, പുല്ലും വൈക്കോലും തീറ്റാനും പരിപാലിക്കാനും താമസസൗകര്യം ഏർപ്പെടുത്താനും ഏറ്റവും ചുരുങ്ങിയത് ദിനേന 100 രൂപ വേണ്ടിവരും. ഒരു പശുവും അവളുടെ നാല് ആൺമക്കളും മാത്രമടങ്ങിയ നാലംഗ കുടുംബത്തെ പോറ്റാൻ പ്രതി വർഷം ഒന്നര രണ്ട് ലക്ഷം രൂപ വേണം. അവളുടെ പെൺമക്കളും പേരക്കിടാങ്ങളും തുടർന്ന് വരുന്ന സന്തതി പരമ്പരകളും ഇതു പോലെ സംരക്ഷിക്കപ്പെടേണ്ടവർ തന്നെയാണ്...

അംഗസംഖ്യ ക്രമപ്രവൃദ്ധമായി വർധിക്കുന്നതിന് ആനുപാതികമായി അവയെ തീറ്റിപ്പോറ്റാനും സംരക്ഷിക്കാനുമുള്ള ചെലവുകളും ഉയർന്നുവരും. ഇതൊരിക്കലും ഒരു കർഷകനെ സംബന്ധിച്ച് സഹിക്കാവുന്ന കഷ്ടതയും നിറവേറ്റാൻ പറ്റുന്ന ഉത്തരവാദിത്തവും വഹിക്കാവുന്ന ഭാരവുമല്ല. ആത്മഹത്യാ മുനമ്പിൽ നിൽക്കുന്ന കർഷകൻ ഇത്രയും ഭീമമായ സംഖ്യ ചെലവഴിച്ച് യാതൊരു ഉപകാരവുമില്ലാത്ത പശുവിനെ പോറ്റണോ, അതോ പട്ടിണിക്കോലങ്ങളായ തന്റെ അരുമമക്കൾക്കും കുടുംബത്തിനും ജീവൻ നിലനിർത്താനുള്ള അന്നം തേടി അലയണോ? അവൻ ഒരിക്കലും ഈ നഷ്ടക്കച്ചവടത്തിന് മുതിരുകയില്ല. അവൻ തന്റെ കാലിവളർത്തലും ക്ഷീരോൽപാദനവും എന്നെന്നേക്കുമായി നിർത്തും. വൻകിട ഫാമുകൾ ആയാലും സ്ഥിതി വ്യത്യസ്തമായിരിക്കില്ല. അതിന്റെ ജീവിക്കുന്ന ഉദാഹരണവും തുടക്കവും ആണ് റായ്പൂരിലെ ബി.ജെ.പി നേതാവ് ഹരീഷ് ശർമയുടെ ഫാമുകളിലെ 'ഗോമാതാക്കളുടെ' അതിദാരുണമായ പട്ടിണി മരണങ്ങൾ. ●

**അടുത്ത ലക്കത്തിൽ: ഗോരക്ഷയുടെ ഇന്ത്യൻ പാരമ്പര്യം**

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com



# കുട്ടികളുടെ മാനസിക വളർച്ച

സ്‌നേഹവാത്സല്യങ്ങളുടെ വൈകാരിക ഉദ്ദീപനം കുട്ടിമനസ്സിൽ സാധ്യമാക്കുന്ന മാർഗങ്ങളെക്കുറിച്ചാണ് നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. പ്രവാചകാധ്യാപനങ്ങളുടെ വെള്ളി വെളിച്ചത്തിൽ തെളിഞ്ഞു കാണുന്ന ഒട്ടനവധി വഴികൾ ഇനിയുമുണ്ട്. അതിൽ പെട്ട ചിലത് കൂടി നമുക്ക് പരിശോധിക്കാം.

**കുഞ്ഞുങ്ങളുടെ തലയിൽ തടവുക**

കുട്ടികളുടെ മനസ്സിനെ വൈകാരികമായി ഉണർത്തുകയും വളർത്തുകയും ചെയ്യുന്ന മനഃശാസ്ത്രപരമായ ഒരു നടപടിയാണ് കുട്ടികളുടെ തല തടവുകയെന്നത്. അതിലൂടെ അവർ കാരുണ്യത്തിന്റെ നനവ് ആസ്വദിക്കുന്നു. വാത്സല്യത്തിന്റെ ശീതളക്കാറ്റ് അവരുടെ ശരീരത്തിലും മനസ്സിലും അടിച്ചുവീശും. കാരുണ്യവാനായ പ്രവാചകന്റെ ജീവിതശീലങ്ങളിൽ ഒന്നായിരുന്നു അത്. അനസ്ؓ പറയുന്നു: "നബിﷺ അൻസ്വാറുകളെ സന്ദർശിക്കുകയും അവരുടെ കുട്ടികൾക്കു സലാം പറയുകയും അവരുടെ ശിരസ്സുകളിൽ തലോടുകയും ചെയ്യും" (സ്വഹീഹ് അൽ ജാമിഅ്, അന്നസാഈ).

കുട്ടികളുടെ തല തടവുക മാത്രമല്ല, തന്റെ വിശുദ്ധ കരങ്ങൾ കൊണ്ട് കുട്ടികളുടെ കവിളുകളിൽ തലോടി അതിലൂടെ അവരോടുള്ള സ്‌നേഹവും സന്തോഷവും പ്രകടമാക്കുകയും ചെയ്യുമായിരുന്നു നബിﷺ. ജാബിറുബിൻ ഉസാമത്ؓ (വളരെ പ്രായം കുറഞ്ഞ സ്വഹാബിയായ ഒരു കുട്ടിയായിരുന്ന നേരത്ത്) പറയുന്നു: "ഞാൻ നബിﷺയുടെ കൂടെ ഒന്നാമത്തെ നമസ്‌കാരം അഥവാ ദുഹ്ർ നമസ്‌കാരം നിർവഹിച്ചു. പിന്നീട് അദ്ദേഹം തന്റെ കുടുംബങ്ങളിലേക്ക് പുറപ്പെട്ടു പോയി. ഞാനും നബിയുടെ കൂടെ പോയി. അങ്ങനെ നബിﷺ വീട്ടിലേക്കു കയറുമ്പോൾ രണ്ടു കുട്ടികൾ അദ്ദേഹത്തിന്റെ മുന്നിലേക്ക് കടന്നുവന്നു. നബി അവരുടെ ഓരോരുത്തരുടെയും ഇരു കവിളുകളിലും തടവിക്കൊണ്ടിരുന്നു. അങ്ങനെ എന്റെ കവിളിലും തടവി. അപ്പോൾ എനിക്ക് തണുപ്പ് അനുഭവപ്പെട്ടു-അല്ലെങ്കിൽ നല്ല സുഗന്ധം. അത്തർ കുപ്പിയിൽനിന്നെടുത്ത കൈകളെ പോലെയായിരുന്നു അദ്ദേഹത്തിന്റെ കൈകൾ" (ഇമാം മുസ്‌ലിം).

നബിﷺ ഈ പ്രവൃത്തി സൂചിപ്പിക്കുന്നത്, ഒന്നിലധികം കുട്ടികൾ ഉണ്ടെങ്കിൽ എല്ലാവരെയും പരിഗണിക്കുന്നതിൽ ശ്രദ്ധ പുലർത്തണമെന്നാണ്.

**പ്രസന്നതയോടെ സ്വീകരിക്കുക**

കുട്ടികൾക്ക് അവർ കടന്നുവരുമ്പോഴും കണ്ടുമുട്ടുമ്പോഴും അവരെ നല്ല മുഖപ്രസന്നതയോടെ സ്വീകരിക്കുക. പ്രഥമ സംഗമം പ്രസന്നവും മുഖം കൊടുത്തുകൊണ്ടുമാകുമ്പോൾ തുടർന്നുള്ള സംസാരത്തിന്നും സംഭാഷണത്തിനും ശ്രദ്ധയും ബഹുമാനവും കിട്ടും. മറിച്ചാണെങ്കിൽ അവർക്ക് മനസ്സ് തുറക്കാനോ അവരുടെ വികാരങ്ങളെ രക്ഷിതാക്കളുമായി പങ്കുവെക്കാനോ അവർ സന്നദ്ധരാവില്ല. മറിച്ച് അതെല്ലാം പുറത്തുള്ളവരുമായിട്ടാവും അവർ പങ്കുവെക്കുക. അവർ നല്ല മനസ്സുള്ളവരാണോ അതോ ചൂഷണ താൽപര്യക്കാരാണോ എന്നൊന്നും വേർതിരിച്ചറിയാൻ കുട്ടികൾക്കു കഴിയില്ലതാനും. ഇത് പല അപകടങ്ങളിലേക്കും വഴി നടത്തുകയും ചെയ്യും. നബിﷺ യാത്രയിൽ നിന്ന് വരുമ്പോഴും കുട്ടികൾ കടന്നുവരുമ്പോഴും അവരെ നല്ല മുഖ പ്രസന്നതയോടെ, അവർക്കു പരിഗണന നൽകിക്കൊണ്ട് സ്വീകരിക്കും. ഇമാം മുസ്‌ലിമും ഇമാം അഹ്മദും റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീഥിൽ അബ്ദുല്ലാഹിബ്നു ജഅ്ഫർؓ നിവേദനം: "നബിﷺ വല്ല യാത്രയും കഴിഞ്ഞു വന്നാൽ തന്റെ കുടുംബത്തിലുള്ള കുട്ടികളെ കാണും. നബിﷺ യാത്ര കഴിഞ്ഞു വന്നാൽ ഞാൻ അവരെല്ലാവരെയും മുൻ കടന്നു നബിയുടെ അടുത്ത് എത്തും. എന്നെ അദ്ദേഹം മുമ്പിൽ ഏറ്റും. ഫാത്വിമؓയുടെ മക്കളിൽ നിന്ന് ഹസനോ ഹുസൈനോ എത്തും. അവരെ പിന്നിൽ കൂട്ടും. ഞങ്ങൾമൂന്നാളുകളെയും കൊണ്ട് പട്ടണത്തിൽ പ്രവേശിക്കും" (മുസ്‌ലിം).

**ശ്രദ്ധ നൽകുക**

കുട്ടികളുടെ മനസ്സിന്നു സ്ഥൈര്യവും ദാർഢ്യതയും നൽകുന്ന ഒന്നാണ് അവരെ സദാ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയും കണ്ണിൽ നിന്ന് അകന്നാൽ അഥവാ കാണാതായാൽ പെട്ടെന്ന് തന്നെ അവരെ അന്വേഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുകയെന്നത്. അവർ ഒറ്റക്കാകുന്നതിനെ പേടിക്കുക. അത് അവരിൽ ആത്മ വിശ്വാസം വളർത്തും. ഞങ്ങളുടെ കാര്യത്തിൽ ആശങ്കയുള്ളവരാണ് ഞങ്ങളുടെ മാതാപിതാക്കൾ എന്ന തോന്നൽ അവരിൽ സുരക്ഷിതബോധം വളർത്തും. നബിﷺ എപ്പോഴും അവരുടെ കാര്യത്തിൽ ശ്രദ്ധകൊടുത്തിരുന്നു. അവരെ കാണാതായാൽ ആശങ്കപ്പെടുകയും അന്വേഷിക്കുകയും ചെയ്യും. കാണുന്നില്ലെന്ന് വന്നാൽ ഇറങ്ങി അവരെ തേടിപ്പോകും. ചുറ്റുമുള്ളവരോട് കുഞ്ഞുങ്ങളെ അന്വേഷിക്കുവാൻ പറയും. പ്രവാചകൻﷺ എത്ര നല്ല രക്ഷിതാവ് കൂടിയായിരുന്നെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു. **(തുടരും)**

മുഹമ്മദ് അജ്മൽ. സി
mohdajmalc@gmail.com

ലേഖനം



# മനുഷ്യമസ്തിഷ്കം എന്ന സൂപ്പർ കമ്പ്യൂട്ടർ!

പലപ്പോഴും നാം ഈ ലോകത്തെ മനസ്സിലാക്കുന്നത് വളരെ ലളിതമായാണ്! നാം കമ്പ്യൂട്ടർ ഉപയോഗിക്കുന്നു! എന്നാൽ അതിന്റെ പ്രവർത്തനത്തിന് നിദാനമായ മൈക്രോപ്രോസസ്സറുകളെപ്പറ്റി നാം ചിന്തിക്കാറില്ല. അത് പോലെ തന്നെ നാം ഈ ലോകത്തെക്കുറിച്ചോ പ്രകൃതിയെക്കുറിച്ചോ അതിലെ അത്ഭുതങ്ങളെ ക്കുറിച്ചോ ചിന്തിക്കാറില്ല! നമ്മുടെ ചിന്താശേഷി ഉണർത്തുവാൻ ഇവിടെ ഞാൻ തിരഞ്ഞെടുക്കുന്ന ഉദാഹരണം ചിന്തയ്ക്ക് കാരണമായ തലച്ചോറാണ്!

മനുഷ്യമസ്തിഷ്കം അഥവാ സൂപ്പർ സൂപ്പർ സൂപ്പർ കമ്പ്യൂട്ടർ!

മനുഷ്യമസ്തിഷ്കത്തിന്റെ അടിസ്ഥാന ഘടകം 'ന്യൂറോൺ' എന്ന കോശമാണ്. വളർച്ച പ്രാപിച്ച ഒരു തലച്ചോറിൽ 100 ബില്യൺ അഥവാ 100000000000 ന്യൂറോണുകൾ ഉണ്ടാകും!

ഈ ന്യൂറോണുകൾ ഒരു വലിയ നെറ്റ്വർക്കിനു തന്നെ രൂപം നൽകുന്നു! ഓരോ ന്യൂറോൺ കോശവും 1000 മുതൽ 2 ലക്ഷം വരെ കോശങ്ങളുമായി കണക്റ്റ് ചെയ്തിട്ടുണ്ടാകും. ഈ ബന്ധങ്ങളെ 'സിനാപ്സ്' എന്ന് വിളിക്കുന്നു!

അങ്ങനെയെങ്കിൽ ഒരു ന്യൂറോൺ കോശം ശരാശരി 10000 കോശങ്ങളുമായി ബന്ധം സ്ഥാപിച്ചിരിക്കുന്നു എന്നെടുത്താൽ തലച്ചോറിലെ ആകെ സിനാപ്സുകളുടെ എണ്ണം=100000000000 x 10000 = 10^15 (ക്വാട്രില്യൻ).

അതായത് 100 ബില്യൺ ന്യൂറോണുകൾ അടങ്ങുന്ന അവ തമ്മിൽ ഒരു ക്വാട്രില്യൻ കണക്ഷനുകൾ ഉള്ള ഒരു സിസ്റ്റം ആണ് മനുഷ്യ മസ്തിഷ്കം!

മനുഷ്യ മസ്തിഷ്കത്തിന്റെ സങ്കീർണത മനസ്സിലാക്കാൻ ഈയൊരു ഉദാഹരണം ശ്രദ്ധിച്ചാൽ മതി:

നമ്മുടെ ലോകത്തിലെ ഇന്നത്തെ ഏറ്റവും വലിയ നെറ്റ്വർക്കുകളിൽ ഒന്നാണ് മൊബൈൽ ഫോൺ നെറ്റ് വർക്ക്. 6 ബില്യൺ മോബൈലുകൾ ലോകത്തുണ്ട് എന്ന് കണക്കാക്കപ്പെടുന്നു. (ശ്രദ്ധിക്കുക: ന്യൂറോണുകൾ 100 ബില്യൺ).

ഓരോ മൊബൈലിലും 500 കോണ്ടാക്റ്റ് നമ്പറുകൾ ഉണ്ട് എന്ന് കരുതുക! അങ്ങനെയെങ്കിൽ മൊത്തം കണക്ഷനുകളുടെ എണ്ണം= 600000000 x 500 =30 x 10^11, അഥവാ മൂന്ന് ട്രില്യൻ (Trillion)

അതായത് ലോകം മുഴുവൻ വ്യാപിച്ചു നിൽകുന്ന മൊബൈൽ ശൃംഖലയെക്കാൾ 1000 ഇരട്ടി വലുതാണ് ഒരാളുടെ തലച്ചോറിലെ ന്യൂറോൺ കണക്ഷൻസ്! ആ തലച്ചോറിന്റെ ഭാരം 1.3 കിലോഗ്രാമും വ്യാപ്തി 14 cm x 16 cm x 9 cm മാത്രവും!

ഇനി ശ്രദ്ധിക്കുക!

ഈ തലച്ചോർ ഒരു ലക്ഷത്തിലധികം സന്ദേശങ്ങൾ ഒരു സെക്കന്റിനുള്ളിൽ കൈകാര്യം ചെയ്യുന്നു!

നിങ്ങളുടെ ശ്വസന പ്രക്രിയയെയും വിശപ്പിനെയും കൈകാലുകളുടെ ചലനത്തെയും എന്തിനേ

റെ, നിങ്ങളുടെ കൺപീലികളുടെ ചലനത്തെ സംബന്ധിച്ച് വരെയുള്ള വിവരങ്ങൾ സൂക്ഷിക്കുന്നു!

ഒരു മൊട്ടുസൂചി പോലും തനിയെ ഉണ്ടായതാണ് എന്ന് വിശ്വസിക്കാത്തവരാണ് നാം. പിന്നെ എങ്ങനെയാണ് ലോകം മുഴുവനുള്ള മൊബൈൽ നെറ്റ്‌വർക്കിനെക്കാൾ സങ്കീർണമായ നമ്മുടെ മസ്തിഷ്കം യാദൃച്ഛികമായി ഉണ്ടായതാണ് എന്ന് ആ തലച്ചോർ ഉപയോഗിച്ച് നമുക്ക് ചിന്തിക്കുവാൻ കഴിയുന്നത്? കേവലം ചില യാദൃച്ഛികതകളുടെ ഉൽപന്നമാണ് മനുഷ്യനും അവനു ചുറ്റുമുള്ള പ്രപഞ്ചവും എന്ന് വാദിക്കുന്നവർ മനുഷ്യശരീരത്തെ സംബന്ധിച്ച് ഉറ്റാലോചിക്കേണ്ടതാണ്.

ഇനി, യാദൃച്ഛികമായി എല്ലാം രൂപപ്പെടുവാനുള്ള സാധ്യതകളെക്കുറിച്ച് നാം ചർച്ച ചെയ്യേണ്ടതുണ്ട്. ഈ വിഷയം പെട്ടെന്ന് മനസ്സിലാകുവാൻ ഒരു ചെറിയ പരീക്ഷണം ഇവിടെ അവതരിപ്പിക്കാം:

ഒരു ചെറിയ പരീക്ഷണം!

ഒന്ന് മുതൽ പത്തു വരെ രേഖപ്പെടുത്തിയ പത്ത് കടലാസ് കഷ്ണങ്ങൾ ഒരു സഞ്ചിയിൽ ഇടുക.

ഇനി ഒന്ന് മുതൽ പത്ത് വരെയുള്ള അതേ ക്രമത്തിൽ ആ കടലാസുകൾ തിരിച്ചെടുക്കുവാൻ ശ്രമിക്കുക (അതിലേക്കു നോക്കാതെ!). ഓരോ തവണ കടലാസ് എടുത്ത ശേഷവും അതിന്മേൽ രേഖപ്പെടുത്തിയ സംഖ്യ ശ്രദ്ധിച്ച ശേഷം തിരച്ചു നിക്ഷേപിക്കുക.

പത്ത് തവണ നിങ്ങൾ എടുത്താൽ ഒന്ന് മുതൽ പത്ത് വരെയുള്ള അതേ ക്രമത്തിൽ നിങ്ങൾക്ക് കടലാസുകൾ ലഭിക്കാനുള്ള സാധ്യത എന്ത്?

ആദ്യം എടുക്കുന്നത് '1' ആവാനുള്ള സാധ്യത പത്തിലൊന്ന്! ഇനി അതോടൊപ്പം രണ്ടാമത്തേത് '2' ആവാനുള്ള സാധ്യത നൂറിലൊന്ന്! അടുത്തത് മൂന്നിലൊന്ന് ലഭിക്കാനുള്ള സാധ്യത ആയിരത്തിലൊന്ന്! ഇങ്ങനെ ഒന്ന് മുതൽ പത്ത് വരെ ക്രമത്തിൽ കിട്ടാനുള്ള സാധ്യത ആയിരം കോടിയിലൊന്നു മാത്രം! അതായത് ഈയൊരു ചെറിയ പരീക്ഷണത്തിൽ തന്നെ നിങ്ങൾ ഉദ്ദേശിക്കുന്ന ഫലം കിട്ടുവാനുള്ള സാധ്യത ഇല്ല എന്ന് തന്നെ പറയാം! നിങ്ങൾ മനഃപൂർവം നിങ്ങൾക്കാവശ്യമുള്ള ഫലം ലഭിക്കുവാൻ എന്തെങ്കിലും മാറ്റങ്ങൾ വരുത്തുന്നത് വരെ!

ഇതേ കേവലയുക്തി കൊണ്ട് തന്നെ ചിന്തിക്കുക!

കേവലം യാദൃച്ഛികത മൂലം, സാധ്യതകൾ മൂലം ഈ ഭൂമിയും അതിൽ ജീവൻ നിലനിൽക്കുവാനുള്ള എല്ലാ സാഹചര്യങ്ങളും അതിലെ ജീവജാലങ്ങളും നിലവിൽ വരുമോ?

ചിന്തിക്കുക!

ഭൂമിയുടെ അച്ചുതണ്ട് 23 ഡിഗ്രി ചെരിഞ്ഞാണ് ഉള്ളത്. അതിനു ഇത്ര ചെരിവ് ഇല്ലായിരുന്നെങ്കിൽ ഭൂഖണ്ഡങ്ങൾ തണുത്തുറഞ്ഞു പോകുമായിരുന്നു!

ഭൂമി സ്വന്തം അച്ചുതണ്ടിൽ ഒരു മണിക്കൂറിൽ ആയിരം മൈൽ വേഗത്തിൽ കറങ്ങുന്നു. ആ കറക്കത്തിന്റെ വേഗത 100 മൈൽ ആയിരുന്നെങ്കിൽ നമ്മുടെ രാപ്പകലുകളുടെ ദൈർഘ്യം പത്തിരട്ടിയാകുമായിരുന്നു. മാത്രമല്ല, അമിതമായ സൂര്യപ്രകാശം കാരണം ഒരിക്കലും ഇവിടെ ജീവൻ നിലനിൽക്കുകയുമില്ല!

ഈ പ്രപഞ്ചത്തിലെ ചെറിയ നക്ഷത്രങ്ങളിലൊന്നാണ് സൂര്യൻ. സൂര്യന്റെ ഉപരിതലത്തിലെ താപനില 10000 ഫാരൻഹീറ്റ് ആണ്. ഇത് ഭൂമിക്ക് ആവശ്യത്തിന് മാത്രമുള്ള ചൂട് പ്രദാനം ചെയ്യുന്നു. സൂര്യൻ പുറത്തു വിടുന്ന രശ്മികൾ അൽപം കുറവായിരുന്നെങ്കിൽ നമ്മുടെ ഭൂമി ഒരു തണുത്തുറഞ്ഞ ഗ്രഹമായി മാറിയേനെ! അൽപം കൂടിയിരുന്നെങ്കിലോ? നാമെല്ലാം കരിഞ്ഞു പോയേനെ!

ചന്ദ്രൻ നമ്മോട് കുറച്ചു കൂടി അടുത്തായിരുന്നെങ്കിൽ വേലിയേറ്റം മൂലം ദിവസം രണ്ടു തവണ കര മുഴുവൻ മുങ്ങിപ്പോയേനെ! പർവതങ്ങൾ ഒലിച്ചു പോയേനെ!

ഭൂമിയുടെ ഉപരിഭാഗം(crust) പത്തടി കൂടി മാത്രം കട്ടിയുണ്ടായിരുന്നെങ്കിൽ ഇവിടെ ഓക്സിജൻ ഉണ്ടാകുമായിരുന്നില്ല!

സമുദ്രങ്ങൾ അൽപം കൂടി ആഴമുള്ളതായിരുന്നെങ്കിൽ കാർബൺ ഡയോക്സൈഡ് മുഴുവൻ അവ വലിച്ചെടുക്കുകയും സസ്യങ്ങളുടെ നിലനിൽപ് അവതാളത്തിലാകുകയും ചെയ്യുമായിരുന്നു!

ഇവ ജീവന്റെ നിലനിൽപിനാവശ്യമായ ചില ഘടകങ്ങൾ മാത്രം! എന്താണ് ഇവയെല്ലാം വളരെ യാദൃച്ഛികമായി നമ്മുടെ അസ്തിത്വത്തിന് അനുകൂലമായി വരാനുള്ള സാധ്യത? നിങ്ങൾ ഒരു മരുഭൂമിയിലൂടെ നടന്ന് നീങ്ങുമ്പോൾ ഒരു മൊബൈൽ ഫോൺ ലഭിച്ചു എന്ന് സങ്കൽപിക്കുക. നിങ്ങൾ എത്തുന്ന യുക്തിപരമായ അനുമാനം എന്തായിരിക്കും? കോടാനുകോടി വർഷം മരുഭൂമി ഏറ്റുവാങ്ങിയ കാറ്റിന്റെയും മഴയുടെയും സൂര്യപ്രകാശത്തിന്റെയും ഇടിമിന്നലുകളുടെയും കാരണമായി മണലിൽ നിന്ന് ഗ്ലാസും സിലിക്കണും ഉണ്ടായി അത് മണൽക്കാടുകൾക്കിടയിൽ നിന്നുണ്ടായ എണ്ണയിൽ നിന്ന് ഉണ്ടായ പ്ലാസ്റ്റിക്കുമായി സംഗമിച്ച് ഫോൺ ആയി എന്നതായിരിക്കുമോ? അല്ലല്ലോ! പ്രകൃതിപ്രതിഭാസങ്ങളുടെ ഭാഗമായി ഒരു മൊബൈൽ ഫോൺ ഉണ്ടാകും എന്ന് പോലും വിശ്വസിക്കുവാൻ നമ്മുടെ മനസ്സ് നമ്മെ അനുവദിക്കുന്നില്ല എങ്കിൽ ഫോണിനെക്കാൾ കോടാനുകോടി മടങ്ങ് സങ്കീർണമായ ഈ പ്രപഞ്ചത്തിന് പിന്നിൽ ഒരു സ്രഷ്ടാവില്ല എന്ന് പറയുന്നത് യുക്തിപരമാണോ?! ●

ബാലപഥം

ആശയ വിവർത്തനം

റാഷിദ ബിൻത് ഉസ്മാൻ
AIWA കോളേജ് മോങ്ങം



# വഞ്ചന കാണിക്കുന്നവൻ യഥാർഥ മുസ്‌ലിമല്ല

നഗരത്തിലെ പ്രശസ്തമായ ഹോട്ടൽ. സമയം ഉച്ചയോടടുക്കുന്നു. നല്ല തിരക്കുണ്ട്. നന്നായി വസ്ത്രം ധരിച്ച, കണ്ടാൽ വളരെ മാന്യനെന്ന് തോന്നിക്കുന്ന ഒരാൾ അന്നേരം ഹോട്ടലിലേക്ക് കയറിച്ചെന്നു.

"എന്തു വേണം സാർ" സപ്ലയർ ചോദിച്ചു.

"നന്നായി പൊരിച്ച ബ്രഡ്ഡും സലാഡും" അയാൾ മറുപടി പറഞ്ഞു.

ഭക്ഷണം മുമ്പിലെത്തിയ പാടെ അയാൾ കഴിക്കുവാൻ തുടങ്ങി.

"ആഹ്... എന്റെ പല്ല്" ഒന്നു കടിച്ചയുടൻ അയാൾ ഉറക്കെ ശബ്ദിച്ചു.

അന്നേരം കയ്യിൽ ബാഗുമായി ഒരാൾ അവിടെ കടന്നുവന്നു.

"എന്താണ് പല്ലുവേദനയോ?" അയാൾ ചോദിച്ചു.

"അതെ ശക്തമായ വേദന. ഭക്ഷണം കഴിക്കുവാൻ കഴിയുന്നില്ല."

ഉടനെ അയാൾ ബാഗിൽ നിന്നും ഒരു ചെറിയ കുപ്പിയെടുത്ത് അതിലുള്ള ദ്രാവകം പഞ്ഞിയിലാക്കി പല്ല് വേദനയുള്ളയാൾക്ക് കൊടുത്തു. എന്നിട്ട് ഉറക്കെ പറഞ്ഞു:

"ഇത് വേദനയുള്ള ഭാഗത്ത് വെക്കുക. ഉടനെ വേദന മാറും."

അയാൾ അത് വാങ്ങി വേദനയുള്ള ഭാഗത്ത് വെച്ചു.

"ഹോ... അത്ഭുതം! വേദന പമ്പകടന്നു" ആശ്ചര്യത്തോടെ അയാൾ പറഞ്ഞു.

ഇതെല്ലാം ആളുകൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ആളുകൾ മരുന്നുകാരന്റ ചുറ്റും കൂടി. പെട്ടെന്ന് വേദന മാറ്റുന്ന അത്ഭുത മരുന്ന് എല്ലാവർക്കും വേണമായിരുന്നു. നിമിഷങ്ങൾക്കകം മരുന്നെല്ലാം തീർന്നു.

മരുന്നുകാരനും പല്ലുവേദനക്കാരനും സ്ഥലം വിട്ടു. രണ്ടുപേരും നേരെ പോയത് റെയിൽവെ സ്റ്റേഷനിലേക്കായിരുന്നു. ടിക്കറ്റെടുത്ത് പ്ലാറ്റ്ഫോമിൽ ട്രെയിൻ കാത്തിരിക്കെ പല്ലുവേദനക്കാരൻ പറഞ്ഞു:

"ഇന്നത്തെ എന്റെ അഭിനയം എങ്ങനെയുണ്ടായിരുന്നു?"

"കലക്കി! എത്ര വേഗത്തിലാണ് മരുന്നെല്ലാം വിറ്റുതീർന്നത്. എന്റെ വാചകമടികൂടിയുള്ളതുകൊണ്ടാണ് ആളുകളൊക്കെ മരുന്ന് വാങ്ങിയതെന്ന് മറക്കേണ്ട" മരുന്നുകാരൻ പറഞ്ഞു.

അങ്ങനെ രണ്ടുപേരും ലാഭത്തിന്റെ കണക്ക് കൂട്ടുന്നതിനിടയിലാണ് ഏതാനും പോലീസുകാർ അവരെ സമീപിച്ചത്.

"നിങ്ങൾ രണ്ടു പേരെയും അറസ്റ്റു ചെയ്യാൻ വന്നതാണ് ഞങ്ങൾ" ഒരു പോലീസുകാരൻ ഗൗരവത്തിൽ പറഞ്ഞു.

ഞങ്ങളെ അറസ്റ്റ് ചെയ്യുകയോ. ഞങ്ങൾ ആരെയും കൊന്നിട്ടൊന്നുമില്ലല്ലോ. പിന്നെ എന്തിനാ ഞങ്ങളെ അറസ്റ്റ് ചെയ്യുന്നത്?" മരുന്നുകാരൻ പേടിച്ചു വിറച്ചുകൊണ്ട് ചോദിച്ചു.

"രോഗം പെട്ടെന്നു മാറുമെന്ന് പറഞ്ഞും അഭിനയിച്ച് കാണിച്ചും ഒരുപാടുപേരെ നിങ്ങൾ ചതിച്ചില്ലേ? മരുന്ന് വാങ്ങിയ പലരും പരാതിയുമായി ഞങ്ങളെ സമീപിച്ചിട്ടുണ്ട്."

രണ്ടു പേർക്കും ഒന്നും പറയുവാനുണ്ടായി

ലുബിന ഹനീഫ്, തിരൂരങ്ങാടി
mail@nerpatham.com

കവിത

# പാഥേയം



ഒരുക്കി വെക്കണം നാം പാഥേയം
ഓർക്കാതെയെത്തുമാ യാത്രക്ക്
പരതി നോക്കണം കണക്കുകൾ
പിഴവു വന്നെങ്കിൽ തിരുത്തണം
ഫുൾ മാർക്ക് വാങ്ങണം പേപ്പറിൽ
ഫിറ്റായി തീരുവാൻ കൂട്ടരേ,
ഓഫറുകൾ ഒത്തിരി തന്നു നാഥൻ
ഒന്നാഞ്ഞു ശ്രമിക്കുകയല്ലേ വേണ്ടൂ?
കൊയ്തിടാം പുണ്യങ്ങൾ നൂറുമേനി
കൊച്ചായി കാണരുത് ഒന്നിനെയും
ചെറു പുഞ്ചിരി പോലും ധർമമെന്ന്
ചൊല്ലിയതല്ലയോ പുണ്യദൂതർ!
മാർക്കിൽ അനീതി ലവലേശമില്ല
മർത്യന്റെ സ്ഥാന ചെറുപ്പമില്ല
സിലബസ്സ് ക്വുർആനെന്നോർത്തിടേണം
സുന്നത്തുമൊപ്പമുണ്ടോർമ വേണം
കാരുണ്യക്കടലായ ലോകനാഥൻ
കാരുണ്യ വർഷം ചൊരിഞ്ഞിടുന്നു
നേർപഥം ഇതു തന്നെ കൂട്ടുകാരേ
നേർവഴി തെറ്റാതെ പോയീടുക.

രുന്നില്ല.

"നിങ്ങളുടെ മതമേതാണ്?" ഒരു പോലീസുകാരൻ ചോദിച്ചു.

"ഞങ്ങൾ മുസ്‌ലിംകളാണ്" അവർ ഒന്നിച്ചാണത് പറഞ്ഞത്.

അത് കേട്ടപ്പോൾ പോലീസുകാരന് ദേഷ്യം വന്നു.

"എന്നിട്ടാണോ നിങ്ങൾ ഈ ദുഷിച്ച പണി ചെയ്തത്?"

അവർ ഇരുവരും പകച്ചുനിന്നു.

"നമ്മെ വഞ്ചിച്ചവൻ നമ്മിൽ പെട്ടവനല്ല എന്ന് മുഹമ്മദ് നബിﷺ പറഞ്ഞത് നിങ്ങൾക്കറിയില്ലേ? വഞ്ചനകാണിക്കുന്നവൻ യഥാർഥ മുസ്‌ലിമല്ലെന്ന്. എന്നിട്ടും ജനങ്ങളെ ചതിച്ച് മുസ്‌ലിംകളാണെന്നും പറഞ്ഞ് നടക്കുന്നു."

രണ്ടു പേരെയും പോലീസ് അറസ്റ്റ് ചെയ്ത് കൊണ്ടുപോയി. കൂട്ടുകാരേ, ഒരു മുസ്‌ലിമിന് ആരെയും വഞ്ചിക്കുവാൻ അനുവാദമില്ല. ജീവിതത്തിൽ ഒരിക്കലും ആരെയും വഞ്ചിക്കരുത്.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

ഇബ്‌റാഹീം നബി(അ): 5



# അഗ്നിപരീക്ഷണത്തിൽ അടിപതറാതെ

ഇബ്‌റാഹീം നബി(അ)യോടുള്ള അവരുടെ അമർഷം കടുത്തതായിരുന്നു. അതിനാൽ തന്നെ അദ്ദേഹത്തെ കരിച്ച് കളയുന്നതിലെ സന്തോഷം അവരുടെ മുഖത്ത് പ്രകടമായിരുന്നു. അദ്ദേഹത്തെ എന്നെന്നേക്കുമായി ഉന്മൂലനം ചെയ്യലാണ് സ്വന്തം പിതാവ് അടങ്ങുന്ന ആ സമൂഹത്തിന്റെ ലക്ഷ്യം! അവർ അതിനുള്ള തയ്യാറെടുപ്പുകൾ നടത്തി. പലരും ആ തീയിലേക്ക് വിറക് നേർച്ച നേർന്നു. ദിവസങ്ങളോളം കത്തുന്നതിന് വേണ്ടി അതിനു വേണ്ട തയ്യാറെടുപ്പുകൾ അവർ നടത്തി. പണ്ഡിതന്മാർ വിവരിക്കുന്നത് കാണുക:

“നിശ്ചയമായും (അവരിൽ) ഒരു സ്ത്രീ രോഗിയായാൽ (ഇപ്രകാരം പറയും:) ‘ഞാൻ സുഖം പ്രാപിച്ചാൽ ഇബ്‌റാഹീമിനെ കരിക്കുന്നതിന് തീർച്ചയായും ഞാൻ വിറക് ശേഖരിക്കുക തന്നെ ചെയ്യും എന്ന് ഞാൻ നേർച്ച നേർന്നിരിക്കുന്നു.”

ഇബ്‌റാഹീം(അ)നെ തീയിലേക്കെറിയുന്ന സന്ദർഭത്തിൽ അദ്ദേഹത്തിന് അല്ലാഹുവിലുണ്ടായിരുന്ന അർപ്പണ ബോധത്തിന്റ ആഴം മനസ്സിലാക്കുവാൻ താഴെ കൊടുത്തിട്ടുള്ള ഹദീഥ് കാണുക:

ഇബ്നു അബ്ബാസ്(റ)വിൽ നിന്ന് നിവേദനം: “ഭരമേൽപിക്കുവാൻ ഏറ്റവും നല്ലവനായ അല്ലാഹു മതി എനിക്ക് എന്ന വചനം ഇബ്‌റാഹീം(അ) തീയിലെറിയപ്പെട്ടപ്പോൾ പറഞ്ഞതാണ്. മുഹമ്മദ്ﷺയും ഈ വാക്ക് പറഞ്ഞിട്ടുണ്ട്. ‘ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിക്കുന്നു. അവരെ ഭയപ്പെടണം എന്ന് ആളുകൾ അവരോട് പറഞ്ഞപ്പോൾ അതവരുടെ വിശ്വാസം വർധിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ” (ബുഖാരി).

അല്ലാഹുവിന്റെ ഏകത്വം ഉദ്ഘോഷിച്ചതിനാൽ കടുത്ത ഒരു പരീക്ഷണം ഇബ്റാഹീം(അ) നേരിടേണ്ടി വരികയാണ്. എന്നാൽ രക്ഷപ്പെടാനായി പോലും തന്റെ വിശ്വാസം അടിയറ വെക്കുവാൻ അദ്ദേഹം തയ്യാറായില്ല. ഇബ്റാഹീം(അ) എല്ലാം അല്ലാഹുവിൽ അർപിച്ച്, അവനിൽ ഉറച്ചു വിശ്വസിച്ച് പരീക്ഷണത്തെ നേരിടുകയാണ് ചെയ്തത്. മഹാനായ പ്രവാചകൻ മുഹമ്മദ്(ﷺ)യും ഇതേ വാക്ക് പറഞ്ഞിട്ടുണ്ട്. ഉഹ്ദ് യുദ്ധത്തിൽ എഴുപതോളം സ്വഹാബികൾ രക്ത സാക്ഷികളാവുകയും മൊത്തത്തിൽ മുസ്‌ലിംകൾ വലിയ പ്രതിസന്ധി അഭിമുഖീകരിക്കുകയും ചെയ്തുവല്ലോ. ഈ സന്ദർഭത്തിൽ ഇനിയും ഒരു സംഘം നിങ്ങളെ നേരിടാൻ വരുന്നുവെന്ന വിളിയാളം കേട്ടപ്പോൾ പേടിച്ച് പിന്മാറുകയല്ല ചെയ്തത്. അവർക്ക് വിശ്വാസം വർധിക്കുകയും അല്ലാഹുവിൽ എല്ലാം അർപിച്ച് പരീക്ഷണത്തെ നേരിടുകയുമാണവർ ചെയ്തത്. സൈനിക ബലമോ ആയുധ ബലമോ വേണ്ടത് പോലെ ഇല്ലാതിരുന്നിട്ടും നബി(ﷺ)യും അനുയായികളും നിശ്ചയ ദാർഢ്യത്തോടെ 'ഞങ്ങൾക്ക് അല്ലാഹു മതി' എന്ന് പറഞ്ഞു; അല്ലാഹുവിന്റെ സഹായം അവർക്ക് ലഭിച്ചു. അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസമുണ്ടെങ്കിൽ ഒരാൾക്കും ഒരു സമയത്തും പരിഭ്രാന്തരാവേണ്ടതില്ല.

ഇബ്റാഹീം നബി(അ)യെ അവർ തീയിലേക്ക് എറിഞ്ഞെങ്കിലും അദ്ദേഹത്തിന്റെ ഒരു രോമകൂപത്തിന് പോലും പോറലേൽക്കാതെ അല്ലാഹു രക്ഷപ്പെടുത്തി. ഈ അത്ഭുത സംഭവം പലർക്കും ഉൾകൊള്ളാൻ കഴിയുന്നില്ല. തീയിലിട്ട ശേഷം പൊള്ളലേൽക്കാതെ രക്ഷപ്പെടുകയോ എന്നതാണ് അവരുടെ സംശയം. അതിനാൽ തന്നെ അവർ ഈ സംഭവത്തെ ബുദ്ധിക്ക് നിരക്കാത്ത സംഭവമായി കാണുകയും നിഷേധിച്ചു കളയുകയും ചെയ്യുന്നു. അല്ലാഹുവാണല്ലോ തീയിന് ചൂട് നൽകിയത്. ചൂട് നൽകിയ അല്ലാഹുവിന് അതിൽ മാറ്റം വരുത്തുവാൻ കഴിയില്ലെന്ന് ആർക്കും പറയാൻ കഴിയില്ല. ആ അല്ലാഹു തന്നെയാണ് തീയിനെ തണുപ്പുള്ളതാക്കിയത്. ഇത് ക്വുർആനിൽ സ്പഷ്ടമായി വന്നതുമാണ്.

അല്ലാഹു ഇബ്റാഹീം നബി(അ)യെ രക്ഷപ്പെടുത്തിയത് എങ്ങനെയായിരുന്നുവെന്ന് കാണുക:

"നാം പറഞ്ഞു: തീയേ, നീ ഇബ്റാഹീമിന് തണുപ്പും സമാധാനവുമായിരിക്കുക. അദ്ദേഹത്തിന്റെ കാര്യത്തിൽ ഒരു തന്ത്രം പ്രയോഗിക്കുവാൻ അവർ ഉദ്ദേശിച്ചു. എന്നാൽ അവരെ ഏറ്റവും നഷ്ടം പറ്റിയവരാക്കുകയാണ് നാം ചെയ്തത്" (ക്വുർആൻ 21:69,70).

എങ്ങനെയാണ് തീയിന് തണുപ്പുണ്ടാകുക എന്ന് ചോദിക്കുന്ന മതയുക്തിവാദികൾ ഈ ക്വുർആൻ വചനത്തെയും വെറുതെ വിടുന്നില്ല; ഇത് ആലങ്കാരിക പ്രയോഗമാണ് എന്നാണ് അവരുടെ വ്യാഖ്യാനം. ഈ വചനത്തിൽ വന്നിട്ടുള്ള 'തീ' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് 'കോപം കത്തിനിൽക്കുന്ന ജനങ്ങളാണ്' എന്നാണ് ഇവരുടെ വാദം. അപ്പോൾ ഇത് പ്രകാരം ഈ സൂക്തത്തിന്റെ അർഥം ഇപ്രകാരമാകും: 'നാം പറഞ്ഞു: കോപാകുലരായ മനുഷ്യരേ, ഇബ്റാഹീമിന് നിങ്ങൾ തണുപ്പും സമാധാനവും ആയിത്തീരുക!' എങ്ങനെയുണ്ട് വ്യാഖ്യാനം?! 'കോപം കത്തി നിൽക്കുന്ന മനുഷ്യരേ, ഒന്ന് ഇബ്റാഹീമിനോട് തണുക്കൂ. ഇബ്റാഹീമിന്റെ കാര്യത്തിൽ ഒന്ന് സമാധാനിക്കൂ' എന്നാണ് പോലും ഈ വചനത്തിന്റെ അർഥം. അല്ലാഹു ആ അക്രമികളോട് നേരിട്ട് സംസാരിച്ചുവോ എന്നൊന്നും ചോദിക്കുവാൻ പാടില്ല. മതയുക്തിവാദികളുടെ ഗതികേട് എന്നല്ലാതെ എന്തു പറയാൻ!

ഇബ്റാഹീം(അ)നെ തീയിലിട്ട സമയത്തുണ്ടായത് എന്നു പറഞ്ഞ് ചില വ്യാജ കഥകളെല്ലാം പ്രചരിക്കപ്പെട്ടിട്ടുണ്ട് സമൂഹത്തിൽ. അതിൽ പെട്ട ഒന്ന് കാണുക:

ഇബ്റാഹീം(അ)നെ തീയിലേക്ക് എറിയുന്ന വേളയിൽ ജിബ്‌രീൽ അദ്ദേഹത്തിന്റെ അടുത്ത് വന്ന് ഇപ്രകാരം ചോദിച്ചു: അല്ലാഹുവിനോട് താങ്കൾക്ക് തേടാനുള്ള വല്ല ആവശ്യവുമുണ്ടോ? അപ്പോൾ ഇബ്റാഹീം(അ) പറഞ്ഞു: താങ്കളോട് പറയാനായി എനിക്ക് ഒന്നുമില്ല. അപ്പോൾ ജിബ്‌രീൽ ചോദിച്ചു: എന്നാൽ നിങ്ങൾക്ക് അല്ലാഹുവിനോട് ചോദിച്ചുകൂടേ? അപ്പോൾ ഇബ്റാഹീം(അ) പറഞ്ഞു: എന്റെ അവസ്ഥയെ പറ്റിയുള്ള അറിവ് അവന്റെ അടുത്തുണ്ട്. അവനോട് ഞാൻ ചോദിക്കുന്നതിനെ തൊട്ട് ഞാൻ ഐശ്വര്യവാനാണ്.

ഈ കഥക്ക് യാതൊരു അടിസ്ഥാനവുമില്ല. ഈ സംഭവം എടുത്ത് കാണിച്ച് ചിലരെല്ലാം 'നാം അല്ലാഹുവിനോട് പ്രാർഥിക്കുന്നത് അവനിൽ കാര്യങ്ങൾ ഭരമേൽപിക്കുന്നതിന് എതിരാണെന്നും നമ്മുടെ ആവശ്യം അല്ലാഹുവിന് നന്നായി അറിയാമല്ലോ, അതിനാൽ പ്രാർഥിക്കേണ്ടതില്ല' എന്നും പറയാറുണ്ട്. ഈ സംഭവം പരമ്പരയില്ലാത്തതും കെട്ടിയുണ്ടാക്കിയതുമാണ്. മാത്രവുമല്ല, ഇബ്റാഹീം(അ) എത്രയോ ആവശ്യങ്ങൾക്കായി അല്ലാഹുവിനോട് പ്രാർഥിച്ചതിന് ക്വുർആനിലും ഹദീഥുകളിലും ധാരാളം തെളിവുകളുമുണ്ട്.

ശത്രുക്കൾ അദ്ദേഹത്തെ അഗ്നിക്കിരയാക്കാൻ ശ്രമിച്ചതും അതിൽ നിന്ന് അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചതും ക്വുർആനിന്റെ വെളിച്ചത്തിൽ നാം ഗ്രഹിച്ചുവല്ലോ. എന്നാൽ ചിലർ വിശ്വസിക്കുന്നത് ആ സമയത്ത് മുഹമ്മദ് നബിﷺയുടെ ഒളി (പ്രകാശം) ഇബ്‌റാഹീം നബി﵇യിൽ ഉണ്ടായതിനാലാണ് അദ്ദേഹം തീയിൽനിന്ന് രക്ഷപ്പെട്ടതെന്നാണ്. ശർറഫൽ അനാം മൗലിദ് എന്ന മൗലിദ് കിതാബിലും മങ്കൂസ് മൗലിദിലും ഇപ്രകാരം പഠിപ്പിക്കുന്നുണ്ട്.

"ഇബ്‌റാഹീം﵇ തീയിൽ എറിയപ്പെട്ട സന്ദർഭത്തിൽ അദ്ദേഹത്തിന്റെ മുതുകിൽ എന്നെ (അവൻ) ആക്കി" (ശർറഫൽ അനാം മൗലിദ്).

"ഇബ്‌റാഹീം﵇ തീയിൽ എറിയപ്പെട്ട സന്ദർഭത്തിൽ അദ്ദേഹത്തിന്റെ മുതുകിൽ ഞാൻ ഉണ്ടായിരുന്നു. അങ്ങനെ ആ തീ കെട്ടടങ്ങിപ്പോയി" (മങ്കൂസ് മൗലിദ്).

നബിﷺയുടെ ഒളി ഇബ്‌റാഹീം നബി﵇യിൽ ഉണ്ടായതിനാലാണ് അദ്ദേഹം ആ തീയിൽ നിന്ന് രക്ഷപ്പെട്ടതെന്ന് ഈ മൗലിദ് വരികൾ പറയുമ്പോൾ മുഹ്‌യുദ്ദീൻ മാലയിൽ മറ്റൊരു കാരണമാണ് പറയുന്നത്. മുഹ്‌യുദ്ദീൻ ശൈഖ്(റഹി) പറഞ്ഞുവെന്ന് പറഞ്ഞ് പ്രചരിപ്പിക്കുന്ന വരികളിൽ പറയുന്നത് കാണുക:

"ഇബ്‌റാഹീം തീയെ അഭിമുഖീകരിക്കുമ്പോൾ അദ്ദേഹത്തിന്റെ തീയിൽ ഞാനും കൂടെയുണ്ടായിരുന്നു. എന്റെ പ്രാർഥന കൊണ്ടല്ലാതെ ആ തീ തണുത്തിട്ടില്ല."

നോക്കൂ..! ഹിജ്‌റ 400ന് ശേഷം ജനിച്ച മുഹ്‌യുദ്ദീൻ ശൈഖ് ഇബ്‌റാഹീം നബിയുടെ കാലത്ത് ഉണ്ടെന്നാണ് ഈ പറയുന്നത്! ശുദ്ധ വിഡ്ഢിത്തമല്ലേ ഇത്? ഇത്തരം കാര്യങ്ങളിൽ വിശ്വസിക്കുന്നതും വിഡ്ഢിത്തമല്ലേ? പുരോഹിതന്മാർ കെട്ടിയുണ്ടാക്കിയ അടിസ്ഥാനരഹിതമായ ഇത്തരം വികലമായ ആശയങ്ങളെ പവിത്രമായി കരുതുന്നവർ ക്വുർആനും സുന്നത്തും ആ സംഭവം വ്യക്തമായി വിവരിച്ചു തരുന്നുതിലേക്ക് തിരിയേണ്ടതുണ്ട്.

ഇബ്‌റാഹീം﵇ സ്വന്തം ജനതക്ക് നിരന്തരം നേർമാർഗം അറിയിച്ചു കൊടുത്തിട്ടും അവരത് സ്വീകരിക്കുവാൻ തയ്യാറായില്ല. എന്നാൽ അതിന്റെ സ്വാധീനഫലമായി അവരുടെ ബഹുദൈവാരാധന അബദ്ധമാണെന്ന് ചില ഘട്ടങ്ങളിലെങ്കിലും അവർ സമ്മതിച്ചതുമായിരുന്നു. അഹങ്കാരം കാരണം നിമിഷങ്ങളുടെ ആയുസ്സേ അതിനുണ്ടായിരുന്നുള്ളൂ എന്ന് മാത്രം. വ്യക്തമായും പ്രമാണബദ്ധമായും യുക്തിപൂർണമായും പിതാവിനും സമൂഹത്തിനും നേർവഴി കാണിച്ചുകൊടുത്തിട്ടും അദ്ദേഹത്തെ തീയിലെറിയുവാനാണ് അവർ തീരുമാനിച്ചത്. അല്ലാഹുവിന്റെ വലിയ സഹായം അന്നേരം അദ്ദേഹത്തിന് ലഭിച്ചു. ചിലരെല്ലാം വിശ്വസിച്ചിരുന്നെങ്കിലും ഇബ്‌റാഹീം നബി﵇യുടെ കൂടെ നിന്ന് സത്യത്തിന് വേണ്ടി പൊരുതുവാൻ തയ്യാറായതുമില്ല. ജനതയിൽ മാറ്റം കാണാത്തതിനാൽ, പിന്നീട് ഇബ്‌റാഹീം﵇ നാട്ടിൽനിന്ന് മാറി നിൽക്കാൻ തീരുമാനിക്കുകയാണ്:

**സന്മാർഗം എന്നത് അല്ലാഹു നൽകുന്ന ഒരു പ്രകാശമാണല്ലോ. ആ പ്രകാശം അവനുദ്ദേശിക്കുന്നവർക്കേ അവൻ നൽകൂ. നാം മനസ്സിലാക്കേണ്ട മറ്റൊരു വസ്തുതയുണ്ട്. നമുക്ക് ലഭിച്ച പ്രകാശം അത് എന്നും നിലനിൽക്കണമെന്നില്ല. ചരിത്രത്തിൽ എത്രയോ ഉദാഹരണങ്ങൾ അതിനുണ്ട്. പലരും അല്ലാഹുവിന്റെ ദീനിൽ വരികയും പിന്നീട് എന്തെല്ലാമോ കാരണത്താൽ വെളിച്ചം ഹൃദയത്തിൽ നിന്ന് അണഞ്ഞു പോകുകയും പഴയ ഇരുട്ടിലേക്ക് മടങ്ങുകയും ചെയ്തിട്ടുണ്ട്.**

"നിങ്ങളെയും അല്ലാഹുവിന് പുറമെ നിങ്ങൾ പ്രാർഥിച്ചുവരുന്നവയെയും ഞാൻ വെടിയുന്നു. എന്റെ രക്ഷിതാവിനോട് ഞാൻ പ്രാർഥിക്കുന്നു. എന്റെ രക്ഷിതാവിനോട് പ്രാർഥിക്കുന്നത് മൂലം ഞാൻ ഭാഗ്യം കെട്ടവനാകാതിരുന്നേക്കാം" (ക്വുർആൻ 19:48).

"അപ്പോൾ ലൂത്വ് അദ്ദേഹത്തിൽ വിശ്വസിച്ചു. അദ്ദേഹം (ഇബ്‌റാഹീം) പറഞ്ഞു: തീർച്ചയായും ഞാൻ സ്വദേശം വെടിഞ്ഞ് എന്റെ രക്ഷിതാവിങ്കലേക്ക് പോകുകയാണ്. തീർച്ചയായും അവനാകുന്നു പ്രതാപിയും യുക്തിമാനും" (ക്വുർആൻ 29:26).

"ലോകർക്ക് വേണ്ടി നാം അനുഗൃഹീതമാക്കിവെച്ചിട്ടുള്ള ഒരു ഭൂപ്രദേശത്തേക്ക് അദ്ദേഹത്തേയും (ഇബ്‌റാഹീമിനെയും) ലൂത്വിനെയും നാം രക്ഷപ്പെടുത്തിക്കൊണ്ട് പോകുകയും ചെയ്തു" (ക്വുർആൻ 21:71).

അദ്ദേഹം നാട് വിടുന്ന സന്ദർഭത്തിൽ ഇണയായ സാറയും സമകാലികനായി മറ്റൊരു നാട്ടിലേക്ക് നിയോഗിക്കപ്പെട്ട ലൂത്വ്﵇യും ആണ് കൂടെയുണ്ടായിരുന്നത്. ലൂത്വ്﵇ അദ്ദേഹത്തിൽ വിശ്വസിച്ചവരിൽ ഒരാളായിരുന്നു.

ഇബ്‌റാഹീം നബി﵇യുടെ ഹിജ്‌റക്ക് ശേഷമുള്ള ജീവിതത്തിന്റെ തുടക്കം ശാമിലായിരുന്നു. പി

ന്നീടായിരുന്നു അല്ലാഹുവിന്റെ നിർദേശപ്രകാരം ഇബ്റാഹീം ഇണ ഹാജറിനെയും കൈക്കുഞ്ഞായ ഇസ്മാഈലിനെയും കൂട്ടി മക്കയിലേക്ക് പോകുന്നത്.

അല്ലാഹുവിങ്കൽ ഏറെ സ്ഥാനമാനങ്ങളുള്ള, അല്ലാഹു 'ഖലീലുല്ലാഹി' (അല്ലാഹുവിന്റെ ഉറ്റ മിത്രം) എന്ന് വിശേഷിപ്പിച്ച ഇബ്രാഹീം പോലും അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിച്ചിട്ട് കൂടെ വിശ്വാസികളായി ലഭിച്ചത് വളരെ തുച്ഛം പേരെയാണ്. വിശ്വസിച്ചവർ തന്നെ കൂടെ നിൽക്കാൻ ധൈര്യം ഇല്ലാത്തവരും.

അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിൽ നിന്ന് പലരെയും പിന്തിരിപ്പിക്കുന്ന ഒരു കാര്യമാണ് ആരും അത് ചെവിക്കൊള്ളുന്നില്ലല്ലോ എന്ന ചിന്ത. 'എത്ര കാലമായി ക്ഷണിക്കുന്നു, എത്ര പ്രാവശ്യം സംസാരിച്ചതാണ്, ആരും പരിഗണിക്കുന്നില്ല, ഒരു മാറ്റവും ഇല്ല, പിന്നെ എന്തിന് ഇതുമായി നടക്കണം' ഇതാണ് പലരും ചോദിക്കുന്നത്. ഇബ്റാഹീം എന്ന മഹാനായ പ്രവാചകൻ ഇത്രയെല്ലാം ജനങ്ങളെ ക്ഷണിച്ചിട്ടും കൂടെ എത്ര പേരാണ് ഉണ്ടായത് എന്ന് നാം മനസ്സിലാക്കി. ആളുകൾ വിശ്വസിച്ചാലും ഇല്ലെങ്കിലും നാം എത്ര ക്ഷണിക്കുന്നുവോ നമുക്ക് അതിന്റെ ഗുണം അല്ലാഹുവിങ്കൽ അതിരറ്റതാണ്. ഇബ്റാഹീം നബിയെ മിഅ്റാജിന്റെ അവസരത്തിൽ നബി കണ്ടത് നാം മുമ്പ് വിവരിച്ചതാണ്. കഅ്ബയുടെ നേരെ മുകളിൽ ഏഴാം ആകാശത്തുള്ള ബൈതുൽ മഅ്മൂർ എന്ന, എണ്ണം എത്രയെന്ന് ക്ലിപ്തപ്പെടുത്തുവാൻ സാധിക്കാത്ത അത്രയും മലക്കുകൾ വന്ന് ഇബാദത്തെടുക്കുന്ന പരിശുദ്ധ ഗേഹത്തിൽ ചാരിയിരിക്കുന്നത് നബി കണ്ടത് അവിടുന്ന് നമ്മെ പഠിപ്പിച്ചതാണ്. തന്നിൽ വിശ്വസിച്ചവരുടെ എണ്ണം കുറഞ്ഞുവെന്ന കാരണം ഇബ്റാഹീമിന്റെ മഹത്ത്വത്തിന് യാതൊരു പോരായ്മയും ഉണ്ടാക്കിയിട്ടില്ല. ആളുകൾ വിശ്വസിക്കാത്തത് പ്രബോധനം നിർത്തിവെക്കുവാൻ കാരണമാക്കരുതെന്ന് അർഥം. കാരണം ആരെയും നേർവഴിയിലാക്കുന്നത് അല്ലാഹുവാണ്. നാം എത്ര കൊതിച്ചിട്ടും കാര്യമില്ല. അല്ലാഹുവാണ് ഹിദായത്ത് നൽകുന്നവൻ.

"അവരെ നേർവഴിയിലാക്കുവാൻ നീ ബാധ്യസ്ഥനല്ല. എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു" (ക്വുർആൻ 2:272).

"തീർച്ചയായും നിനക്ക് ഇഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷേ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സൻമാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു" (ക്വുർആൻ 28:56).

നാം ബാധ്യത നിർവഹിക്കുക. അതാണ് നമ്മിൽ അർപിക്കപ്പെട്ടിട്ടുള്ളത്.

ബനൂ ഇസ്റാഈല്യരോട് അല്ലാഹു ശനിയാഴ്ച ദിവസം മീൻ പിടിക്കുന്നതിനെ വിലക്കിയിരുന്നു. ശനിയാഴ്ചയാണെങ്കിലോ മത്സ്യം വെള്ളത്തിൽ അധികവും. പിടിക്കാനാണെങ്കിൽ പാടില്ല താനും. അവർക്കത് വലിയ ഒരു പരീക്ഷണമായിരുന്നു. എന്നാൽ അവർ ഒരു തന്ത്രം പ്രയോഗിച്ചു. ശനിയാഴ്ച വന്ന മത്സ്യങ്ങളൊന്നും പോകാതിരിക്കാൻ ഒരു കെട്ട് കെട്ടി; അടുത്ത ദിവസം പിടിക്കാൻ. അപ്പോൾ ശനിയാഴ്ച പിടിച്ചത് പോലെ തന്നെയായല്ലോ. അല്ലാഹുവിന്റെ കൽപനയെ അവർ ധിക്കരിച്ചു എന്നർഥം. ഇത് കണ്ട അവരിലെ നല്ലവരായ വിശ്വാസികൾ ഉപദേശിച്ചു. അപ്പോൾ അവിടെ ഒരു മൂന്നാം കക്ഷി വന്നിട്ട് ഉപദേശകരോട് 'എന്തിനാ നിങ്ങളിങ്ങനെ ഉപദേശിച്ച് നടക്കുന്നത്, നിങ്ങൾ പറഞ്ഞാൽ അവർ നന്നാവുമോ, അല്ലാഹു അവരെ ശിക്ഷിക്കുകയോ ശിക്ഷിക്കാതിരിക്കുകയോ ചെയ്തോട്ടെ, നിങ്ങൾ ഉപദേശിക്കേണ്ട' എന്നെല്ലാം പറഞ്ഞു. അപ്പോൾ ആ ഉപദേശകർ അവർക്ക് നൽകിയ മറുപടിയാണ് പ്രബോധകർക്ക് പ്രചോദനം നൽകേണ്ടത്.

"അല്ലാഹു നശിപ്പിക്കുകയോ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാൻ പോകുന്ന ഒരു ജനവിഭാഗത്തെ നിങ്ങളെന്തിനാണ് ഉപദേശിക്കുന്നത് എന്ന് അവരിൽ പെട്ട ഒരു സമൂഹം പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക). അവർ മറുപടി പറഞ്ഞു: നിങ്ങളുടെ രക്ഷിതാവിങ്കൽ (ഞങ്ങൾ) അപരാധത്തിൽ നിന്ന് ഒഴിവാകുന്നതിന് വേണ്ടിയാണ്. ഒരു വേള അവർ സൂക്ഷ്മത പാലിച്ചെന്നും വരാമല്ലോ. എന്നാൽ അവരെ ഓർമപ്പെടുത്തിയിരുന്നത് അവർ മറന്നുകളഞ്ഞപ്പോൾ ദുഷ്പ്രവൃത്തിയിൽ നിന്ന് വിലക്കിയിരുന്നവരെ നാം രക്ഷപ്പെടുത്തുകയും അക്രമികളായ ആളുകളെ അവർ ധിക്കാരം കാണിച്ചിരുന്നതിന്റെ ഫലമായി നാം കഠിനമായ ശിക്ഷ മുഖേന പിടികൂടുകയും ചെയ്തു"(ക്വുർആൻ 6:164,165).

നാം അറിഞ്ഞതും മനസ്സിലാക്കിയതുമായ അറിവ് അത് എത്തിയിട്ടില്ലാത്തവരിലേക്ക് എത്തിച്ചുവോ എന്ന് പരലോകത്ത് ചോദിക്കുന്ന സന്ദർഭത്തിൽ എത്തിച്ചിട്ടുണ്ടെന്ന് നമുക്ക് പറയുവാൻ നമുക്ക് കഴിയണം. നമ്മുടെ പ്രബോധനത്തിന്റെ കാരണത്താൽ നരകശിക്ഷയിൽ നിന്ന് വല്ലവരും രക്ഷപ്പെടുകയാണെങ്കിൽ അത് നമുക്കും

**നാം അറിഞ്ഞതും മനസ്സിലാക്കിയതുമായ അറിവ് അത് എത്തിയിട്ടില്ലാത്തവരിലേക്ക് എത്തിച്ചുവോ എന്ന് പരലോകത്ത് ചോദിക്കുന്ന സന്ദർഭത്തിൽ എത്തിച്ചിട്ടുണ്ടെന്ന് നമുക്ക് പറയുവാൻ നമുക്ക് കഴിയണം. നമ്മുടെ പ്രബോധനത്തിന്റെ കാരണത്താൽ അവർ രക്ഷപ്പെടണം എന്ന ആഗ്രഹവും അവരോടുള്ള ഗുണകാംക്ഷയും നമ്മിൽ വേണം.**

അവർക്കും വലിയ നേട്ടവുമാണല്ലോ. അവർ രക്ഷപ്പെടണം എന്ന ആഗ്രഹവും അവരോടുള്ള ഗുണകാംക്ഷയും നമ്മിൽ വേണം.

സന്മാർഗം എന്നത് അല്ലാഹു നൽകുന്ന ഒരു പ്രകാശമാണല്ലോ. ആ പ്രകാശം അവനുദ്ദേശിക്കുന്നവർക്കേ അവൻ നൽകൂ. നാം മനസ്സിലാക്കേണ്ട മറ്റൊരു വസ്തുതയുണ്ട്. നമുക്ക് ലഭിച്ച പ്രകാശം അത് എന്നും നിലനിൽക്കണമെന്നില്ല. ചരിത്രത്തിൽ എത്രയോ ഉദാഹരണങ്ങൾ അതിനുണ്ട്. പലരും അല്ലാഹുവിന്റെ ദീനിൽ വരികയും പിന്നീട് എന്തെല്ലാമോ കാരണത്താൽ വെളിച്ചം ഹൃദയത്തിൽ നിന്ന് അണഞ്ഞു പോകുകയും പഴയ ഇരുട്ടിലേക്ക് മടങ്ങുകയും ചെയ്തിട്ടുണ്ട്. അതിനാൽ തന്നെ വിശ്വാസികളായ നാം ഏത് സമയത്തും ആ പ്രകാശം നമ്മിൽ നിലനിൽക്കുവാൻ അല്ലാഹുവിനോട് തേടിക്കൊണ്ടിരിക്കണം. നമസ്കാരവേളയിൽ നാം അത് നിർവഹിക്കാറുണ്ട്. പള്ളിയിലേക്ക് പോകുന്ന വേളയിലും ആ പ്രകാശത്തെ നാം അല്ലാഹുവിനോട് ചോദിക്കാറുണ്ടല്ലോ. അതെല്ലാം നാം മനസ്സറിഞ്ഞ് നിർവഹിക്കണം.

ഇബ്റാഹീം(അ) ജനിച്ചുവളർന്ന നാടും വീടും ഒഴിവാക്കി ഹിജ്റ പോകുകയാണ്. ഹിജ്റ എന്നത് ഏത് കാലത്തും ഉള്ളത് തന്നെയാണ്. ഹിജ്റ ഏത് സമയം വരെ ഉണ്ടെന്നത് കാണുക:

"പശ്ചാത്താപം മുറിയുന്നത് വരെ ഹിജ്റയും മുറിയുന്നതല്ല. സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിക്കുന്നത് വരെ തൗബയും മുറിയുന്നതല്ല" (അബൂദാവൂദ്).

താൻ ജീവിക്കുന്ന നാട്ടിൽ തന്റെ വിശ്വാസം അനുസരിച്ച് ജീവിക്കുവാൻ യാതൊരു വഴിയുമില്ലെങ്കിൽ തന്റെ വിശ്വാസം ബലി നൽകി ആ നാട്ടിൽ തന്നെ കഴിയുകയാണെങ്കിൽ അത്തരക്കാരുടെ മരണം സമാധന പൂർണമാകില്ലെന്നാണ് ക്വുർആൻ നമ്മെ പഠിപ്പിക്കുന്നത്.

"(അവിശ്വാസികളുടെ ഇടയിൽ തന്നെ ജീവിച്ചു കൊണ്ട്) സ്വന്തത്തോട് അന്യായം ചെയ്തവരെ മരിപ്പിക്കുമ്പോൾ മലക്കുകൾ അവരോട് ചോദിക്കും: നിങ്ങളെന്തൊരു നിലപാടിലായിരുന്നു? അവർ പറയും: ഞങ്ങൾ നാട്ടിൽ അടിച്ചൊതുക്കപ്പെട്ടവരായിരുന്നു. അവർ (മലക്കുകൾ) ചോദിക്കും: അല്ലാഹുവിന്റെ ഭൂമി വിശാലമായിരുന്നില്ലേ? നിങ്ങൾക്ക് സ്വദേശം വിട്ട് അതിൽ എവിടെയെങ്കിലും പോകാമായിരുന്നല്ലോ. എന്നാൽ അത്തരക്കാരുടെ വാസസ്ഥലം നരകമത്രെ. അതെത്ര ചീത്ത സങ്കേതം! എന്നാൽ യാതൊരു ഉപായവും സ്വീകരിക്കാൻ കഴിവില്ലാതെ, ഒരു രക്ഷാമാർഗവും കണ്ടെത്താനാകാതെ അടിച്ചൊതുക്കപ്പെട്ടവരായിക്കഴിയുന്ന പുരുഷൻമാരും സ്ത്രീകളും കുട്ടികളും ഇതിൽ നിന്നൊഴിവാകുന്നു. അത്തരക്കാർക്ക് അല്ലാഹു മാപ്പുനൽകിയേക്കാം. അല്ലാഹു അത്യധികം മാപ്പ് നൽകുന്നവനും ഏറെ പൊറുക്കുന്നവനുമാകുന്നു" (ക്വുർആൻ 4:97-99).

അല്ലാഹുവിന്റെ മാർഗത്തിൽ ഹിജ്റ പോകുന്നതിനാൽ ഒരാൾക്കും ഒരു നഷ്ടവും വരാനില്ല. അല്ലാഹു അവർക്ക് വാഗ്ദാനം നൽകുന്നത് കാണുക:

"അല്ലാഹുവിന്റെ മാർഗത്തിൽ വല്ലവനും സ്വദേശം വെടിഞ്ഞ് പോകുന്ന പക്ഷം ഭൂമിയിൽ ധാരാളം അഭയസ്ഥാനങ്ങളും ജീവിതവിശാലതയും അവൻ കണ്ടെത്തുന്നതാണ്. വല്ലവനും തന്റെ വീട്ടിൽ നിന്ന് സ്വദേശം വെടിഞ്ഞ് കൊണ്ട് അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും ഇറങ്ങി പുറപ്പെടുകയും അനന്തരം (വഴിമധ്യേ) മരണം അവനെ പിടികൂടുകയും ചെയ്യുന്ന പക്ഷം അവന്നുള്ള പ്രതിഫലം അല്ലാഹുവിങ്കൽ സ്ഥിരപ്പെട്ടു കഴിഞ്ഞു. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു"(ക്വുർആൻ 4:100).

ഇസ്‌ലാമികമല്ലാത്ത സന്ദേശം പടച്ചുണ്ടാക്കി അതിനനുസരിച്ച് ജീവിക്കുവാൻ തന്റെ നാട് പ്രാപ്തമല്ലെന്ന് പറഞ്ഞ് ഹിജ്റക്ക് ക്ഷണിക്കുകയും ഹിജ്റ ചെയ്യുകയും ചെയ്യുന്ന അപൂർവം ചിലരെങ്കിലുമുണ്ട്. അവരുടെ ഹിജ്റ യഥാർഥ ഹിജ്റയല്ല. അതെല്ലാം ചില ഗൂഢ ലക്ഷ്യത്തിനുള്ളതാണെന്ന് നാം തിരിച്ചറിയുകയും വേണം.

ഇബ്റാഹീം നബി(അ)യുടെ നാട്ടുകാരും വീട്ടുകാരും ഭരണാധികാരികളും തന്റെ വിശ്വാസം സംരക്ഷിച്ച് ജീവിക്കുന്നതിന് എതിരായി മാറിയ സാഹചര്യത്തിലാണ് അദ്ദേഹം നാട് വിടാൻ തീരുമാനിക്കുന്നത്. പിതാവിനോടും നാട്ടുകാരോടും അദ്ദേഹം നടത്തിയ ഉപദേശങ്ങൾ നാം ഗ്രഹിച്ചുവല്ലോ. രാജാവിനോടുള്ള അദ്ദേഹത്തിന്റെ സംവദിക്കലാണ് ഇനി നാം മനസ്സിലാക്കേണ്ടത്. ●



ശാന്തിഗേഹം

പ്രൊഫ: ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com

ശാന്തിഗേഹത്തിലേക്കുള്ള ചോദ്യങ്ങൾ mail@nerpatham.com എന്ന ഇ.മെയിലിലോ 9656292244 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.

# മദ്യപാനിയോടുള്ള സമീപനം

*ചോദ്യം: മദ്യപാനിയായ ഒരാളെ നിർബന്ധിപ്പിച്ച് ഡി അഡിക്ഷൻ സെന്ററിലെത്തിക്കുന്നത് കൊണ്ട് പ്രയോജനമുണ്ടോ?*

ഉത്തരം: മദ്യപാനം ഇസ്‌ലാം ശക്തമായി വിരോധിച്ച കാര്യമാണ്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം" (ക്വുർആൻ 5:90).

നബിﷺ പറഞ്ഞതും 'നിരന്തരം മദ്യം കഴിക്കുന്നവൻ സ്വർഗത്തിൽ കടക്കുകയില്ല' എന്നാണ്. ബന്ധുക്കളും മാതാപിതാക്കളും സുഹൃത്തുക്കളും ശ്രമിച്ചാൽ ഒരു പരിധി വരെ മദ്യപാനത്തിൽ അകപ്പെട്ടവരെ മോചിപ്പിക്കുവാനാകും. കാരണം ഏതൊരു മദ്യപാനിയും തന്റെ ദുഃശ്ശീലത്തിൽ നിന്ന് മോചിതനാകാൻ ആഗ്രഹിക്കുന്നു. പക്ഷേ, പലരും നിസ്സഹായരാണ്. ചെറിയൊരവസരം പോലും അവരെ മാറ്റിയേക്കാം. എത്ര ഉയർന്ന സ്ഥാനത്തിരിക്കുന്നവനും മദ്യപാനിയെങ്കിൽ അവന്റെ സ്ഥാനം 'കള്ളുകുടിയൻ' എന്നതു തന്നെ. സാമ്പത്തിക നഷ്ടം കണക്കാക്കുക പ്രയാസമാണ്. ആരോഗ്യപ്രശ്നങ്ങളും അയാളെ പ്രയാസപ്പെടുത്തുന്നു.

നിർബന്ധിപ്പിക്കൽ ആദ്യഘട്ടത്തിൽ എതിർത്താലും പിന്നീട് അയാൾ ബോധ്യപ്പെടുമ്പോൾ അംഗീകരിക്കുമെന്നാണ് മനസ്സിലാക്കുന്നത്. മദ്യപിക്കാൻ പോകാൻ വിളിച്ച ഓട്ടോക്കാരൻ മദ്യം കൂടുതൽ വാങ്ങിക്കൊടുത്ത് അവശനാക്കി ഡി അഡിക്ഷൻ സെന്ററിലെത്തിച്ച് മാറ്റിയ സംഭവം ഇതിനു തെളിവാണ്. മദ്യപിച്ച് കലാപമുണ്ടാക്കിയ വ്യക്തിയെ കൈകാൽ കെട്ടി ഡി അഡിക്ഷൻ സെന്ററിലെത്തിച്ച് മാറ്റം വന്നതും ആ വ്യക്തി തന്നെ പറഞ്ഞതാണ്.

മദ്യപാനിയെ മാറ്റാൻ ശ്രമിക്കുന്നവർ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്:

1. ഒരു രോഗിയെപ്പോലെ കണ്ട് രോഗത്തെ വെറുക്കുകയും രോഗിയോട് സ്നേഹത്തോടെ പെരുമാറുകയും ചെയ്യുക.

2. മദ്യപാനത്തിന് സഹായിക്കുന്ന സുഹൃത്തുക്കളിൽ നിന്ന് അകറ്റുക.

3. ഒരു നല്ല ഡോക്ടറുടെ പരിചരണം നല്ലതാണ്.

4. മാനസിക സംഘർഷങ്ങൾ കൗൺസിലിംഗിലൂടെ പരിഹരിച്ച് സമാധാന ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവരിക.

5. അകന്നുപോയ ഭാര്യയടക്കമുള്ള ബന്ധുക്കളെ തിരിച്ച് കൊണ്ട് വരാൻ ശ്രമിക്കുക.

6. ചിട്ടയുള്ള ഒരു ജീവിതത്തിനുള്ള മാർഗരേഖ ഉണ്ടാക്കി നൽകുക.

7. പഴയ സാഹചര്യങ്ങളെ മാറ്റി പുതിയ സാഹചര്യങ്ങളുണ്ടാക്കിക്കൊടുക്കുക.

8 ആത്മാർഥമായി പ്രാർഥിക്കുക.

പി.എൻ. അബ്ദുല്ലത്വീഫ് മദനി
pnmadani@gmail.com



# അഹ്ലുസ്സുന്നയുടെ ഒറ്റപ്പെടൽ

**ഷെ**യ്ഖ് നാസ്വിറുദ്ദീൻ അൽ അൽബാനി (റഹി) പറയുന്നു:

"നീ തൗഹീദിനെക്കുറിച്ചു സംസാരിച്ചാൽ പരദൈവക്കാർ നിന്നെ കല്ലെറിയും. സുന്നത്തിനെക്കുറിച്ചു സംസാരിച്ചാൽ പുത്തൻ രീതികൾ മതത്തിൽ കടത്തിക്കൂട്ടിയവർ നിനക്കെതിരെ വാളെടുക്കും. പ്രമാണങ്ങളും തെളിവുകളും നീ നിരത്തിവെച്ചാൽ മദ്ഹബീ പക്ഷപാതികളും യാഥാസ്ഥിതികരും അജ്ഞരും നിനക്കെതിരെ വടിയെടുക്കും. ഭരണാധികാരികളോടുള്ള അനുസരണത്തെക്കുറിച്ചും അവർക്കു വേണ്ടി പ്രാർഥിക്കുന്നതും അവരോട് ഗുണകാംക്ഷ കാണിക്കുന്നതുമായ കാര്യങ്ങളെക്കുറിച്ചും നീ സംസാരിച്ചാൽ കക്ഷിത്വവാദികളും രാഷ്ട്രീയ മതക്കാരായ ഖവാരിജുകളും നിനക്കെതിരെ തിരിയും.

ഇസ്‌ലാമിനെക്കുറിച്ചു നീ സംസാരിക്കുകയും അത് ജീവിതസ്പർശിയായ മതമാണെന്നു നീ സമർഥിക്കുകയും ചെയ്താൽ ഭൗതികരും യുക്തിവാദികളും തത്ത്വശാസ്ത്രക്കാരും അഥവാ മനുഷ്യജീവിതത്തെ മതത്തിൽ നിന്ന് അറുത്തുമാറ്റുവാൻ പ്രയത്നിക്കുന്നവരും നിനക്കെതിരെ കെണിയൊരുക്കും.

അഹ്ലുസ്സുന്നയുടെ ഒറ്റപ്പെടൽ എത്ര തീഷ്ണം! എല്ലാ മാർഗവുമുപയോഗിച്ച് അവർ അഹുലുസ്സുന്നക്കെതിരെ പോരാടുന്നു. കേൾക്കാവുന്നതും കാണാവുന്നതും വായിക്കാവുന്നതുമായ മുഴുവൻ മാധ്യമങ്ങളിലൂടെയും അവർ നമുക്കെതിരെ വില്ലു കോർക്കുകയാണ്. ഉറ്റവരും ഉടയവരും വരെ ക്വുർആനും സുന്നത്തും മറുകെപ്പിടിക്കുന്ന ഈ ഏകാന്ത പഥികർക്കു നേരെ പട നയിക്കുകയാണ്.

രൂക്ഷമായ പ്രത്യയശാസ്ത്ര യുദ്ധ സന്നാഹങ്ങൾ നമ്മെ ലക്ഷ്യം വെച്ചിട്ടും നമ്മൾ സൗഭാഗ്യവാന്മാർ തന്നെയാണ്. നമ്മുടെ ആദർശത്തെളിമയിൽ നാം അഭിമാനിക്കുന്നു. കാരണം അല്ലാഹുവിന്റെ ദൂതൻ ഇത്തരം അപരിചിതരെ അഭിനന്ദിച്ചിട്ടുണ്ട്! പ്രവാചകൻﷺ അരുളി:"തീർച്ചയായും ഇസ്‌ലാം അപരിചിതമായി രംഗപ്രവേശനം ചെയ്തു. തുടക്കം പോലെ ഒടുക്കവും അപരിചിതാവസ്ഥയിലായിരിക്കും. ആ അപരിചിതർക്ക് അനുമോദനങ്ങൾ." അവർ ആരാണെന്ന് പ്രവാചകനോടുള്ള ചോദ്യത്തിന് 'ജനങ്ങൾ താറുമാറാക്കിയതിനെ (പുനർക്രമീകരിച്ചു) നന്നാക്കുന്നവർ' എന്നായിരുന്നു മറുപടി നൽകി."

മൂസ സ്വലാഹി, കാര
mail@nerpatham.com

വിമർശനം



# മക്വ്ബറ വ്യവസായം സംരക്ഷിക്കപ്പെടണമെന്നോ?

ക്വബ്ർ സിയാറത്ത് ഏറെ പ്രതിഫലാർഹമായ സുന്നത്താണ്. അത് നിലനിർത്തൽ നല്ലതുമാണ്. നബിﷺ ആദ്യകാലത്ത് അത് വിലക്കിയിരുന്നു. പിന്നീട് അവിടുന്ന് അതിന് അനുവാദം നൽകി. അതിന്റെ ലക്ഷ്യങ്ങൾ എന്തായിരിക്കണമെന്ന് നബിﷺ പഠിപ്പിച്ചിട്ടുമുണ്ട്. അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം: നബിﷺ പറഞ്ഞു: "നിങ്ങൾ ക്വബ്ർ സന്ദർശനം നടത്തുക. നിശ്ചയം അത് മരണത്തെ ഓർമിപ്പിക്കുന്നതാണ്"(മുസ്‌ലിം). അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: "നിങ്ങൾ ക്വബ്ർ സന്ദർശനം നടത്തുക. നിശ്ചയം നിങ്ങൾക്കത് പരലോകത്തെ ഓർമിപ്പിക്കുന്നതാണ്" (ഇബ്നുമാജ).

'മക്ബറ നിർമാണവും സംരക്ഷണവും' എന്ന പേരിൽ 2017 സെപ്റ്റംബർ 1-15 ലക്കം 'സുന്നി വോയ്സി'ൽ വന്ന ലേഖനം മുസ്‌ലിംകളെ മക്ബറകളിൽ തളച്ച് തൗഹീദിൽനിന്ന് വ്യതിചലിപ്പിക്കുന്നതിനായി എഴുതിയതോ എന്ന് സംശയിത്തക്കതായിരുന്നു എന്ന് പറയേണ്ടിയിരിക്കുന്നു.

ക്വബ്ർ സിയാറത്തിന്റെ പേരിൽ ഇന്ന് അനവധി അനിസ്‌ലാമിക പ്രവണതകൾ സമൂഹത്തിൽ കാണപ്പെടുന്നുണ്ട്. കെട്ടിയുയർത്തപ്പെട്ട മക്ബറകളിലേക്കുള്ള സിയാറത്ത് യാത്രകൾ വിനോദ യാത്ര പോലെ സംഘടിപ്പിക്കുന്നു. ക്വബ്റാളികളോട് സങ്കടങ്ങളും ആവലാതികളും ബോധിപ്പിക്കുന്നു. അവരോട് പല സഹായങ്ങളും ആവശ്യപ്പെടുന്നു! ഇന്ന് കേളികേട്ട ഇത്തരം നിരവധി കേന്ദ്രങ്ങളുണ്ട്. അവയെല്ലാം ശിർക്കും ബിദ്അത്തും അനിസ്‌ലാമിക ആചാരങ്ങളും അഴിഞ്ഞാടുന്ന സ്ഥലങ്ങളാണെന്നതിൽ സംശയമില്ല.

അവിടങ്ങളിലേക്ക് പ്രത്യേകം വിളംബരം ചെയ്തും പുണ്യങ്ങൾ എണ്ണിപ്പറഞ്ഞും ആളുകളെ കൂട്ടി യാത്രകൾ സംഘടിപ്പിക്കുന്നു. എന്നാൽ നബിﷺ പുണ്യം പ്രതീക്ഷിച്ച് സിയാറത്ത് യാത്ര ചെയ്യാമെന്നു പറഞ്ഞത് മൂന്ന് സ്ഥലങ്ങളിലേക്ക് മാത്രമാണ്. അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം: നബിﷺ പറഞ്ഞു: "മൂന്ന് പള്ളികളിലേക്കല്ലാതെ (പ്രത്യേക പുണ്യം വിചാരിച്ച് കൊണ്ട്) വാഹനം കെട്ടി യാത്ര പുറപ്പെടരുത്. മസ്ജിദുൽ ഹറം, റസൂൽﷺയുടെ പള്ളി (മസ്ജിദുന്നബവി), മസ്ജിദുൽ അക്സ്വ എന്നിവയാണ് അവ" (ബുഖാരി).

സ്ത്രീകൾക്ക് നബിﷺ ക്വബ്ർ സിയാറത്ത് കറാഹത്താക്കിയിട്ടുണ്ട്. അധികം സന്ദർശിക്കുന്നവരെ ശപിച്ചിട്ടുമുണ്ട്. സ്ത്രീകളെയും ഈ സിയാറത്ത് ചൂഷണത്തിലേക്ക് മുസ്‌ലിയാക്കന്മർ വലിച്ചിറക്കുന്നു. സിയാറത്ത് ടൂർ പാക്കേജുകളിൽ അധികവും സ്ത്രീകളാണെന്നത് ശ്രദ്ധിക്കുക.

ലേഖകൻ തന്നെ ലേഖനത്തിലൂടെ ഇസ്‌ലാം നിഷിദ്ധമാക്കിയ ക്വബ്റുകൽ കെട്ടിയുയർത്തലിന്റെ പോരിശയും വിലക്കപ്പെട്ട ലക്ഷ്യങ്ങൾക്ക് വേ

ണ്ടിയുള്ള യാത്രയുടെ പുണ്യവുമാണ് പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നത്. "സുപ്രസിദ്ധരായ സ്വാലിഹീങ്ങളോ, ഔലിയാക്കളോ ആണെങ്കിൽ അവരെ സിയാറത്തു ചെയ്ത് ബറക്കത്തെടുക്കാൻ എല്ലാവർക്കും സൗകര്യമൊരുക്കുന്നതിനു വേണ്ടി അവരുടെ ഖബറുകൾ കെട്ടിയുയർത്തുകയും സന്ദർശനത്തിനു സൗകര്യം ഉണ്ടാക്കുകയും ചെയ്യാവുന്നതാണ്" (പേജ്:26).

ഇസ്‌ലാമിന്റെ എക്കാലത്തെയും ശത്രുക്കളായ ശിയാക്കൾ കൊണ്ട് നടക്കുന്ന ഇത്തരം അന്ധവിശ്വാസങ്ങൾ സമസ്ത രൂപീകരിച്ച കാലം തൊട്ട് തന്നെ സമസ്തക്കാരും സ്വീകരിച്ചിട്ടുണ്ട്. 1973ൽ ഫറോഖിൽ വെച്ച് പാസാക്കിയ അവരുടെ എട്ടാം പ്രമേയത്തിൽ ഇതിന് ഒന്നുകൂടി ഊക്ക് കൂട്ടി.

ഇത്തരം തെറ്റായ വാദങ്ങൾ ഇവർ പ്രചരിപ്പിക്കുന്നത് ഇസ്‌ലാമിന് ഇതുമായി ബന്ധമുണ്ടെന്ന് പറഞ്ഞ് തന്നെയാണ്. ലേഖകൻ എഴുതിയത് കാണുക: "എന്നാൽ ഖബറിനു മേലെ നാലു കല്ലുകൾ വെച്ചാൽ അത് അല്ലാഹുവിൽ പങ്കുചേർക്കലാണെന്ന വാദം ശിർക്കോളജിസ്റ്റുകളായ ബിദ്അത്തുകാർക്ക് മാത്രമേയുള്ളൂ. ഇസ്‌ലാമുമായി അതിനു ബന്ധമില്ല. ക്വബ്ർ സംരക്ഷിക്കുക, സിയാറത്ത് സജീവമാക്കുക, ബറകത്തെടുക്കാൻ സൗകര്യം ചെയ്യുക പോലുള്ള ആവശ്യങ്ങൾക്കു വേണ്ടി ഖബറുകൾ കെട്ടിയുയർത്താമെന്നും അത് മുസ്‌ലിം ലോകത്തിന്റെ രീതിയാണെന്നും ചുരുക്കം" (പേജ്:27).

ഇപ്പറഞ്ഞ കാര്യങ്ങളിൽ ഇസ്‌ലാമിക പ്രമാണങ്ങൾ എന്ത് പഠിപ്പിക്കുന്നു എന്ന് കാണുക:

ജാബിർﷺവിൽ നിന്ന് നിവേദനം: "ക്വബറുകൾ കുമ്മായമടിക്കുക, അതിന്മേൽ ഇരിക്കുക, അതിന്മേൽ എടുപ്പുണ്ടാക്കുക എന്നിവ നബിﷺ വിരോധിച്ചിരിക്കുന്നു" (മുസ്‌ലിം)

ജാബിർﷺവിൽ നിന്ന് നിവേദനം: "നബിﷺയുടെ ക്വബ്ർ ഏകദേശം ഒരു ചാൺ ഉയർത്തപ്പെട്ടതായി ഞാൻ കണ്ടു" (ഇമാം ബൈഹക്വി).

ഇമാം ശാഫിഈﷺ പറയുന്നത് കാണുക: "ക്വബ്ർ ഭൂമിയിൽ നിന്നും ഒരു ചാണോ അല്ലെങ്കിൽ അതുപോലെയോ ഉയർത്തുന്നതാണ് ഞാൻ ഇഷ്ടപ്പെടുന്നത്. ക്വബ്റിന്മേൽ എന്തെങ്കിലും കെട്ടി ഉയർത്താതിരിക്കുന്നതും കുമ്മായമടിക്കാതിരിക്കുന്നതുമാണ് ഞാൻ ഇഷ്ടപ്പെടുന്നത്. നിശ്ചയം അത് ഭംഗിക്കും അന്തസ്സിനും ചെയ്യുന്നതിന് തുല്യമാണ്. മരണം അന്തസ്സിന്റെയും മോടിയുടെയും രംഗമല്ല. മുആജിറുകളും അൻസ്വാറുകളുമായ സ്വഹാബികളുടെ ക്വബ്റുകൾ കുമ്മായമിട്ടതായി ഞാൻ കണ്ടിട്ടില്ല." ത്വാഊസ്(റഹി) നിവേദനം: "നിശ്ചയം ക്വബറുകൾക്ക് മേൽ വല്ലതും നിർമിക്കപ്പെടുന്നതും അവ കുമ്മായമടിക്കുന്നതും നബിﷺ വിരോധിച്ചിരിക്കുന്നു." ഇമാം ശാഫിഈ(റഹി) പറഞ്ഞു: "മക്കയിലെ ഭരണാധികാരികൾ അവിടുത്തെ ക്വബ്റുകൾക്ക് മേൽ നിർമിച്ചവ മുഴുവൻ പൊളിച്ചു കളയുന്നത് ഞാൻ കണ്ടിട്ടുണ്ട്. മക്കയിലെ ഒരു പണ്ഡിതനും അതിനെ ആക്ഷേപിക്കുന്നതായി ഞാൻ കണ്ടിട്ടില്ല"(അൽഉമ്മ്,വാ.1,പേജ്: 463,464).

ഇമാം നവവിﷺ പറയുന്നു: "ക്വബ്റിൻമേൽ വല്ലതും നിർമിക്കലും കുമ്മായം തേക്കലും കറാഹത്താണെന്നും അതിന്മേൽ ഇരിക്കൽ ഹറാമാണെന്നും ഈ ഹദീഥി(മേൽപറഞ്ഞ)ലുണ്ട്. ഇമാം ശാഫിഈﷺയുടെയും ഭൂരിഭാഗം മുസ്‌ലിം പണ്ഡിതന്മാരുടെയും മദ്ഹബ് ഇതാണ്" (ശറഹ് മുസ്‌ലിം, വാ.7, പേജ്:41).

സമസ്തക്കാർ കൊണ്ടുനടക്കുന്ന ഒട്ടനവധി പുത്തനാചാരങ്ങൾക്ക് എതിരായി അവർ ഇമാമായി അംഗീകരിക്കുന്ന ഇബ്നുഹജർ ഹൈത്തമി തന്നെ പറയുന്നത് കാണുക: "ക്വബ്റുകൾ ആരാധനാകേന്ദ്രങ്ങളാക്കൽ, അതിന്മേൽ വിളക്ക് കത്തിക്കൽ, അവയെ വിഗ്രഹങ്ങളാക്കൽ, അവയെ പ്രദക്ഷിണം ചെയ്യൽ, അവയെ തൊട്ടുരുമ്മൽ, അതിലേക്ക് തിരിഞ്ഞ് നമസ്കരിക്കൽ എന്നിവ 93 മുതൽ 99 വരെയുള്ള വൻ പാപങ്ങളാണ്. കെട്ടിപ്പൊക്കിയ ക്വബ്റുകളും അതിന്മേൽ ഉള്ള ഖുബ്ബകളും പൊളിച്ചുനീക്കൽ നിർബന്ധമാണ്. എന്ത് കൊണ്ടെന്നാൽ അത് മസ്ജിദുള്ളിറാറിനെക്കാൾ (കപട വിശ്വാസികളുടെ പള്ളി) അപകടം പിടിച്ചതാണ്. നബിﷺ അതിനെ (ഇത്തരം ജാറങ്ങളും ഖുബ്ബകളും നിർമിക്കുന്നത്) വിലക്കുകയും ഉയർന്നു നിൽക്കുന്ന ക്വബ്റുകളെ തട്ടിനിരപ്പാക്കാൻ കൽപിക്കുകയും ചെയ്തിട്ടുണ്ട്" (അൽ സവാജിർ, വാ.1, പേജ്:148,149).

ഇസ്‌ലാമിന്റെ നിലപാട് എത്ര വ്യക്തം! എന്നാൽ ഇതിനെതിരായി പറയുന്നവർക്കും അത് കേട്ട് നടക്കുന്നവർക്കും ഇസ്‌ലാം നൽകിയ ഈ താക്കീതുകളെ ചെവികൊടുക്കാനാകുന്നില്ല. മദ്ഹബിന്റെ ആളുകളെന്ന് അവകാശപ്പെടുകയും മദ്ഹബിന്റെ ഇമാമുകൾ പറയുന്നത് അവഗണിക്കുകയും ചെയ്യുന്നതിലെ വിരോധാഭാസം ഇവർ തിരിച്ചറിയുന്നുമില്ല.

ലേഖകൻ കാണിച്ച മറ്റൊരു തട്ടിപ്പുണ്ട്; സൂറ അൽഇസ്‌റാഇലെ ഒന്നാമത്തെ വചനം ജാറങ്ങളിൽ പോകാനും അവിടുന്ന് ബറകത്തെടുക്കാനും തെളിവാക്കി അവതരിപ്പിച്ച തട്ടിപ്പ്! നബിﷺയുടെ ഇസ്‌റാഅ് മിഅ്റാജ് യാത്രയെപ്പറ്റി പറയുന്ന ആയത്താണിത്. ലേഖകൻ എഴുതിയത് കാണുക:

"മഹത്തുക്കളുടെ അന്ത്യവിശ്രമ കേന്ദ്രം ബറകത്തുള്ളതാണെന്ന് വിശുദ്ധ ക്വുർആൻ തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. മസ്ജിദുൽ ഹറമിൽ നിന്നും പരിസരം ബറകത്താക്കപ്പെട്ട മസ്ജിദുൽ അക്വ്സയിലേക്ക് തന്റെ ദാസനെ രാപ്രയാണം നടത്തിച്ച അല്ലാഹു എത്ര പരിശുദ്ധൻ" (17:1). ഇവിടെ ബൈത്തുൽ മുഖദ്ദസിന്റെ പരിസരത്തുള്ള ബറകത്ത് എന്താണെന്നതിനെക്കുറിച്ച് ഇമാം ഖുർതുബി(റഹി) എഴുതുന്നതു ശ്രദ്ധേയം: അത് അമ്പിയാക്കൾ,

സ്വാലിഹുകൾ തുടങ്ങിയവരെ മറമാടപ്പെട്ടതുകൊണ്ടാണ്. അതുകൊണ്ടാണത് മുഖദ്ദസ് (പരിശുദ്ധം)ആയത്" (ഖുർതുബി,9:212)" (പേജ്:27).

ഈ സൂക്തത്തിൽ (17:1) ലേഖകൻ എഴുതിയ പ്രകാരം മഹത്തുക്കളുടെ അന്ത്യവിശ്രമ കേന്ദ്രം ബറകത്തുള്ള കേന്ദ്രമാണെന്ന് പഠിപ്പിക്കുന്നില്ല. സിയാറത്ത് യാത്ര അനുവദനീയമായ ബൈത്തുൽ മുകദ്ദസിനെ കുറിച്ചാണ് ഇതിൽ പരാമർശിച്ചിട്ടുള്ളത്. ഈകാര്യത്തിൽ ആർക്കും സംശയവുമില്ല. ബറകത്തെടുക്കുവാനല്ല രാപ്രയാണമുണ്ടായിട്ടുള്ളതും. ഇരു ഹറമുകളും ബൈതുൽ മുകദ്ദസും അമ്പിയാക്കളും സ്വാലിഹുകളും മറമാടപ്പെട്ടതുകൊണ്ടാണ് പരിശുദ്ധമായത് എന്ന് ആരാണ് പറഞ്ഞുതന്നത്? പ്രമാണബദ്ധമായി തെളിയിക്കാമോ?

പ്രമാണങ്ങളെ മുറുകെ പിടിച്ച് സത്യസന്ധമായ നിലപാട് കൈകൊള്ളുന്നവർക്ക് നേരെ എതിർപ്പുകളും പരിഹാസങ്ങളും എന്നും ഉണ്ടായിട്ടുണ്ട്; ഇന്നും അത് തുടരുന്നുണ്ട്. അതിനുള്ള തെളിഞ്ഞ രേഖയാണ് ലേഖകന്റെ അടുത്തവരികൾ: "സ്വഹാബത്ത് മുതൽ മുഴുവൻ പണ്ഡിതന്മാരും വിശ്വസിച്ചു പോന്നതും പ്രഖ്യാപിച്ചതുമാണ് മഹാന്മാരുടെ അന്ത്യവിശ്രമ സ്ഥലങ്ങൾ റഹ്മത്തും ബറകത്തും ഇറങ്ങുന്ന ഇടങ്ങളാണെന്നുള്ളത്. ഇതിനെ നിഷേധിക്കുകയും മഖ്ബറകൾ അല്ലാഹുവിന്റെ ലഅ്നത്ത് ഇറങ്ങുന്ന സ്ഥലങ്ങളാണെന്ന് അധിക്ഷേപിക്കുകയും ചെയ്ത ബിദഇകൾ സത്യത്തെ തമസ്കരിക്കുകയും ഇസ്‌ലാമിന്റെ പൈതൃകങ്ങളെയും തിരുശേഷിപ്പുകളെയും നശിപ്പിക്കുകയുമാണ്. ഇതിന് പ്രമാണങ്ങളുടെ പിൻബലമില്ല"(പേജ്:27).

അല്ലാഹുവിന്റെയും നബിﷺയുടെയും പേരിൽ കളവ് പറയുവാനും പ്രചരിപ്പിക്കുവാനും മടിയും പേടിയുമില്ലാത്തവർക്ക് ആരെക്കുറിച്ചും എന്ത് പറയാനും ധൈര്യമുണ്ടാവുക സ്വാഭാവികം. ഇവരുടെ മനസ്സ് ജാറങ്ങളിൽ വിഹരിച്ചുകൊണ്ടേയിരിക്കും. അതിനെതിരിൽ ആര് ശബ്ദിച്ചാലും അവരെ ബിദഇകൾ ആയി മുദ്രകുത്തും. എന്ന് കരുതി നമുക്ക് സത്യം തുറന്നുപറയാതിരിക്കുവാൻ കഴിയില്ലല്ലോ. ●

peaceradio
Tune to reality

ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ

**പ്രകാശ തീരം**
ഭാര്യയെ തെരഞ്ഞെടുക്കുമ്പോൾ: എപ്പിസോഡ്: 2
മുഹമ്മദ് സാദിഖ് മദീനി
20.11.17 തിങ്കൾ 04:30 PM, 09:30 PM
21.11.17 ചൊവ്വ 9:30 AM

**ചുവരെഴുത്ത്**
പ്രവാചക വചനങ്ങൾ പ്രാമാണികം തന്നെ
എപ്പിസോഡ്: 3, അബ്ദുൽ ജബ്ബാർ മദീനി
20.11.17 തിങ്കൾ, 8:20 PM
21.11.17 ചൊവ്വ 12:20 AM, 8:20 AM

**അടിത്തറകൾ**
ഹൃദയത്തിന്റെ പ്രവർത്തനവും മലക്കുകളും
ഫദ്‌ലുൽ ഹഖ് ഉമരി
21.11.17 ചൊവ്വ 04:30 PM, 09:30 PM
22.11.17 ബുധൻ, 09:30 AM

**കർമസരണി**
മയ്യിത്ത് സംസ്കരണം
ഹംസ മദീനി
22.11.17 ബുധൻ 04:30 PM, 09:30 PM

**സലഫി ദുറൂസ്**
നുബുവ്വത്തിന്റെ തെളിവുകൾ, എപ്പിസോഡ്: 79
അബൂബക്കർ സലഫി
23.11.17 വ്യാഴം 4:30 PM, 9:30 PM
24.11.17 വെള്ളി 9:30 AM

**സുപഥം**
അന്ധവിശ്വാസങ്ങളുടെ ലോകം, എപ്പിസോഡ്: 10
ഫൈസൽ മൗലവി
24.11.17 വെള്ളി 04:30 PM, 09:30 PM
25.11.17 ശനി 09:30 AM

**സ്മൃതിപഥം**
ഇമാം അബൂദാവൂദ് (റഹി): ജീവിതവും സന്ദേശവും:
എപ്പിസോഡ്: 2, മൂസ സ്വലാഹി
26.11.17 ഞായർ 07:20 AM, 05:30 PM
27.11.17 തിങ്കൾ 11:45 PM

**സ്നേഹക്കൂട്**
വിവാഹ മോചനം; ചില ന്യൂജനറേഷൻ കാരണങ്ങൾ: എപ്പിസോഡ്: 8
ഹാരിസ് ബിൻ സലീം, താജുദ്ദീൻ സ്വലാഹി
26.11.17 ഞായർ 08:20 AM
27.11.17 തിങ്കൾ 12:20 AM, 8:20 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

# ക്വബ്റുകളുമായി ബന്ധപ്പെട്ട ഉറൂസുകൾ ശിർക്ക് തന്നെ!

**അഭിമുഖം: ഡോ. അഹ്മദ് റാശിദ് റുഹൈലി / നൗഫൽ മദീനി**

*മദീനയിലെ പണ്ഡിതരിൽ ഒരാളായ ഡോ. അഹ്മദ് റാശിദ് റുഹൈലി കാസർകോട്ടെ മാലിക് ദീനാർ ഉറൂസിൽ പങ്കെടുത്തു എന്നുള്ള വ്യാജമായ പ്രചാരണം തൽപരകക്ഷികൾ നടത്തിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ശൈഖുമായി നടത്തിയ അഭിമുഖത്തിന്റെ ആശയ വിവർത്തനം.*

**ആമുഖ ഭാഷണത്തിൽ പറഞ്ഞ കാര്യങ്ങൾ:**

“നിശ്ചയം മനുഷ്യഹൃദയത്തിൽ ഒരു തരം വന്യത ഉണ്ടാകാറുണ്ട്; അല്ലാഹുവിലേക്ക് ആത്മാർഥമായി മുന്നിടുന്ന പ്രവർത്തനമല്ലാതെ അതിനെ നീക്കം ചെയ്യുകയില്ല. അല്ലാഹുവിലുള്ള ആത്മാർഥതയും തൗഹീദും അല്ലാതെ അതിൽ ഉണ്ടാകുന്ന ദാരിദ്ര്യത്തെ നീക്കം ചെയ്യുകയില്ല.

അതിൽ ഉണ്ടാകുന്ന അന്ധകാരം അല്ലാഹുവിലുള്ള അനുസരണവും ഭയഭക്തിയും കൊണ്ടല്ലാതെ പ്രകാശിതമാവുകയില്ല. അല്ലാഹുവിന് വേണ്ടി കർമങ്ങൾ ചെയ്തവർക്ക് മംഗളങ്ങൾ, അല്ലാഹുവിന്റെ വിഷയത്തിൽ കാര്യങ്ങൾ പറഞ്ഞവർക്ക് മംഗളങ്ങൾ, അല്ലാഹുവിന്റെ വിഷയത്തിൽ നടന്നവർക്ക് മംഗളങ്ങൾ, തന്റെ പ്രവർത്തനം കൊണ്ട് അല്ലാഹുവിന്റെ തൃപ്തി മാത്രം കാംക്ഷിച്ചവർക്ക് മംഗളങ്ങൾ.

അവന്റെ പ്രയത്നങ്ങൾ കൊണ്ട് അവൻ അല്ലാഹുവിന്റെ അടുക്കലുള്ള പ്രതിഫലമല്ലാതെ പ്രതീക്ഷിക്കുന്നില്ല! ഇഹലോകത്തെയും അതിന്റെ ആളുകളെയും ഉപേക്ഷിച്ചവർക്ക് മംഗളങ്ങൾ; അതിന്റെ പളപളപ്പുകളെ ഉപേക്ഷിച്ച് അല്ലാഹുവിലേക്ക് മുന്നിട്ടവരാണവർ.

അല്ലാഹുവിലേക്ക് കീഴ്വണക്കം ആത്മാർഥമാക്കിക്കൊണ്ട് നീ ആരാധന ചെയ്യുക. അറിയുക, അവന്നാണ് ആത്മാർഥമായ കീഴ്വണക്കം. അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചതും വേദഗ്രന്ഥങ്ങൾ ഇറക്കിയതും ദൂതരെ അയച്ചതും അവൻ മാത്രം ആരാധിക്കപ്പെടുവാൻ വേണ്ടിയാണ്.

ആകാശങ്ങളെയും ഭൂമിയെയും അവയ്ക്കിടയിലുള്ളതിനെയും അവൻ സൃഷ്ടിച്ചതും മനുഷ്യരെയും ജിന്നുകളെയും മലക്കുകളെയും അവൻ സൃഷ്ടിച്ചതും ആരാധന അവന് മാത്രം ആയിരിക്കുവാൻ വേണ്ടിയാണ്. പ്രാർഥന അവനോട് മാത്രവും സുജൂദ് അവന്റെ മുമ്പിൽ മാത്രവും ആകുവാൻ വേണ്ടിയാണ്.

നിശ്ചയം അല്ലാഹുവോട് ഇഖ്ലാസ് (ആത്മാർഥത) കാണിക്കൽ അല്ലാഹു ഇഷ്ടപ്പെടുന്ന മഹത്തരമായ പ്രവർത്തനമാണ്. ഏതൊരു മുസ്‌ലിം അവന്റെ പ്രവർത്തനത്തിൽ അല്ലാഹുവിനോട് ഇഖ്ലാസ് കാണിക്കുന്നുവോ, എങ്കിൽ അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കാതിരിക്കുകയില്ല. നബിﷺ പറഞ്ഞിട്ടുണ്ട്: ‘നിങ്ങളിൽ ഏതൊരുവൻ വുദൂഅ് ചെയ്യുകയും വുദൂഅ് നന്നാക്കുകയും പിന്നെ അല്ലാഹുവിലേക്ക് മുന്നിട്ട് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്യുന്നുവോ അവന് സ്വർഗം നിർബന്ധമാവുകയും അവന്റെ പാപങ്ങൾ പൊറുക്കപ്പെടുകയും ചെയ്യും.’ നബിﷺ പറഞ്ഞു: ‘ആരെങ്കിലും ഹൃദയത്തിൽ ആത്മാർഥതയോടെ ലാ ഇലാഹ ഇല്ലലാഹ് പറഞ്ഞാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും.’

ഇഖ്ലാസ് അല്ലാഹു ഇഷ്ടപ്പെടുന്നു. നീ അല്ലാഹുവിന്റെ പ്രതിഫലം ഉദ്ദേശിച്ച് ഒരു വാക്ക് പറയുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നു. അല്ലാഹുവിന്റെ തൃപ്തിയും പ്രതിഫലവും ആഗ്രഹിച്ച് നീ ‘ലാ ഇലാഹ ഇല്ലല്ലാഹ്’ പറയുന്നത് അവൻ ഇഷ്ടപ്പെടുന്നു. ധാരാളം നൻമകൾ പ്രവർത്തിക്കുകയും അതോടൊപ്പം സ്വന്തത്തോട് അതിരുകവിയുകയും ചെയ്തവർ വരെ മനസ്സറിഞ്ഞ് ‘അസ്തഗ്ഫിറുല്ലാഹ്’ എന്ന് പറഞ്ഞാൽ അല്ലാഹു അവന് പൊറുത്ത് കൊടുക്കുകയും അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും. റസൂൽﷺ പറഞ്ഞ ഒരു കഥയുണ്ട്: ബനൂഇസ്‌റാഈലിൽ പെട്ട ഒരാൾ 99 പേരെ കൊന്നു. പിന്നെ ഒരു ഭക്തന്റെ അടുക്കൽ അയാൾ ചെന്ന് എനിക്ക് പശ്ചാതാപം ലഭിക്കുമോ എന്ന് ചോദിച്ചു. അപ്പോൾ അദ്ദേഹം ഇല്ല എന്ന് മറുപടി നൽകി. അങ്ങനെ അയാൾ ആ ഭക്തനെയും കൊന്ന് 100 തികച്ചു. പിന്നെ ഒരു പണ്ഡിതന്റെ അടുക്കൽ ചെന്ന് അയാൾ എനിക്ക് തൗബ ലഭിക്കുമോ (എന്റെ പശ്ചാത്താപം സ്വീകരിക്കപ്പെടുമോ) എന്ന് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: ‘താങ്കൾക്കും തൗബക്കും ഇടയിൽ ആരാണ് മറയിടുക? പക്ഷേ, താങ്കളുടെ നാട് തെമ്മാടിത്തരങ്ങളുള്ള നാടാണ്. ആയതിനാൽ താങ്കൾ ഇന്ന നാട്ടിലേക്ക് പോകണം. അവിടെ നന്മയും ഭയഭക്തിയുമുണ്ട്.’ അങ്ങനെ അയാൾ അവിടേക്ക് തിരിച്ചു. വഴിമധ്യെ അയാൾ മരിക്കുകയും ചെയ്തു. മരിച്ചപ്പോൾ കാരുണ്യത്തിന്റെയും ശിക്ഷയുടെയും മലക്കുകൾ ഇറങ്ങി. അവർ ഇയാളുടെ കാര്യത്തിൽ തർക്കത്തിലായി. അ

ല്ലാഹു ആ നല്ല നാടിനോട് (ഇയാൾ മരിച്ച സ്ഥല ത്തേക്ക്) അടുക്കാനും കുഴപ്പമുള്ള നാടിനോട് അ കലാനും കൽപിച്ചു. അങ്ങനെ ആ തൗബ കാരണം അയാൾ സ്വർഗത്തിൽ കടക്കുകയും ചെയ്തു.

എന്ത് കൊണ്ടാണ് ആ നല്ല നാടിനോട് അടു ക്കാൻ പറഞ്ഞത്? കാരണം അയാൾ ആത്മാർഥ മായ തൗബയാണ് ചെയ്തത്. അതിനാൽ അല്ലാഹു അയാളെ തൃപ്തിപ്പെടുകയും അയാളുടെ പശ്ചാ താപം സ്വീകരിക്കുകയും ചെയ്തു. (വേറെ രണ്ട് ഉദാഹരണങ്ങളും ചരിത്രവും ശൈഖ് ഉദ്ധരിച്ചു).

നീ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അല്ലാഹുവിനോട് മാത്രം പ്രാർഥിക്കുകയും ചെ യ്താൽ അല്ലാഹു നിനക്ക് പൊറുത്ത് തരും. അ ല്ലാഹുവിന്റെ കൂടെ മറ്റാരോടും നീ പ്രാർഥിക്കരു ത്. ക്വബ്റാളിയിലേക്കോ, കല്ലിലേക്കോ, മനുഷ്യ രിൽ ആരിലേക്കെങ്കിലുമോ പ്രാർഥിക്കുവാനായി നീ തിരിയുന്നതിനെ, അതിനായി പോകുന്നതിനെ നീ സൂക്ഷിക്കണം. ക്വബ്റാളി മനുഷ്യനാണ്, സ്വ ന്തത്തിന് തന്നെ എന്തെങ്കിലും ഗുണമോ ദോഷ മോ അവൻ അധീനപ്പെടുത്തുകയില്ല. അല്ലാഹു നിന്നോട് കൽപിച്ചത് നീ അവനോട് മാത്രം പ്രാർ ഥിക്കുവാനാണ്. ആയതിനാൽ കീഴ്വണക്കം അ വന് മാത്രമാക്കിക്കൊണ്ട് നീ അല്ലാഹുവിനെ ആ രാധിക്കുക. കല്ലിനെയോ, മരത്തെയോ, ക്വബ്റി നെയോ, ക്വബ്റാളിയെയോ, സജ്ജനങ്ങളെയോ, നീ ആരാധിക്കരുത്. അല്ലാഹുവിന് പുറമെ നീ ആ രോടും പ്രാർഥിക്കരുത്. നിന്റെ എല്ലാ പ്രവർത്തന ങ്ങളും അല്ലാഹുവിന്ന് മാത്രമായിരിക്കണം; ആ ത്മാർഥതയോടെയായിരിക്കണം. കാരണം അല്ലാ ഹുവല്ലാതെ ആരാധിക്കപ്പെടുന്നവർ സ്വന്തത്തിന് തന്നെ വല്ല ഉപകാരമോ ഉപദ്രവമോ അധീനപ്പെ ടുത്താത്തവരാണ്. അല്ലാഹുവിന് പുറമെ ആരെ ങ്കിലും ആരാധിക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയുമില്ല.

അപ്പോൾ ഒരു ക്വബ്റാളിയുടെ അടുക്കലേക്ക് നീ പോയി അല്ലാഹുവിന് പുറമെ നീ അവനോട് വിളിച്ച് തേടിയാൽ നിന്റെ അവസ്ഥ എന്തായിരി ക്കും? ഇത് അല്ലാഹു വിരോധിച്ചതായ ശിർക്ക് ആ ണ്. നിന്നോട് അല്ലാഹു ഇത് വിലക്കിയിരിക്കുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും അ വനിൽ യാതൊന്നിനെയും പങ്ക് ചേർക്കരുതെന്നും റസൂൽﷺ മുസ്‌ലിംകളോട് കൽപിക്കുകയും ചെ യ്തിരിക്കുന്നു. നബിﷺയുടെ ക്വബ്റിനെ ആഘോ ഷ സ്ഥലമാക്കുന്നതിനെ തൊട്ട് അദ്ദേഹം ഈ സ മുദായത്തെ താക്കീത് ചെയ്യുകയും ചെയ്തിരിക്കു ന്നു. നബിﷺ പറഞ്ഞു: 'എന്റെ ക്വബ്റിനെ നിങ്ങൾ ആഘോഷ സ്ഥലമായി സ്വീകരിക്കരുത്, അഥവാ ആരാധനാ സ്ഥലമാക്കരുത്.' അപ്പോൾ നബിﷺയു ടെ ക്വബ്ർ അല്ലാത്ത, മറ്റുള്ളവരുടെ ക്വബ്റുകളു ടെ അവസ്ഥ എന്തായിരിക്കും?

**അഭിമുഖത്തിന്റെ ഭാഗം**

*ചോദ്യം: ക്വബ്റുകൾ കെട്ടിപ്പൊക്കുന്നതിന്റെയും മക്വ്ബറകളിൽ ഉറൂസുകളും ആഘോഷങ്ങളും ന ടത്തുന്നതിന്റെയും വിധി എന്താണ്?*

മറുപടി: ക്വബ്റുകൾ കെട്ടിപ്പൊക്കുന്നത് നിഷി ദ്ധമാണ്. അത് ശിർക്കിലേക്ക് എത്തിക്കും. നബിﷺ പറഞ്ഞു: 'നിങ്ങൾ എന്റെ ക്വബ്റിനെ ആഘോഷ സ്ഥലമാക്കരുത്.' ക്വബ്റുകളിൻമേൽ എടുപ്പുകൾ ഉണ്ടാക്കുന്നത് നബിﷺ വിരോധിച്ചിട്ടുണ്ട്. കാരണം അത് പടുത്തുയർത്തുന്നത് അതിനെ ആരാധനാ സ്ഥലമാക്കും. അതിനാൽ തന്നെ റസൂൽﷺ അ തിൻമേൽ പടുത്തുയർത്തുന്നത് വിലക്കിയിരിക്കു ന്നു. അത് കെട്ടിപ്പൊക്കുന്നത് ശിർക്കും അല്ലാഹു ഇഷ്ടപ്പെടാത്തതായ കുഫ്റും ആണ്. നബിﷺ ക്വ ബ്റുകളിൽ എടുപ്പുകളുണ്ടാക്കുകയും വിളക്കു കൾ സജ്ജീകരിക്കുകയും ചെയ്യുന്നവരെ ശപിച്ചി രിക്കുന്നു. ക്വബ്ർ കെട്ടിപ്പൊക്കുകയും ആളുകൾ വരാൻ അവിടെ വിളക്കുകളും അലങ്കാരങ്ങളും ഉ ണ്ടാക്കുന്നവരെ നബിﷺ ശപിച്ചിരിക്കുന്നു. നബി മാരുടെ ക്വബ്റുകളെ ആരാധനാലയങ്ങളാക്കി മാ റ്റിയവരുടെ മേൽ അല്ലാഹുവിന്റെ കോപം കഠിന മായിരിക്കുന്നു എന്ന് നബിﷺ പറഞ്ഞിട്ടുണ്ട്. അ ഥവാ ആ ക്വബ്റുകളെ അവർ ആരാധനക്കും പ്രാർ ഥനക്കും ആവശ്യങ്ങൾ ചോദിക്കുവാനും അതിലേ ക്ക് കീഴ്വണക്കം കാണിക്കുവാനും ഉള്ള സ്ഥല മായി സ്വീകരിച്ചിരിക്കുന്നു. അതിനാലാണ് അല്ലാ ഹുവിന്റെ കോപം അവരുടെ മേൽ കഠിനമായത്.

ക്വബ്റുകളുമായി ബന്ധപ്പെട്ട ആഘോഷങ്ങളും ഉറൂസുകളും അല്ലാഹുവിലുള്ള ശിർക്ക് തന്നെയാ ണ്. ഒരു ക്വബ്റും ആഘോഷ സ്ഥലമായി സ്വീക രിക്കപ്പെടൽ അനുവദനീയമല്ല. അവിടെ സന്ദർശ നം നടത്തലും അവിടെ പോകലും അല്ലാഹുവിന് പുറമെയുള്ളവർ പ്രാർഥിക്കപ്പെടലും അവിടെ താ ഴ്മ കാണിക്കലും അവിടെ ബലിയറുക്കലും എ ല്ലാം ശിർക്കാണ്. അല്ലാഹു അത് ഒരിക്കലും തൃ പ്തിപ്പെടുകയില്ല.

*ചോദ്യം: മരിച്ചവരോട് പ്രാർഥിക്കുവാനും ക്വബ് റുകളിൽ (മരിച്ചവരിൽ) നിന്ന് ബറകത്ത് എടുക്കു വാനും ഇസ്‌ലാം നിയമമാക്കിയിട്ടുണ്ടോ?*

മറുപടി: മരിച്ചവരോട് പ്രാർഥിക്കൽ ഇസ്‌ലാം വിരോധിച്ചതാണ്. ക്വബ്റുകളെ ആരാധനാലയമാ ക്കുന്നതും ഇസ്‌ലാം വിരോധിച്ചു. അല്ലാഹു പറ യുന്നു: 'അല്ലാഹുവിന് പുറമേ നിങ്ങൾ ആരേയും വിളിച്ച് പ്രാർഥിക്കരുത്', 'കീഴ്വണക്കം അല്ലാഹു വിന് മാത്രമാക്കിക്കൊണ്ട് നീ അല്ലാഹുവിനെ ആ രാധിക്കണം', 'പറയുക, എന്റെ നമസ്കാരവും, എ ന്റെ ബലി കർമവും എന്റെ ജീവിതവും എന്റെ മര ണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാ കുന്നു'. ലോക രക്ഷിതാവിന് മാത്രം! അവന് പു

റമെ മറ്റാരും ആരാധിക്കപ്പെടരുത്. (ഈ നിലയ്ക്ക്) ഒരു ക്വബ്റും സന്ദർശിക്കപ്പെടുകയും അവിടെ പ്രദക്ഷിണം ചെയ്യപ്പെടുകയും ക്വബ്റാളിയോട് ചോദിക്കപ്പെടലും അരുതാത്തതാണ്. ഇവയെല്ലാം അല്ലാഹുവിലുള്ള ശിർക്ക് ആണ്.

*ചോദ്യം: കാസർകോഡ് മാലിക് ദീനാർ മക്ബറയിൽ ആഘോഷിക്കപ്പെടുന്ന ഉറൂസിൽ താങ്കൾ പങ്കെടുത്തു എന്ന പ്രചാരണം ശരിയാണോ?*

മറുപടി: ഇത് നമ്മുടെ മേൽ കെട്ടിച്ചമച്ച കളവാണ്. ഞാൻ ഉറൂസിൽ പോയി എന്നും ക്വബ്ർ സന്ദർശിച്ചു എന്നും അവർ പ്രചരിപ്പിച്ചു. അല്ലാഹുവാണെ സത്യം! ഇതെല്ലാം കളവും കെട്ടിച്ചമച്ച ആരോപണവുമാണ്.

അല്ലാഹുവിന്റെ അടുക്കൽ വാദങ്ങൾ ഒരുമിച്ച് കൂടുക തന്നെ ചെയ്യും. ഞങ്ങൾ പള്ളിയിൽ തൗഹീദിനെ കുറിച്ച് പ്രഭാഷണം നടത്തുവാനും ശിർക്കിനെ വിരോധിക്കുവാനുമാണ് പോയത്. ഈ ലക്ഷ്യം വെച്ചാണ് ഞങ്ങൾ പോയത്. ക്വബ്ർ ഉള്ള പള്ളിയിൽ നമസ്കാരം അനുവദനീയമല്ല; അനുവദനീയമേ അല്ല. അതിൽ നമസ്കരിക്കാതിരിക്കാൻ ഞങ്ങൾ അങ്ങേയറ്റം ശ്രദ്ധിച്ചിട്ടുണ്ട്. തൗഹീദിലും ശിർക്ക് വിലക്കുന്നതിലും ഒരു പ്രഭാഷണം നടത്താൻ ഞങ്ങൾ നന്നായി ആഗ്രഹിക്കുകയും ചെയ്തു. എന്നാൽ സാങ്കേതികമായ കാരണത്താൽ പ്രഭാഷണം ഞങ്ങൾ ഒഴിവാക്കുകയുണ്ടായി. അതിന് ശേഷം ഞങ്ങൾ പുറപ്പെടുകയും ചെയ്തു.

*ചോദ്യം: ഇസ്‌ലാമിക ചരിത്രത്തിൽ ഉറൂസുകളെ പോലെയുള്ള പ്രവർത്തനങ്ങൾ മുമ്പുണ്ടായിട്ടുണ്ടോ? പ്രത്യേകിച്ചും ഉത്തമനൂറ്റാണ്ടുകളിൽ?*

മറുപടി: നല്ലവരായ പൂർവികർ ഇത്തരം പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല. സ്വഹാബികളോ, താബിഉകളോ, താബിഉത്താബിഉകളോ ഒന്നും ഏതെങ്കിലും മയ്യിത്തിന്റെയോ, ക്വബ്റിന്റെയൊ അടുത്ത് ഉറൂസോ അത് പോലെയുള്ളതോ ആഘോഷിച്ചിട്ടില്ല. ഇവയെല്ലാം റസൂൽﷺ വിരോധിച്ചതായ കാര്യങ്ങളാണ്. പ്രവാചകൻമാരുടെ ക്വബ്റുകളെ ആരാധനാലയങ്ങളാക്കിയവരുടെ മേൽ അല്ലാഹുവിന്റെ കോപം കഠിനമായി എന്ന് നബിﷺ പറയുകയുമുണ്ടായിട്ടുണ്ട്. ഇവയെല്ലാം ബാത്വിലും അല്ലാഹുവിലുള്ള ശിർക്കായ കാര്യങ്ങളും അല്ലാഹു വിലക്കിയവയുമാണ്. ഉത്തമ നൂറ്റാണ്ടുകളിൽ ഇതിനെ സ്ഥിരപ്പെടുത്തുന്ന ഒന്നും വന്നിട്ടില്ല.

*ചോദ്യം: മദീനയിലെ പണ്ഡിതൻമാർ ഇവർ ചെയ്യുന്ന പോലെയുള്ള ഉറൂസുകളും മറ്റും അംഗീകരിക്കുന്നു എന്നും അനുവദിക്കുന്നു എന്നുമൊക്കെ ഇവിടെയുള്ള ക്വബ്റാരാധകർ പറയുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. താങ്കൾ മാലിക് ദീനാറിൽ പോയതിനെ ഇവർ തെളിവാക്കുകയും ചെയ്യുന്നു.*

മറുപടി: ആദ്യമായി പറയട്ടെ, ഞാൻ മദീനയിലെ പണ്ഡിതൻമാരിൽ പെട്ട ആളല്ല. ഞാൻ മദീനയിലെ ഒരു മതവിദ്യാർഥിയാണ്. രണ്ടാമതായി, ഞാൻ മസ്ജിദുന്നബവിയിലെ അധ്യാപകനല്ല. ഞാൻ മസ്ജിദുന്നബവിയിലെ ഫത്വ ബോർഡിൽ അംഗം മാത്രമാണ്. പിന്നെ ഞാൻ സാധുക്കളിൽ ഒരു സാധു മാത്രമാണ്, അൽപം ചില ആളുകളെയേ അറിയുകയുള്ളൂ. കേരളത്തിൽ പെട്ട ഒരു മാന്യവ്യക്തി എന്നോട് കേരളത്തിൽ വരാൻ ആവശ്യപ്പെട്ടതാണ്. ഈ മനുഷ്യനെ ഞാൻ ഇഷ്ടപ്പെടുകയും അദ്ദേഹം എന്നെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. അദ്ദേഹം മസ്ജിദുന്നബവിയിൽ വന്ന് എന്നെ സന്ദർശിച്ചു. അപ്പോൾ ഞാൻ അദ്ദേഹത്തിന്റെ താൽപര്യത്തിന് മറുപടി നൽകാൻ തീരുമാനിച്ച് ഇവിടെ വന്നു. അദ്ദേഹം തൗഹീദ് ഇഷ്ടപ്പെടുന്ന വ്യക്തിയാണ്. അദ്ദേഹം പറഞ്ഞു: 'നമ്മൾ ഈ പള്ളിയിൽ (മാലിക് ദീനാർ) തൗഹീദിനെ കുറിച്ചും ശിർക്കിനെ വിരോധിച്ചും ഒരു പ്രഭാഷണം നടത്താൻ ഉദ്ദേശിക്കുന്നു.' ഈ പള്ളിയിൽ മാലിക് ബിൻ ദീനാറിന്റെ ക്വബ്ർ ഉണ്ടെന്നും അദ്ദേഹമാണ് ഈ പള്ളി നിർമിച്ചതെന്നും കേരളക്കാർ വാദിക്കുന്നു എന്ന് അദ്ദേഹം എന്നെ അറിയിക്കുകയും ചെയ്തു. അപ്പോൾ ഞാൻ അതെ എന്ന് പറഞ്ഞു; നമുക്ക് തൗഹീദിനെ കുറിച്ചും ശിർക്കിനെതിരെയും ഒരു പ്രഭാഷണം നടത്താം. അങ്ങനെ ഞങ്ങൾ അതിനായി ആ സ്ഥലത്തേക്ക് പോയി. അതാണുണ്ടായത്.

മദീനയിലെ പണ്ഡിതർ ഉറൂസ് പോലെയുള്ള പ്രവർത്തനങ്ങളെ അംഗീകരിക്കുന്നില്ല, അനുവദനീയമാക്കുന്നുമില്ല. ഞങ്ങൾ അവിടെ വന്നത് തൗഹീദിനെ കുറിച്ച് പ്രഭാഷണം നടത്തുവാനും ശിർക്കിനെ വിരോധിക്കുവാനുമാണ്. ഞങ്ങൾ അതിനോട് യോജിപ്പുണ്ടായി വന്നതാണെന്ന് പറയുന്നത് ഏറ്റവും വലിയ അസത്യമാണ്. ഞങ്ങൾ ശിർക്കിനെ വിരോധിക്കുവാനാണ് വന്നത്, തൗഹീദ് കൽപിക്കുവാനാണ് വന്നത്. അവർ പറയുന്നത്, അവർ ഉള്ളതായ (വിശ്വാസ) കാര്യങ്ങളെ അംഗീകരിച്ച് കൊണ്ടാണ് ഞങ്ങൾ വന്നത് എന്നാണ്! അല്ലാഹുവാണ് സത്യം! ഇത് കളവാണ്. നിശ്ചയം റസൂൽﷺയുടെ മേലും പണ്ഡിതന്മാരുടെ മേലും, നബിമാരുടെ മേലും കളവ് പറയപ്പെട്ടിട്ടുണ്ട്, അവരുടെ വാക്കുകൾ കോട്ടിമാട്ടപ്പെടുകയും മാറ്റത്തിരുത്തലുകൾ വരുത്തപ്പെടുകയും ചെയ്തിട്ടുണ്ട്. ശിർക്കിന്റെയും ബിദ്അത്തിന്റെയും ആളുകൾ കളവ് പറയുന്നത് അപരിചിതമായ കാര്യമല്ല.

ഞാൻ വന്നത് തൗഹീദ് പറയുവാനും ശിർക്കിനെ വിലക്കുവാനും മാത്രമാണ്. പിന്നെ, ഞങ്ങൾ പള്ളി സന്ദർശിച്ചു. പഴയ പള്ളി കണ്ടു പുറത്തു വന്നു. അതിൽ ഞാൻ രണ്ട് റക്അത്ത് നമസ്കരിച്ചിട്ടില്ല. കാരണം അതിൽ ക്വബ്ർ ഉണ്ട്. അതിൽ നമസ്കാരം അനുവദനീയമല്ല. ഞാൻ പള്ളിയിൽ പ്രവേശിച്ച് പുറത്ത് വന്നു എന്ന് മാത്രം.

സത്യത്തിൽ അവിടെ ഉറൂസ് നടക്കുന്നു എന്ന് എനിക്ക് അറിയുമായിരുന്നില്ല. അവിടെ ഒരു ആഘോഷം നടക്കുന്നു എന്ന് എനിക്ക് അറിയില്ലായിരുന്നു. അതിനാൽ തന്നെ അതിൽ നിന്ന് രക്ഷപ്പെടുത്തിയ അല്ലാഹുവിന് സർവ്വസ്തുതിയും. ഞാൻ പ്രഭാഷണം നടത്തുവാൻ മാത്രമാണ് വന്നത്.

*ചോദ്യം: മാലിക് ദീനാറിലെ ഉറൂസ് പ്രവർത്തനങ്ങളെ താങ്കൾ അംഗീകരിച്ചു എന്ന് ക്വബ്റാരാധകർ പ്രചരിപ്പിക്കുന്നു. ഇത് ശരിയാണോ?*

മറുപടി: നാം അവരെ പ്രോത്സാഹിപ്പിച്ചിട്ടുമില്ല, അവരെ അംഗീകരിച്ചിട്ടുമില്ല. ഞങ്ങൾ പ്രഭാഷണത്തിനായി മാത്രം വന്നതായിരുന്നു. അവിടെ ഉറൂസോ മറ്റോ നടക്കുന്നതായി ഞങ്ങൾക്ക് അറിയുമായിരുന്നില്ല.

പിന്നെ ഞങ്ങൾ ഓഫീസിൽ ഒരുമിച്ച് കൂടി. ഇവർ സ്വൂഫികളായിരുന്നു എന്ന് എനിക്ക് അറിയുമായിരുന്നില്ല. അങ്ങനെ എന്നോട് സംസാരിക്കുവാൻ പറഞ്ഞു. അവർ ഇസ്‌ലാമിനും ദീനിനും സേവനം ചെയ്യുന്നവരാണെന്നും പറഞ്ഞു. ഞാൻ അവരോട് പറഞ്ഞു: അബൂബക്കർﷺ ദീനിന് സേവനം ചെയ്യുന്നവരായിരുന്നു. നിങ്ങളും ദീനിന് സേവനം ചെയ്യുന്നവരാണെങ്കിൽ-ഞാൻ ഉദ്ദേശിച്ചത് തൗഹീദും സുന്നത്തുമായിരുന്നു. അല്ലാതെ ശിർക്കും സ്വൂഫിയ്യത്തുമല്ല- അബൂബക്കർﷺ സേവനം ചെയ്തത് പോലെചെയ്യണം എന്നാണ് ഞാൻ പറഞ്ഞത്. അബൂബക്കർﷺസുന്നത്തിനെ സേവിക്കുകയും തൗഹീദിനെ സഹായിക്കുകയും ചെയ്യുമായിരുന്നു; റസൂൽﷺയെ സഹായിക്കുമായിരുന്നു. എന്നാൽ ഇവർ ചെയ്യുന്നതായ പ്രവർത്തനങ്ങൾ ശിർക്കിനെയും ബിദ്അത്തിനെയും തോന്നിവാസങ്ങളെയും സഹായിക്കുന്നതാണെന്നതിൽ സംശയമില്ല. അല്ലാഹുവിൽ അഭയം

*ചോദ്യം: കേരളത്തിലും അതിന് പുറത്തും ഉറൂസുകൾ പോലെയുള്ള ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നവർക്ക് നൽകാനുള്ള താങ്കളുടെ ഉപദേശമെന്താണ്?*

മറുപടി: ഈ ഉറൂസ് ആഘോഷിക്കുന്നവനോട് ഞാൻ പറയുന്നത്; നീ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും നിന്റെ നബിﷺയെ പിന്തുടരണം എന്നുമാണ്. നീ അറിയണം, ഈ ക്വബ്റുകൾ അല്ലാഹുവിന്റെ അടുക്കൽ നിനക്ക് ഒന്നിനും മതിയായതല്ല. അവ ഉപകാരമോ ഉപദ്രവമോ ചെയ്യില്ല. ഉപകാരവും ഉപദ്രവമെല്ലാം അല്ലാഹു മുഖേനയാണ് ഉണ്ടാവുക. അവനാണ് ഉപകാരം ചെയ്യുന്നവനും ഉപദ്രവങ്ങളുണ്ടാക്കുന്നതും. പിന്നെ എന്തിനാണ് നീ മനുഷ്യരിലേക്ക് തിരിയുന്നത്, പിന്നെ എന്തിനാണ് നീ മയ്യിത്തിലേക്ക് തിരിയുന്നത്? എന്നെന്നും ജീവിച്ചിരിക്കുന്നവനായ അല്ലാഹു പറയുന്നത് 'ആരുണ്ട് എന്നോട് പ്രാർഥിക്കുവാൻ, ഞാൻ അവന് ഉത്തരം നൽകാം' എന്നാണ്. നീ എന്തിനാണ് ക്വബ്റാളിയുടെ അടുക്കലേക്ക് പോകുന്നത്? മരിച്ച ഒരാളിലേക്കാണോ നീ പോകുന്നത്? ഉപകാരത്തിനും ഉപദ്രവം തടയുന്നതിനും അവനോടാണോ തേടുന്നത്? അല്ലാഹുവിന്റെ ഖജനാവുകൾ നിറഞ്ഞ് കവിഞ്ഞവയാണ്, അവന്റെ വാതിൽ എപ്പോഴും തുറന്നിരിക്കുന്നതാണ്, ആത്മാർഥമായി പ്രാർഥിക്കുന്നവന് അവൻ ഉത്തരം നൽകും.

അവർ ആരാധന അല്ലാഹുവിന് ആത്മാർഥമാക്കാൻ ഞാൻ അവരെ ഉപദേശിക്കുന്നു. അവർ അല്ലാഹുവിനെ മാത്രം വിളിച്ച് പ്രാർഥിക്കണമെന്നും ഉപദേശിക്കുന്നു. ക്വബ്റാളിയെയോ, അല്ലാഹുവോടൊപ്പം മറ്റാരെയെങ്കിലുമോ അവർ വിളിച്ച് പ്രാർഥിക്കരുത്. അവർ അല്ലാഹുവിൽ മാത്രം അഭയം തേടുന്നവരായിരിക്കണം. പ്രാർഥനയും ആരാധനയും ഗുണം തേടലും ദോഷം നീക്കം ചെയ്യാൻ തേടലും അല്ലാഹുവിനോട് മാത്രമാവണം. എല്ലാവരെയും ഹിദായത്തിലാക്കുവാൻ അല്ലാഹുവിനോട് ഞാൻ തേടുന്നു.

*ചോദ്യം: താങ്കളെ കുറിച്ച് കളവുകൾ പ്രചരിപ്പിക്കുന്നവർക്കുള്ള താങ്കളുടെ ഉപദേശമെന്താണ്? താങ്കൾ അവിടെ പോയത് മൊബൈലിൽ പകർത്തി നെറ്റിലും മറ്റും വ്യാപകമായി അവർ അത് പ്രചരിപ്പിക്കുന്നു. അവർ രണ്ട് വിഭാഗമുണ്ട്: ഒന്ന്, യാഥാർഥ്യം അറിഞ്ഞ് ചെയ്യുന്നവർ. രണ്ട്, എന്താണ് യാഥാർഥ്യം എന്ന് അറിയാതെ ചെയ്യുന്നവർ.*

മറുപടി: ആദ്യമായി, ഇങ്ങനെ പ്രചരിപ്പിക്കുന്നവർ രണ്ട് തിൻമകൾ ചെയ്യുന്നു എന്ന് ഞാൻ പറയുന്നു. ഒന്ന്: അവർ ശിർക്കിലേക്ക് ക്ഷണിക്കുന്ന ഒന്നാണ് പ്രചരിപ്പിക്കുന്നത്. ഇത് അനുവദനീയമല്ല. അല്ലാഹു പറഞ്ഞത്: 'നിങ്ങൾ പുണ്യത്തിലും തക്‌വയിലും പരസ്പരം സഹകരിക്കണം, നിങ്ങൾ പാപത്തിലും ശത്രുതയിലും പരസ്പരം സഹകരിക്കരുത്' എന്നാണ്.

മാർഗങ്ങൾക്ക് ലക്ഷ്യത്തിന്റെ വിധിയായിരിക്കും. ആരെങ്കിലും ശിർക്ക് പ്രചരിപ്പിച്ചാൽ അവൻ ശിർക്ക് പ്രവർത്തിച്ചു. അവൻ പ്രചരിപ്പിക്കുന്നത് ശിർക്ക് സത്യമാണ് എന്നാണ്. ഇത് അസത്യവും അവന് പാപമാകുന്നതുമാണ്. അല്ലാഹുവിൽ അഭയം.

എന്റെ മേലുള്ള കളവും കെട്ടിച്ചമക്കലുമാണ് രണ്ടാമത്തെ തിന്മ. ഞാൻ അത് ചെയ്തു എന്നും ക്വബ്ർ സന്ദർശിച്ചു എന്നും ശിർക്കിലും ബാത്വിലിലും കഴിയുന്ന സ്വൂഫിയ്യത്തിനെ ഞാൻ ബലപ്പെടുത്തി എന്നുമുള്ള പ്രചാരണങ്ങൾ വലിയ തിന്മയാണ്. ഇത് വ്യക്തമായ ദുരാരോപണവും അക്രമവും കളവും അന്ത്യദിനത്തിൽ വിചാരണ ചെയ്യപ്പെടുന്നതുമാണ്. എന്റെ മേലുള്ള ആരോപണം, അത് പോലെ മദീന പണ്ഡിതൻമാരുടെ മേലുള്ള ആരോപണം, ഇസ്‌ലാമിന്റെ പണ്ഡിതൻമാരുടെ മേലുള്ള ആരോപണം... ഇവർ പറയാത്തതും ചെയ്യാത്തതും ഇവരിലേക്ക് ചേർത്തിപ്പറയൽ വലിയ അപരാധം തന്നെയാണ്. (ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ). ●





ടി.കെ.അശ്റഫ്
thorakkattilashraf@gmail.com

# രോഗിയെയല്ല, രോഗാണുക്കളെയാണ് നശിപ്പിക്കേണ്ടത്

ഗൗരി ലങ്കേഷ് അടക്കം പ്രമുഖരായ പല സാമൂഹ്യ പ്രവർത്തകരും കൊല്ലപ്പെട്ട സാഹചര്യത്തിൽ കർണാടകയിലെ പുരോഗമന ചിന്തകരായ പതിനെട്ട് പ്രമുഖർക്ക് ഇന്റലിജൻസിന്റെ നിർദേശാനുസരണം സുരക്ഷ ഏർപെടുത്തുവാൻ സർക്കാർ തീരുമാനിച്ചത് നല്ലകാര്യം തന്നെ. ഫാഷിസത്തിനെതിരിൽ നിലപാടെടുക്കുന്നവർക്ക് ജീവന് ഭീഷണിയുണ്ടാകുമ്പോൾ സുരക്ഷയൊരുക്കൽ സർക്കാറിന്റെ ബാധ്യത തന്നെയാണ്. മൊത്തം ജനങ്ങളുടെയും സുരക്ഷയിൽ ജാഗ്രത പാലിക്കേണ്ട ഉത്തരവാദിത്തം സർക്കാരിന് തന്നെയാണല്ലോ.

എന്നാൽ ഇതിന്റെ മറുവശം കൂടി നാം കാണേണ്ടതുണ്ട്. സുരക്ഷ സ്വീകരിക്കുന്നവരുടെ സുരക്ഷിതത്വബോധം അന്ന് മുതൽ നഷ്ടപ്പെടുകയല്ലേ യഥാർഥത്തിൽ സംഭവിക്കുന്നത്? അവരുടെ മാത്രമല്ല, കുടുംബത്തിന്റെയും സ്വസ്ഥത നശിക്കുന്നു.

കൂടാതെ സമാനമേഖലകളിൽ ഇടപെടുന്ന ആയിരങ്ങളുടെ നാവിനെയും തൂലികയെയുമാണ് ഫാഷിസ്റ്റുകൾ താഴിട്ട് പൂട്ടിയിരിക്കുന്നത്. എതിർ ശബ്ദങ്ങളുടെ നാവരിയുന്നതോടെ വർഗീയ ധ്രുവീകരണത്തിന് വേഗതയേറും.

അക്രമിക്കപ്പെടുമെന്ന് ഭയപ്പെടുന്നവർക്ക് കാവൽ ഏർപെടുത്തുന്നതിലേറെ നല്ലത് നാടിന്റെ നാശത്തിന് ഇറങ്ങിത്തിരിച്ചവർക്ക് കടിഞ്ഞാണിടുകയല്ലേ? അതല്ലേ യഥാർഥ പരിഹാര മാർഗം? ഒരു ഗ്രാമത്തിൽ കള്ളൻ ഇറങ്ങിയെന്ന് കേട്ടാൽ കള്ളനെ പിടിക്കുകയാണോ അതോ അതിന് ശ്രമിക്കാതെ ഗ്രാമത്തിലെ വീടുകൾക്ക് മുഴുവൻ കാവൽ ഏർപെടുത്തലാണോ ഉചിതമായ മാർഗം?

കക്ഷിരാഷ്ട്രീയത്തിന്റെയും വർഗീയതയുടെയും പേരിലുള്ള കൊലപാതകങ്ങൾ, അക്രമങ്ങൾ, വ്യാജ ഏറ്റുമുട്ടൽ കൊലകൾ, പിടിച്ചുപറി, കൊള്ള, മോഷണം... അന്യന്റെ ജീവനും സമ്പത്തിനും വില കൽപിക്കാത്ത പ്രവർത്തനങ്ങൾ! ഇതെല്ലാം നാട്ടിൽ പെരുകിക്കൊണ്ടിരിക്കുകയാണ്. തെറ്റുകൾക്കെതിരെ നിയമങ്ങൾ യഥേഷ്ടമുണ്ടെങ്കിലും നിയമലംഘനങ്ങൾ മുറയ്ക്ക് നടക്കുന്നു. കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ സൈ്വരവിഹാരം നടത്തിക്കൊണ്ടിരിക്കുന്ന കാലമത്രയും കുറ്റകൃത്യങ്ങൾ കുറയുമെന്ന് ആശിക്കേണ്ടതില്ല. അനീതിക്കും അക്രമത്തിനും അഴിമതിക്കും കൂട്ടുനിൽക്കുന്നതിൽനിന്ന് ഉത്തരവാദപ്പെട്ടവർ പിൻമാറിയാലേ ജനങ്ങളിൽ സുരക്ഷിത ബോധം വളരുകയുള്ളൂ.

അന്യായമാണ് ഒരാൾ ചെയ്തതെങ്കിലും അയാൾ തൻെറ സമുദായക്കാരനോ, തൻെറ സ്വന്തക്കാരനോ ആണെന്നതിനാൽ അയാളെ പിന്തുണക്കുകയും സഹായിക്കുകയും ചെയ്യുന്നത് കടുത്ത അക്രമമാണ് എന്ന് പഠിപ്പിക്കുന്ന മതമാണ് ഇസ്‌ലാം. അതിനെയാണ് ഇസ്‌ലാം വർഗീയത എന്ന് വിശേഷിപ്പിച്ചത്. അത് വൻ വിപത്തുകൾക്ക് വഴിവെക്കും. നാട്ടിൽ അരാജത്വമുണ്ടാക്കും. ഭീതി പരത്തും. നിർഭയത്വം നഷ്ടപ്പെടുത്തും.

ഒരു മതവിശ്വാസി തന്റെ വിശ്വാസവും തന്റെ മതവുമാണ് ശരി എന്ന് വിശ്വസിക്കുന്നത് വർഗീയതയാണോ? അവൻ തന്റെ മതനിർദേശമനുസരിച്ച് ജീവിക്കുന്നത് വർഗീയതയാണോ? മതം നിഷ്‌കർഷിക്കുന്ന കർമാനുഷ്ഠാനങ്ങളിൽ നിഷ്‌കൃഷ്ടത പുലർത്തുന്നത് വർഗീയതയാണോ? ഒരിക്കലുമല്ല! അങ്ങനെയുള്ള ഒരാളെക്കൊണ്ട് ആർക്കും ഒരു പ്രയാസവും ഉണ്ടാവുകയില്ല.

യഥാർഥത്തിൽ അങ്ങനെയുള്ളവരെയാണ് ലോകത്തിന് ആവശ്യം. കാരണം അവർ നന്മയുടെ കാവൽക്കാരായിരിക്കും. അക്രമത്തിന് അവരുടെ ജീവിത നിഘണ്ടുവിൽ സ്ഥാനമുണ്ടാകില്ല. അവരെ ഭയന്ന് ആരും ആർക്കും കാവൽ ഏർപെടുത്തേണ്ടി വരികയുമില്ല.




സച്ചരിത സമൂഹം; ആദർശവും പ്രയോഗവും

# ISM ഹദീഥ് സെമിനാർ

WISDOM GLOBAL ISLAMIC MISSION

ISM KERALA

ഒക്ടോബർ–ഡിസംബർ

(ജില്ലാ കേന്ദ്രങ്ങളിൽ)

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on Nov 18 2017

Reg NO: KL/CT/225/2016-18
Price: ₹10/-

WISDOM
GLOBAL ISLAMIC MISSION

# മലയാളിയുടെ നേർവായനക്ക് ഒരു വയസ്സ്...

പ്രമാണങ്ങൾക്കൊപ്പം
ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജ്ജവം
വേറിട്ട വായനാനുഭവം



വാർഷിക വരിസംഖ്യ
₹540
പ്രചാരണ മാസത്തിൽ
₹500

# നേർപഥം

നേരിന്റെ വരമൊഴി — വാരിക

വരി ചേരുക, വായിക്കുക...

## പ്രചാരണ മാസം
## 2017 നവം: 10 - ഡിസം: 10

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com